KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 14175

Author: മണാലി

Title: നിത്യപുരോഹിതൻ.

865

14175

# നിത്യപുരോഹിതൻ

മണലി

NATIONAL BOOK STALL SPCS LTD.

Printed at the St. Joseph's Press,
MANNANAM
1948

Imprimatur

† James Kalacherry

Bp. Changanacherry

*Changanacherry*

2 – 1 – 1948

200

# പ്രസ്താവന

പുരോഹിത പദപ്രാപ്തിക്കായുള്ള തയ്യാറെടുക്കലാണല്ലോ സെമിനാരി ജീവിതത്തിന്റെ ഉദ്ദേശ്യം. തന്മൂലം പൗരോഹിത്യ മാഹാത്മ്യത്തെയോ കർത്തവ്യങ്ങളെയോ ഒക്കെപ്പററി ഇടയ്ക്കിടയ്ക്കു ചിന്തിക്കുകയെന്നതു് — ധ്യാനിക്കുകയെന്നതു് — സെമിനാരി വിദ്യാർത്ഥികളുടെ കടമയായിരിക്കുന്നതു് — പ്രത്യേകിച്ചു്, സെമിനാരി ജീവിതത്തിലേ അവസാന കൊല്ലത്തിൽ. ഈ കർത്തവ്യ നിർവ്വഹണത്തിനിടയ്ക്കു് അന്നന്നു കുത്തിക്കുറിച്ച ചില ഭാഗങ്ങളാണ് 'നിത്യ പുരോഹിതനാ'യി ഇപ്പോൾ രൂപമെടുക്കുന്നതു്.

ഫാദർ വില്യം ഡോയിൽ എസ്. ജെ. അവർകളുടെ സുപ്രസിദ്ധ കൃതിയായ 'Shall I be a priest' എന്ന ലഘു ഗ്രന്ഥമാണ് പ്രധാനമായി ഈ വിനീതകൃതിക്ക് ആധാരമായിത്തീർന്നിട്ടുള്ളതു് എന്നു തുറന്നു സമ്മതിച്ചു കൊള്ളട്ടെ. ആശയ പൂർണ്ണതയ്ക്കുവേണ്ടി മററു ചില ഭാഗങ്ങളും അങ്ങിങ്ങായി കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഈ ശ്രമം എന്തുമാത്രം വിജയപ്രദമായിത്തീർന്നിട്ടുണ്ടെന്നു വായനക്കാർ വിധിച്ചു കൊള്ളട്ടെ.

രണ്ടു വാക്കു കൂടി. ഇതിന്റെ പ്രസിദ്ധീകരണത്തിന് ഏതെങ്കിലും വിധത്തിൽ എന്നെ സഹായിച്ചിട്ടുള്ള ഓരോരുത്തർക്കും എന്റെ ഹൃദയംഗമമായ കൂപ്പുകൈ.

രചയിതാവ്.

# ആമുഖം

## "ശിശുക്കളുടെ അധരങ്ങളിൽ നിന്നു്!"

ഇന്നെന്ന പോലെ ഞാൻ ഓർക്കുന്നു, അവിസ്മരണീയങ്ങളായ ആ സംഭവങ്ങൾ. അന്ന് എനിക്ക് മൂന്നോ നാലോ വയസ്സേ പ്രായമുള്ളു. ഞങ്ങളുടെ വീട്ടിൽ ഏതോ ആവശ്യത്തിനു വന്നുചേർന്ന ബ. വികാരിയച്ചൻ കാപ്പികുടിക്കാനൊരുങ്ങിയപ്പോൾ എന്നെയും വിളിച്ചു. കുറേശ്ശേ ഭയത്തോടേയാണെങ്കിലും, ഞാൻ അദ്ദേഹത്തിൻെറ കൂടെ ചെന്നിരുന്നു. "അവൻ അതു വല്ലതും മറിച്ചിട്ട് അച്ചൻെറ ളോവ അഴുക്കാക്കും" എന്നും പറഞ്ഞുകൊണ്ട് എൻെറ പിതാവു ഞങ്ങളുടെ അടുത്തു വന്നുനിന്നു. ഒരു വൈദികൻെറ സമീപം ഇരിക്കുന്ന തൻെറ കുഞ്ഞുമകനെ സാഭിമാനം നോക്കിക്കൊണ്ട് എൻെറ അമ്മ കുറച്ചകലെ നിൽക്കുന്നുണ്ടായിരുന്നു. ഇടയ്ക്കു് ബ. വികാരിയച്ചൻ എന്നോടു ചോദിച്ചു: "ജോസേ, നീ അച്ചനാകുന്നോ?" ഞാൻ അത്ഭുതത്താൽ കണ്ണുമിഴിച്ചിരുന്നുപോയി. "ഞാൻ അച്ചനാകയോ?" ഞാൻ വിചാരിച്ചു. "വെളുവെളെ മിനുങ്ങുന്ന നീളമുള്ള കുപ്പായം ഇടാൻ, തൊപ്പിയും ചെരിപ്പും ധരിക്കാൻ, എനിക്കു സാധിക്കുമെന്നോ!" എനിക്കതു വിശ്വസിക്കാൻതന്നെ കഴിഞ്ഞില്ല. അമ്മച്ചിയുടേയും അപ്പച്ചൻേറയും മുഖത്തോട്ടു ഞാൻ മാറിമാറി നോക്കി; ഇടയ്ക്കിടയ്ക്കു് ബ. വികാരിയച്ചൻേറയും. "ഇഷ്ടമില്ല, അല്ലേ?" അച്ചൻ വീണ്ടും ചോദിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. x x x x

അന്നു പതിവുപോലെ സന്ധ്യയായപ്പോൾ പ്രാർത്ഥിക്കുന്നതിനു ഞാൻ അമ്മയുടെ സമീപത്തു ചെന്നിരുന്നു. "അമ്മച്ചീ, ഞാൻ അച്ചനാകുന്നോയെന്ന് ഇന്നു വികാരിയച്ചൻ ചോദിച്ചില്ലേ? അതു നടക്കുമോ അമ്മേ?"

ഞാൻ ചോദിച്ചു. "ദൈവേഷ്ടമുണ്ടെങ്കിൽ" അമ്മച്ചി പറഞ്ഞു.

"അയ്യോ അമ്മച്ചീ, അച്ചന്മാരു മനുഷ്യരാണോ, നമ്മൾക്കൊക്കെ അച്ചന്മാരാകാൻ സാധിക്കാൻ" ഞാൻ സംശയം പ്രകടിപ്പിച്ചു.

"അവർ ദൈവത്തിൻെറ സ്ഥാനക്കാരാണെന്നല്ലേ, ഇന്നാള് അമ്മച്ചി പറഞ്ഞത്."

"അതേ" അമ്മ പറഞ്ഞു, "പക്ഷേ, മനുഷ്യരെയാണ തൻെറ സ്ഥാനക്കാരായി ദൈവം നിശ്ചയിച്ചിരിക്കുന്നത്."

"അപ്പോൾ, മനുഷ്യർക്ക് ദൈവത്തിൻെറ സ്ഥാനക്കാരാകാം, അല്ലേ?" ഞാൻ വീണ്ടും ചോദിച്ചു. "അതേ" അമ്മ മറുപടി പറഞ്ഞു.

"എന്നിട്ട് അമ്മച്ചിയും അപ്പച്ചനുമൊക്കെ എന്താണ അച്ചന്മാരാകാഞ്ഞത്" എന്നായി ഞാൻ.

"അതല്ലായിരുന്നു ദൈവേഷ്ടം" മന്ദഹസിച്ചുകൊണ്ട് അമ്മ പറഞ്ഞു.

"ഞാൻ അച്ചനാകണമെന്നാണോ ദൈവേഷ്ടം?" എൻെറ ജിജ്ഞാസ വദ്ധിച്ചു.

"അത് എനിക്കെങ്ങനെ അറിയാം?" അമ്മ പറഞ്ഞു, "കുഞ്ഞു പ്രാത്ഥിക്കുക, ഉണ്ണിയീശോയോട്, കുഞ്ഞിനെ ഒരു അച്ചനാക്കണമെന്ന്; നല്ല കുഞ്ഞായി ജീവിക്കുകയും ചെയ്യുക."

"അങ്ങനെതന്നെ; ഉണ്ണിയീശോയെ കൈക്കൊള്ളുമ്പോൾ, ഇക്കാര്യത്തിനായി ഞാൻ പ്രാത്ഥിക്കും; അന്നു ഞാൻ അപേക്ഷിക്കുന്നതൊക്കെ അവിടുന്ന് സാധിച്ചു തരുമെന്നാണല്ലോ ഇന്നാള് അമ്മച്ചി പറഞ്ഞത്."

"അന്നുവരെ കാത്തിരിക്കേണ്ടാ; ഇന്നുതന്നെ പ്രാത്ഥന തുടങ്ങുക" അമ്മ പറഞ്ഞു, "പ്രത്യേകിച്ചു പള്ളിയിൽ പോകുമ്പോൾ. ഉണ്ണിയീശോ പള്ളിയിൽ ഇരിക്കുന്ന സ്ഥലം ഞാൻ നിന്നെ കാണിച്ചില്ലേ?"

"ഉവ്വ്, അൾത്താരയുടെ അവിടെയുള്ള ആ കൊച്ചു കൂട്ടിനകത്ത്, അല്ലേ അമ്മച്ചീ."

"അതേ, സക്രാരിക്കകത്ത്; പള്ളിയിൽ ചെല്ലുമ്പോഴൊക്കെ, അവിടെ എഴുന്നള്ളിയിരിക്കുന്ന ഈശോയോടു പ്രാർത്ഥിക്കണം . . . അല്ല നേരം ഇരുട്ടിയല്ലോ. കുരിശു വരയ്ക്കൂ:" ശുദ്ധമാനസ്ലീവായുടെ . . .

പിറേറ ഞായറാഴ്ച വേദപാഠത്തിനായി ചേച്ചിയുടെകൂടെ ഞാനും പള്ളിയിൽ പോയി. ചേച്ചി മററു കൂട്ടുകാരുടെ കൂടെ നിന്നു കളിക്കുകയായിരുന്നു. ആരുമറിയാതെ ഞാൻ പള്ളിയ്ക്കകത്തു കയറി നേരേ സക്രാരിയുടെ അടുക്കലേയ്ക്കു ചെന്നു. അവിടെ മുട്ടുകുത്തി നിന്നുകൊണ്ടു് ഉറക്കെ ഞാൻ വിളിച്ചു. "ഉണ്ണിയീശോ, അമ്മച്ചി പറഞ്ഞു, അങ്ങ് ഇവിടെ ഉണ്ടെന്നു്; അതു ശരിയാണോ? എനിക്ക് ഒരച്ചനാകണം; അമ്മച്ചി പറഞ്ഞു, അങ്ങയോടു പ്രാർത്ഥിച്ചാൽ എന്നെ അച്ചനാക്കുമെന്നു്. എനിക്കും ഒരച്ചനാകണം — അങ്ങയെ എൻെറ കൈകളിൽ എടുക്കാനും അങ്ങയുടെ ഓമനമുഖത്ത് ഉമ്മ മുത്താനും ആഗ്രഹമുണ്ടു്. . . എന്താ ഒന്നും മിണ്ടാത്തതു്? ഓ ഉണ്ണിയീശോ ഉറങ്ങുകയായിരിക്കും, ഞാൻ ഇപ്പോൾ ഉണർത്തിയേക്കാം." അൾത്താരയോടു കുറച്ചുകൂടി അടുത്തു. എൻെറ കൈ സക്രാരി വരെ എത്തുകയില്ലാതിരുന്നതിനാൽ ഒരു കസേര എടുത്തു്, അൾത്താരപ്പടവിക്കു സമീപമിട്ടു അതിൽ കയറി നിന്നുകൊണ്ടു സക്രാരിയിൽ മുട്ടുവാൻ തുടങ്ങി.

"ടിക്" "ടിക്" "ടിക്" — — —

"ആരെടാ അതു്"പുറകിൽ നിന്നൊരു ശബ്ദം. ഞാൻ ഞെട്ടിപ്പോയി. തിരിഞ്ഞു നോക്കിയപ്പോൾ കോപത്താൽ വിറച്ചുകൊണ്ടു് നിൽക്കുന്ന കപ്യാരെയാണു ഞാൻ കണ്ടതു്. "എന്തു ചെയ്യുന്നെടാ അവിടെ" അയാൾ ചോദിച്ചു, "നിന്നെ ഞാൻ . . ." അയാൾ എന്നെ പിടിച്ചു താഴെയിറക്കി. "അച്ചനെക്കൊണ്ടു നിനക്കു രണ്ടു തരീച്ചില്ലെങ്കിൽ. . ." എന്നെ വലിച്ചിഴച്ചുകൊണ്ടു് വികാരിയച്ചൻെറ മുറിയിലേക്ക് അയാൾ നടന്നു.

"എന്തെടോ ഇതു്?" ഞങ്ങളെ കണ്ടയുടൻ വികാരിയച്ചൻ ചോദിച്ചു. "ആ കുട്ടിയെ . . .

"ഇവൻ അൾത്താരയിൽ കയറിയിരുന്നു സക്രാരിതുറക്കാൻ ഒരുങ്ങുന്നു ഞാൻ ചെന്നപ്പോൾ" കപ്യാർ പറഞ്ഞു.

"അതു ശരിയാണോ, ജോസേ" അച്ചൻ ചോദിച്ചു.

"അതു തുറക്കാനൊരുങ്ങുകയല്ലായിരുന്നു" ഞാൻ പറഞ്ഞു.

"പിന്നെ?" . . . കപ്യാർ ചോദിച്ചു. "പിന്നെ?" അച്ചനും ചോദിച്ചു.

"ഉണ്ണിയീശോയെ ഉണത്താൻ ശ്രമിക്കുകയായിരുന്നു" മടിച്ചുകൊണ്ടാണെങ്കിലും ഞാൻ പറഞ്ഞു.

"എന്തു്?" അച്ചൻ ജിജ്ഞാസാഭരിതനായി. കപ്യാരുടെ കോപം തെല്ലൊന്നു ശമിച്ചു.

"അമ്മച്ചി പറഞ്ഞു, ഉണ്ണിയീശോ സക്രാരിയിലുണ്ടെന്നു്; ഞാൻ വിളിച്ചു നോക്കി; ഉണ്ണിയീശോ മിണ്ടിയില്ല. ഉറങ്ങുകയായിരിക്കുമെന്നു വിചാരിച്ച് ഉണത്താനൊരുങ്ങുകയായിരുന്നു". എന്റെ ഹൃദയത്തിൽ നിന്നു വലിയ ഒരു ഭാരം ഒഴിഞ്ഞതുപോലെ എനിക്കു തോന്നി.

"എന്തിനാണുണത്താനൊരുങ്ങിയതു്?" അച്ചൻ വീണ്ടും ചോദിച്ചു. കാര്യമെല്ലാം വിവരിച്ച് ഞാൻ അച്ചനെ ഗ്രഹിപ്പിച്ചു.

അച്ചൻ പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു "ജോസേ, താഴെ നിന്നുകൊണ്ടു പ്രാർത്ഥിച്ചാലും ഈശോ കേൾക്കും. ഈശോ വിളി കേൾക്കുന്നില്ലെങ്കിലും, നിന്റെ പ്രാർത്ഥന കേൾക്കുന്നുണ്ടു്. വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുക; അവിടുന്നു നിന്റെ അപേക്ഷ സാധിച്ചുതരാതിരിക്കുകയില്ല. അവിടുന്നു നിന്നെ ഒരച്ചനാക്കിത്തീർക്കും. . . ."അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നു് ഒന്നുരണ്ടു മുത്തുമണികൾ നിലം പതിച്ചോ? ഈ സമയംകൊണ്ടു ചേച്ചിയും കൂട്ടുകാരും വിവരമറിഞ്ഞു് അങ്ങോട്ടു് ഓടി വന്നു. അവരുടെകൂടെ എന്നെ ബ. വികാരിയച്ചൻ പറഞ്ഞയയ്ക്കുകയും ചെയ്തു.

# നിത്യപുരോഹിതൻ

## പ്രാരംഭം

### സ്നേഹ പാരമ്യം

"ദൈവം സ്നേഹമാകുന്നു"—പരിശുദ്ധാത്മാവിനാൽ നിവേശിതനായ വി. യോഹന്നാൻ ദൈവത്തെ നിർവ്വചിക്കുന്നതിങ്ങനെയാണ്. സർവ്വഗുണസമ്പൂർണ്ണനായ ദൈവത്തെ "സ്നേഹ"മായി മാത്രം പ്രകടിപ്പിക്കുവാനുള്ള കാരണമെന്തായിരിക്കാം? രക്ഷാനാഥൻെറ തിരു വക്ഷസ്സിൽ ചാരിക്കിടന്ന്, അവിടുത്തെ ദിവ്യ ഹൃദയത്തിൽ ആളിക്കത്തിക്കൊണ്ടിരിക്കുന്ന സ്നേഹാനലൻെറ തീവ്രത അദ്ദേഹം അനുഭവിച്ചറിഞ്ഞതിനാലായിരിക്കാം; അഥവാ, അപരിമിതനായ ദൈവത്തെ, പരിമിതമായ മനുഷ്യ ബുദ്ധിക്ക് കഴിയുന്നതും സുജ്ഞാതനാക്കണമെന്നുള്ള ഉദ്ദേശ്യമായിരിക്കാം, മനുഷ്യബുദ്ധിക്ക് ഏററം നന്നായി മനസ്സിലാകുന്ന, മനുഷ്യഹൃദയത്തെ ഏററംശക്തിയായി ആകർഷിച്ചടിപ്പെടുത്തുന്ന, 'സ്നേഹ'മായി ദൈവത്തെ പ്രദർശിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

അനന്ത നന്മയായ ദൈവത്തിൻെറ ഓരോ പ്രവൃത്തിയേയും പരിശോധിക്കുക — മനുഷ്യരുടെ നേരേ അവിടുന്നു ചെയ്തിട്ടുള്ള ഓരോന്നിനേയുംപററി ചിന്തിക്കുക. അപ്പോൾ കാണാം "ദൈവം സ്നേഹമാകുന്നു" എന്ന നിർവ്വചനം എത്ര അർത്ഥസമ്പുഷ്ടമാണെന്ന്; എത്ര അന്വർത്ഥമാണെന്ന്. അവിടുത്തെ ഓരോ പ്രവൃത്തിയും — മനുഷ്യവർഗ്ഗത്തിൻെറ നേരേ അവിടുത്തേക്കുള്ള സ്നേഹപ്രകാശത്തിൻെറ പ്രത്യക്ഷ ലക്ഷ്യമാണ്; മാനവരാശിയോടു അവിടുത്തേക്കുള്ള സ്നേഹപാരവശ്യത്തിൻെറ സജീവരേ

ഖയാണ്. അവിടുത്തേ ദിവ്യ ഹൃദയത്തിൽ അല തല്ലി ക്കൊണ്ടിരുന്ന സ്നേഹവികാരങ്ങളുടെ ഒരു കരകവിയൽ— അവിടുത്തേ തിരുഹൃദയത്തിൽ ആളിക്കത്തിക്കൊണ്ടിരുന്ന സ്നേഹാഗ്നിയുടെ ഒരു ബഹിഃസ്ഫുരണം — ഇതാണ് അവിടുത്തേ ഓരോ പ്രവൃത്തിയും. X X X

ലോകസൃഷ്ടി. ഇല്ലായ്മയിൽനിന്ന്, പരിപൂർണ്ണ മായ ശൂന്യതയിൽ നിന്ന്, ബ്രഹ്മാണ്ഡമായ ഈ പ്രപ ഞ്ചത്തേയും അതിലുൾപ്പെടുന്ന സമസ്ത വസ്തുക്കളേയും അവിടുന്നു സൃഷ്ടിച്ചതെന്തിന്? അവിടുത്തേ സർവ്വശക്ത തയ്ക്ക് മകുടോദാഹരണമായ സൂര്യചന്ദ്രാദി മഹാഗോള ങ്ങളും, സ്വകര കൗശലത്തിനു പ്രത്യക്ഷ ലക്ഷ്യമായ വി വിധ സൃഷ്ടിജാലങ്ങളും അവിടുന്നു നിർമ്മിച്ചതെന്തിന്? അന്തരീക്ഷത്തിൽ പാറിപ്പറക്കുന്ന പൈങ്കിളിക്കൂട്ടത്തേയും ഭൂതലത്തിൽ ഓടിക്കളിക്കുന്ന മൃഗശിശുക്കളേയും സമുദ്രമ ദ്ധ്യത്തിൽ പാഞ്ഞുനടക്കുന്ന മത്സ്യനിരയേയുമെല്ലാം അ വിടുന്നു നിർമ്മിച്ചതെന്തിന്? ആരാമങ്ങളിൽ വിരിഞ്ഞു വിലസുന്ന സുരഭിലകുസുമങ്ങളും കുളിർതെന്നലിൽ ചാ ഞ്ചാടിയുലയുന്ന ചെറുതരുക്കളുമെല്ലാം — അന്തരീക്ഷത്തി ൻെറ അപാരതയിൽ തലയുയർത്തി നിലകൊള്ളുന്ന ഗി രി ശൃംഗങ്ങളും ഘോരാരവം മുഴക്കിക്കൊണ്ട് ഇരമ്പി മ റിയുന്ന മഹാസമുദ്രങ്ങളും മുമ്പിൽക്കാണുന്ന സകലതിനേ യും തല്ലിത്തകർത്തുകൊണ്ട് പാഞ്ഞൊഴുകുന്ന കാട്ടരുവി കളുമെല്ലാം അവിടുന്നു സൃഷ്ടിച്ചതെന്തിന്? മനുഷ്യനോ ട് — ഇവയുടെയെല്ലാം യജമാനനും അധിനാഥനുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യനോട് — അവിടുത്തേക്കുള്ള സ്നേ ഹത്തെ പ്രകടിപ്പിക്കാനല്ലെങ്കിൽ? "അവിടുത്തെ അനുഗൃ ഹീതനാമത്തിൻെറ സ്നേഹലിപികൾ — അവിടുത്തേ സ്നേ ഹവചസ്സുകളുടെ അർത്ഥസമ്പുഷ്ടമായ പ്രതിധ്വനികൾ — അവിടുത്ത സ്നേഹവദനത്തിൽനിന്നു പ്രസരിക്കുന്ന പ്രഭാപൂരകിരണങ്ങൾ — ഇവയെല്ലാമാണ് ഈ സൃഷ്ടി കൾ."

ഓരോ വസ്തുവും മനുഷ്യൻെറ ഉപയോഗത്തിനാ

യാണ് അവിടുന്നു സംവിധാനം ചെയ്തിരിക്കുന്നത് — അങ്ങേ ഉന്നതമായ നിവാസസ്ഥാനത്തു അവക്ക് കയറി പ്പറ്റാനുള്ള കോവണിയുടെ ഓരോരോ പടികളായി — അണ്ടുമായി അവരെ ബന്ധിച്ചിരിക്കുന്ന സുവർണ്ണച്ചങ്ങല യുടെ ഓരോരോ കണ്ണികളായി! വിടർന്നു നിൽക്കുന്ന ഒ രു ചെറുസൂനത്തെ ദർശിച്ചാൽമതി, പാസ്സിയായിലെ വി. മ റിയം മഗ്ദലേനാ ആനന്ദപാരവശ്യത്തിനു വിധേയ യായിത്തീരുവാൻ. "നല്ലദൈവം എനിക്കുവേണ്ടി, ഈമോ ഹനകുസുമത്തെ, സൃഷ്ടിക്കുവാൻ ആദിമുതൽ, അഥവാ, അനാദിമുതൽ തിരുമനസ്സായല്ലോ" എന്നുള്ള ചിന്തയാണ് അവളെ ഹർഷോന്മത്തയാക്കിയിരുന്നത്. വി. ആഗുസ്തീനോ സ്, ആശ്ചര്യോദ്ഘോഷം ചെയ്യുന്നതുപോലെ "ആകാ ശവും ഭൂമിയും അതിലുള്ള സമസ്ത വസ്തുക്കളും ദൈവത്തെ സ്നേഹിക്കണമെന്നു വിളിച്ചു പറയുന്നു" — — — ദൈവം സ്നേഹമാകുന്നു.

<u>തിരുവവതാരം.</u> മനുഷ്യൻ, സ്രഷ്ടാവിനേക്കാൾ സൃ ഷ്ടിയെ സ്നേഹിച്ചു; സ്രഷ്ടാവിനെ ധിക്കരിച്ചു; പാപം ചെയ്തു. പൈതൃക വാത്സല്യം ഓളം വെട്ടുന്ന പിതൃഗൃ ഹത്തിൽനിന്ന് സൗഭാഗ്യാകാംക്ഷയോടേ പൈശാചി ക ദാസ്യത്തിലേക്ക് കുതികൊണ്ടു; നല്ലിടയൻെറ സ്നേ ഹസംരക്ഷണത്തിൽനിന്നു സ്വാതന്ത്ര്യപ്രാപ്തിക്കായി ഭയാ നകമായ വനാന്തരംഗത്തിലേക്ക് ഓടിയൊളിച്ചു. . . . അത്യഗാധവും ദുരിതപൂർണ്ണവുമായ നരകക്കുണ്ടിൻെറ വ ക്കിലായിരുന്നു അവൻ ചെന്നു നിന്നത്. ദയനീയമായി രുന്നു അവൻെറ സ്ഥിതി. തൻെറ ഓമനസുതൻെറ ദുര വസ്ഥയിൽ മനമലിഞ്ഞ് അവനെ തേടിപ്പുറപ്പെട്ടു ആ സ്നേഹപിതാവ് — അതാണു തിരുവവതാരം. തൻെറ സം രക്ഷണയിൽനിന്നു തെററിമാറി അപഥസഞ്ചാരം ചെ യ്യുന്ന അജപോതത്തെ തേടിപ്പിടിക്കാൻ ഇറങ്ങിത്തിരിച്ചു ആ നല്ലിടയൻ — അതാണു തിരുവവതാരം. "മനു ഷ്യൻ ദൈവത്തെപ്പോലെ ആയിത്തീരുവാൻ, ദൈവം മനുഷ്യനായിത്തീർന്നു" — അതാണു തിരുവവതാരം.

ദൈവത്തിൻെറ സ്നേഹം അനന്തസ്നേഹം — "ദൈവം
സ്നേഹമാകുന്നു."

പൂർവ്വപിതാവായ അബ്രാഹം ദൈവേഷ്ടമനുസരിച്ചു
തൻെറ ഏകപുത്രനെ ബലിയർപ്പിക്കുവാൻ സന്നദ്ധ
ത പ്രദശിപ്പിച്ചതിൽ പ്രകടിപ്പിച്ച ദൈവസ്നേഹം വിസ്മ
യാവഹമാണു്. നിത്യപിതാവു്, ലോകത്തോടുള്ള സ്നേഹ
ത്തെപ്രതി തൻെറ ഏകജാതനെ — അരുമസ്സുതനെ -
ബലികഴിക്കുവാൻ തിരുമനസ്സായി! "തൻെറ ഏകജാത
നെ നൽകത്തക്കവണ്ണം അത്ര അധികമായി അവിടുന്നു
ലോകത്തെ സ്നേഹിച്ചു." x x x

ബേസ്ലഹമിലെ കാലിത്തൊഴുത്തിൽ പതിഞ്ഞ
ഓരോ കണ്ണീർകണവും നസ്രസിലെ പണിപ്പുര ന
നച്ച ഓരോ വിയർപ്പുതുള്ളിയും കാൽവരിക്കുന്നിൻെറ
ഉപരിതലത്തിൽ വീണ ഓരോ രക്തബിന്ദുവും ദൈ
വത്തിനു മനുഷ്യനോടുള്ള, സ്നേഹത്തിൻെറ നിസ്സീമസ്നേ
ഹത്തിൻെറ സജീവ സാക്ഷ്യങ്ങളാണു്. ക്രിസ്തുനാഥൻെറ
ഓരോ കാലടിയും, ഓരോ ഹൃദയസ്പന്ദനവും ഓരോ കണ്ണി
മയും ഓരോ കരചലനവും ദൈവത്തിനു മനുഷ്യനോ
ടുള്ള അനന്ത സ്നേഹത്തിൻെറ അനിഷേധ്യലക്ഷ്യങ്ങളാ
ണു്.

"ദിവ്യരക്ഷാനാഥൻെറ തിരുശ്ശരീരത്തിലെ ഓരോ
മുറിവും അവിടുത്തേക്കു നമ്മോടുള്ള അപരിമിതസ്നേഹ
ത്തെ വിളിച്ചറിയിക്കുന്നു." സ്നേഹനാഥാ, ഗദ്സമേ
നിൽ, ഹൃദയം പൊട്ടി രക്ത വിയർപ്പിൽക്കുളിച്ചു് ത
ളർന്നു കിടന്നു 'മരണ പാരവശ്യ'മനുഭവിക്കുന്ന അങ്ങ
യെപ്പറ്റി ചിന്തിക്കുമ്പോൾ – ചമ്മട്ടിയടികളേറ്റു് തി
രുമേനി മുഴുവൻ പൊട്ടിക്കീറി, മുൾമുടിയുമണിഞ്ഞു
നിലകൊള്ളുന്ന അങ്ങയെക്കുറിച്ചു ധ്യാനിക്കുമ്പോൾ –
ഭാരമേറിയ മരക്കുരിശുമേന്തി, കല്ലും മുള്ളും നിറഞ്ഞ
വഴിയിൽക്കൂടി കാൽവരിക്കുന്നിലേക്കു വലിഞ്ഞിഴയു
ന്ന അങ്ങയെക്കുറിച്ചു് ഓർക്കുമ്പോൾ, അങ്ങു് എന്നെ
സ്നേഹിച്ചെന്നു് - സ്നേഹിക്കുന്നെന്നു് എനിക്കു പൂർണ്ണമം

യി ബോധപ്പെടുന്നു. പാപിയായ എന്നെ ആശ്ലേഷിക്കുന്നതിനെന്നവണ്ണം വിരിക്കപ്പെട്ടിരിക്കുന്ന അങ്ങേ കരങ്ങൾ കാണുമ്പോൾ സ്നേഹ ചുംബനങ്ങൾകൊണ്ടെന്നെ അഭിഷേകം ചെയ്യാനെന്നവണ്ണം ചായ്ക്കപ്പെട്ടിരിക്കുന്ന അങ്ങേ ദിവ്യശിരസ്സു ദർശിക്കുമ്പോൾ, എനിക്കു സ്വാഗതമരുളുന്നതിനെന്നവണ്ണം പിളർക്കപ്പെട്ടിരിക്കുന്ന അങ്ങേ സ്നേഹഹൃദയത്തെ വീക്ഷിക്കുമ്പോൾ, അങ്ങെന്നെ സ്നേഹിച്ചെന്നു് — അനന്തമായി സ്നേഹിക്കുന്നെന്നു് — എനിക്കു ബോധപ്പെടുന്നു — പൂർണ്ണമായി ബോധപ്പെടുന്നു.

<u>ദിവ്യകാരുണ്യം</u> സ്നേഹകൻ സ്നേഹിതൻെറ സന്തത സഹവാസം ആഗ്രഹിക്കുന്നു. സ്നേഹത്തിൻെറ തീവ്രത വർദ്ധിക്കുന്നതനുസരിച്ചു് ഈ ആഗ്രഹവും വർദ്ധമാനമായിക്കൊണ്ടിരിക്കും. രക്ഷാനാഥൻെറ ദിവ്യഹൃദയത്തിൽ തിളച്ചു പൊന്തിക്കൊണ്ടിരുന്ന സ്നേഹജാതമായ ഈ ആഗ്രഹത്തെ — മനുഷ്യജാതിയോടുകൂടി സദാ വസിക്കുന്നതിനുള്ള ഈ ആഗ്രഹത്തെ — സംതൃപ്തമാക്കുവാനാണു് സ്നേഹത്തിൻെറ കൂദാശയെ — സ്നേഹത്തിൻെറ അച്ചാരത്തെ — ദിവ്യകാരുണ്യത്തെ — അവിടുന്നു സ്ഥാപിച്ചതു്.

സ്വസന്താനങ്ങളെ തീററിപ്പോററാനായി ജീവരക്തം വിയർപ്പുതുള്ളികളാക്കിപ്പകർത്താൻ പിതാവിനെ പ്രേരിപ്പിക്കുന്ന നിസ്വാർത്ഥ സ്നേഹം, കുഞ്ഞുങ്ങൾക്കു ഭക്ഷണമില്ലാതാകുമ്പോൾ സ്വശരീരത്തിൽ കൊത്തി മുറിവുണ്ടാക്കി, അതിൽക്കൂടി പ്രവഹിക്കുന്ന ചുടുനിണം അവക്കു് ആഹാരമായി നൽകിയിട്ടു് മൃതിയടയുന്ന രാജാളിതള്ളപ്പക്ഷിയുടെ അതുല്യമായ സ്നേഹ പ്രകർഷം എത്ര നിസ്സാരമല്ല, ദിവ്യകാരുണ്യംവഴി തൻെറ തിരുശ്ശരീരരക്തങ്ങൾ മനുഷ്യാത്മാവിനു ഭോജനമായി നൽകുന്നതിൽ സ്നേഹനാഥൻ പ്രകടിപ്പിക്കുന്ന സ്നേഹപാരമ്യത്തോടു തുലനം ചെയ്യുമ്പോൾ! സ്നേഹഹൃദയങ്ങളുടെ

അലിഞ്ഞുചേരൽ – ഏകീഭാവം – സ്നേഹത്തിന്റെ പരമോന്നതമായ പദവിയാണിതു്. ദിവ്യകാരുണ്യത്തിലൊഴിച്ചു് എവിടെ ഇതു സാധിതമാകുന്നുണ്ടു്?

പൗരോഹിത്യം എന്നാൽ പൗരോഹിത്യ സ്ഥാപനത്തിൽ ദിവ്യരക്ഷകൻ പ്രദർശിപ്പിച്ച സ്നേഹമോ? തന്റെ സമസ്താധികാരങ്ങളും സർവ്വശക്തതയുമെല്ലാം 'പൊടിയും ചാമ്പലു'മായ മനുഷ്യനിൽ നിക്ഷേപിക്കുവാൻ, സ്രഷ്ടാവു സൃഷ്ടികൾക്കു വിധേയനായിരിക്കത്തക്കവണ്ണം, അത്രമാത്രം സൃഷ്ടികളെ ഉയർത്തുവാൻ, അവിടുത്തെ പ്രേരിപ്പിച്ച സ്നേഹം – മനുഷ്യബുദ്ധിക്കു് എന്നെന്നും അതു് ദുർഗ്രഹമായിത്തന്നെയിരിക്കും. അപരിമിതമായ സ്നേഹം – അജ്ഞേയമായ സ്നേഹം – ദൈവത്തിന്റെ സർവ്വശക്തതക്കുമാത്രം സാധിക്കുന്ന സ്നേഹം!! അതേ, "ദിവ്യഹൃദയത്തിന്റെ സ്നേഹപാരമ്യമാണു് പൗരോഹിത്യം."

ലോകസൃഷ്ടിയിൽ ദൈവം പ്രദർശിപ്പിച്ച സ്നേഹം മഹത്താണു്; മനുഷ്യാവതാരത്തിൽ പ്രകടിപ്പിച്ചതു് മഹത്തരമാണു്; ദിവ്യകാരുണ്യത്തിൽ പ്രത്യക്ഷമാകുന്നതു് മഹത്തമമാണു് – പൗരോഹിത്യസ്ഥാപനത്തിലോ, അപരിമേയവും. അതേ, "ദൈവം സ്നേഹമാകുന്നു."

"തനിക്കുള്ളവരെ സ്നേഹിച്ചുകൊണ്ടു് അവസാനംവരെ, അവരെ അവിടുന്നു സ്നേഹിച്ചു" – "ജീവിതത്തിന്റെ അവസാനംവരെയല്ല സ്നേഹത്തിന്റെ അവസാനംവരെ"– അപരിമേയമായ സ്നേഹത്തിനു അവസാനമുണ്ടെങ്കിൽ!

# ഒന്നാം അദ്ധ്യായം

## പൗരോഹിത്യ മാഹാത്മ്യം

അത്യുന്നതന്റെ നിത്യപുരോഹിതൻ! – ഒരു സൃഷ്ടിക്കു പ്രാപിക്കാവുന്നതിലേക്കും മഹോന്നതമാണ് അദ്ദേഹത്തിന്റെ സ്ഥാനം! അതിനോടു കിടപിടിക്കത്തക്കതായി ഈ ലോകത്തിൽ എന്തുണ്ട്? രാജാക്കന്മാരും ചക്രവർത്തിമാരും! അവരുടെ ഭരണസീമ അതിവിസ്തൃതമായിരിക്കാം; അധികാരശക്തി അനിയന്ത്രിതവും! എന്നാൽ ഇവയെല്ലാം എത്ര നിസ്സാരമല്ല. പൗരോഹിത്യത്തോടു തുലനം ചെയ്യുമ്പോൾ! ക്ഷണഭംഗുരമായ ലൗകികാധികാരമാണ്, നശ്വരമായ മനുഷ്യശരീരത്തിന്മേലുള്ള അധികാര ശക്തിയാണ്, രാജാക്കന്മാർക്കും ചക്രവർത്തികൾക്കുമുള്ളതെങ്കിൽ, അനശ്വരമായ ആത്മാക്കളുടെമേലാണ് പുരോഹിതൻ അധികാരം ചെലുത്തുന്നതു്. അനശ്വരമായ ആത്മാവ്, നശ്വരമായ ശരീരത്തേക്കാൾ എത്ര ഉൽകൃഷ്ടമോ, അനന്തമായ സ്വർഗ്ഗം ക്ഷണഭംഗുരമായ ഈ ലോകത്തേക്കാൾ എത്ര ശ്രേഷ്ഠമോ അത്ര ഉൽകൃഷ്ടമാണ്, അത്ര ശ്രേഷ്ഠമാണ്, പൗരോഹിത്യം ലൗകികാധികാരത്തേക്കാൾ!! ഈ യാഥാർത്ഥ്യം വേണ്ടതുപോലെ ഗ്രഹിച്ചതുകൊണ്ടായിരിക്കണം, വി. അലോഷ്യസ് ഗൊൺസാഗാ, തന്റെ ജന്മസിദ്ധമായ, ഭരണാധിപസ്ഥാനം, പൗരോഹിത്യത്തിനായി പരിത്യജിച്ചതു്! ഈ ചിന്തയാൽ പ്രേരിതനായിട്ടായിരിക്കണം, ബൽജിയം രാജാവായ ലയോപ്പോൾഡ് ഒരു വൈദികനായിത്തീരുവാനായി, തന്റെ കിരീടാവകാശം വലിച്ചെറിഞ്ഞു കളയുവാൻ സന്നദ്ധത പ്രദർശിപ്പിച്ചതു്!! ഈ തത്വത്തിൽ പൂർണ്ണബോധം സിദ്ധിച്ചതുകൊണ്ടാണ്, മഹാനായ നെപ്പോളിയൻ, അന്നറിയപ്പെട്ടിരുന്ന ഭൂവിഭാഗങ്ങളുടെയെല്ലാം ഏകച്ഛത്രാധിപതിയായിരു

ന്ന നെപ്പോളിയൻ സ്വപ്രാബല്യത്തിന്റെ അഗ്രകോടിയിലായിരിക്കുകയിൽ, വൈദികന്റെ അധികാരശക്തിയെക്കുറിച്ച് അസൂയാലുവായി ഉൽഘോഷിച്ചതു്:- "ഞാൻ ചക്രവർത്തിയാണ്; ലോകത്തിന്റെ മുഴുവൻ ഏകഛത്രാധിപതിയാണ്; ശരിതന്നെ. എന്നാൽ, മനുഷ്യശരീരത്തിന്മേൽ മാത്രമേ എനിക്കു അധികാരമുള്ളു. ആത്മാക്കളുടെമേൽ അധികാരം ചെലുത്തുവാൻ അനുവാദമുള്ള വൈദികരെക്കുറിച്ചു ഞാൻ അസൂയപ്പെടുകതന്നെ ചെയ്യുന്നു" എന്ന്

റൂർസിലെ വി. മാർട്ടിനും ഈ വാസ്തവം അജ്ഞാതമല്ലായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഒരു സംഭവം വ്യക്തമാക്കുന്നുണ്ട്. മാക്സിമൻ ചക്രവർത്തിയോടും മറ്റു ഉദ്യോഗസ്ഥപ്രധാനന്മാരോടുംകൂടി വി. മാർട്ടിൻ ഒരു വിരുന്നു കഴിക്കുകയായിരുന്നു. ഒരു പാത്രം വീഞ്ഞെടുത്തു മാർട്ടിനു കൊടുത്തുകൊണ്ടു ചക്രവർത്തി കല്പിച്ചു "ഇവിടെ സന്നിഹിതരായിരിക്കുന്നവരിൽ ഏററം ബഹുമാന്യനായ ആൾക്ക് ഇതു നൽകുക" എന്ന്. ചക്രവർത്തിയേയും രാജാക്കന്മാരേയും, പ്രഭുക്കന്മാരേയുമെല്ലാം പിന്നിലാക്കിക്കൊണ്ട് മാർട്ടിൻ അവിടെ സന്നിഹിതനായിരുന്ന ചാപ്ലിനെ സമീപിച്ച്, ആ പാനപാത്രം അദ്ദേഹത്തിനു നൽകിക്കൊണ്ടു പറഞ്ഞു, "ദൈവപുത്രനായ ശ്രീയേശുനാഥന്റെ പ്രതിനിധിയേക്കാൾ ബഹുമാന്യനായി ആരാണുള്ളതു്. . . ."

വിശ്രുത സാഹിത്യകാരനായ കാർലൈൽ പറയുന്നു: "പൌരോഹിത്യത്തേക്കാൾ ഉന്നതമായൊരു സ്ഥാനമോ കർത്തവ്യമോ യാതൊരു മനുഷ്യനും ലബ്ധമായിട്ടില്ല. . . ." x x x

"ഇഹലോകത്തിലെന്നല്ല, പരലോകത്തിലും മറെറാരു സൃഷ്ടിക്കും ലഭിച്ചിട്ടില്ല ഇത്ര ഉന്നതമായ ഒരു സ്ഥാനം - പുരോഹിതന്റേതുപോലെ. വിശുദ്ധാത്മാക്കളും ദൈവദൂതന്മാരും ! — അവർ ദൈവത്തിന്റെ പ്രത്യേ

ക സ്നേഹിതരാണ്; സംശയമില്ല. അത്യുന്നതൻെറ മുമ്പിൽ സദാ സ്നേഹത്താൽ കത്തിജ്ജ്വലിക്കുന്ന സ്രാപ്പേന്മാരും, അവിടുത്തെ സംവഹിക്കുന്ന ക്രോവേന്മാരും, അടുത്തു പരിചരണം ചെയ്യുന്ന അതിദൂതന്മാരുമെല്ലാം അത്ര്യസൂയാർഹമായ സ്ഥാനൌന്നത്യമുള്ളവരാണ്. എന്നാൽ അവക്കാക്കെങ്കിലും സാധിക്കുമോ, സൃഷ്ടിനാഥനെ സൃഷ്ടിക്കുവാൻ, പാപക്കറകളെ മായിച്ചു കളയുവാൻ, ഒരു വൈദികനെപ്പോലെ? "എൻെറ കാവൽ ദൂതനെക്കുറിച്ച് എനിക്ക് അസൂയയില്ല. കാരണം, ആ ദൈവദൂതനു സാധിക്കാത്ത ബലിയപ്പിക്കുവാൻ എനിക്കു സാധിക്കും എന്നു പ്രസ്താവിക്കുവാൻ വന്ദ്യനായ റവഃ മത്തഃയാ ക്രൗളിയെ പ്രേരിപ്പിച്ചതു് ഈ യാഥാത്ഥ്യത്തെക്കുറിച്ചുള്ള പൂണ്ണബോധമാണ്. "ഒരു ദൈവദൂതനേയും ഒരു പുരോഹിതനേയുംകൂടി ഒരുമിച്ചു കണ്ടാൽ ആദ്യം ഞാൻ പുരോഹിതനെ അഭിവാദനം ചെയ്യും; പിന്നീടു മാത്രമേ ദൈവദൂതനെ ബഹുമാനിക്കുകയുള്ളു" എന്ന് മഹാ വിശുദ്ധനായ ഫ്റാൻസിസ് അസീസി പ്രസ്താവിച്ചിട്ടുള്ളതു് ഈ തത്വത്തെ ആധാരമാക്കിയാണ്.

ഇതിനെ ഒന്നുകൂടി പ്രസ്പഷ്ടമാക്കുന്ന മറെറാരു സംഭവം കേട്ടിട്ടുണ്ട്. നിഷ്കളങ്കഹൃദയനായ ഒരു ബാലനു്, തൻെറ കാവൽ ദൂതനെ എപ്പോഴും കാണുവാനുള്ള അനുഗ്രഹം ലഭിച്ചിരുന്നു. അവൻ യാത്ര ചെയ്തിരുന്നപ്പോഴൊക്കെ കാവൽ ദൂതൻ അവൻെറ മുമ്പിലായി നടന്നിരുന്നു. എന്നാൽ കാലാന്തരത്തിൽ അവൻ തൻെറ ദൈവവിളിയെ അനുസരിക്കുകയും അങ്ങനെ വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. ആ ദിവസം മുതൽ, കാവൽ ദൂതൻ, അവൻെറ പിറകെ മാത്രമായി യാത്ര!! ആ ദൈവദൂതൻതന്നെ ഒരു വൈദികൻെറ സ്ഥാനം തൻേറതിനേക്കാൾ ഉൽകൃഷ്ടമെന്നു സമ്മതിക്കയല്ലയോ ഇതു വഴിയായി ചെയ്യുന്നതു്!

എന്തിനു്? ദൈവമാതാവായ കന്യകാമറിയത്തി

ൻേറതിനെക്കാൾ ഉന്നതമായ സ്ഥാനമാണ് വൈദിക ൻേറത്. വൈദികനെപ്പോലെ ദിവ്യബലിയപ്പിക്കവാനോ പാപ വിമോചനം നൽകുവാനോ അവൾക്കധികാരമില്ല; സീയന്നായിലേ ബർനാഡിൻ പറയുന്നു, "പരിശുദ്ധ കന്യകേ, എന്നോടു ക്ഷമിച്ചാലും; അങ്ങയുടെ സ്ഥാനൗന്നത്യത്തെ ഞാൻ അവഗണിക്കുന്നില്ല. എന്നാൽ അങ്ങേക്കാൾ ഉന്നതമായ സ്ഥാനത്തേയ്ക്കു ദൈവം വൈദികരെ ഉയർത്തിയിരിക്കുന്നു! ഭക്താത്മാക്കളുടെ അതിശയോക്തിസ്പർശകമായ വചനങ്ങളല്ല, ഇവ; പ്രത്യുത തിരുസ്സഭയുടെ സാർവ്വത്രികമായ പഠനമാണിത്. ദൈവശാസ്ത്രപടുക്കളായ മഹാവിശുദ്ധരുടെ താത്വികമായ പ്രസ്താവനകളാണിവ.

പൗരോഹിത്യത്തിൻെറ മാഹാത്മ്യം ഈ ലോകത്തിൽവച്ചു ഗ്രഹിക്കുവാൻ നമുക്കു കഴിയുകയില്ല. അതു വേണ്ട വിധം ഗ്രഹിക്കുന്നെങ്കിൽ നാം മരിച്ചു പോകും – ഭയത്താലല്ല, പ്രത്യുത സ്നേഹത്താൽ! (വി: ജോൺ വിയാന്നി).

ഹാ ദൈവമേ! ഇത്രയുന്നതമായ സ്ഥാനം മനുഷ്യനു നൽകുവാൻ അങ്ങേ പ്രേരിപ്പിച്ചതെന്താണ്, അവൻെറനേരേ അങ്ങേയ്ക്കുള്ള സ്നേഹമല്ലെങ്കിൽ? അതിനിർമ്മലരായ ദൈവദൂതരില്ലായിരുന്നോ ഈ ഉന്നതസ്ഥാനത്തേയ്ക്കു് ആരൂഢരാകുവാൻ? പിന്നെ ദുർബലരായ, പൊടിയും ചാമ്പലും മാത്രമായ ഈ മനുഷ്യഗണത്തെ ഇത്രമാത്രം മഹത്വപ്പെടുത്തുവാൻ കാരണമെന്തു്?

# രണ്ടാം അദ്ധ്യായം

## ദൈവത്തിന്റെ അഭിഷിക്തൻ.

### വൈദികന്റെ നിർമ്മല ശരീരം

നമ്മുടെ ദൈവാലയങ്ങളിൽ, ദൈവശുശ്രൂഷക്കായി പ്രതിഷ്ഠിതങ്ങളായ വിശുദ്ധ പാത്രങ്ങൾ സൂക്ഷിക്കപ്പെടുന്നുണ്ടല്ലോ. അസൂയാർഹമായ ബഹുമാനവും സനിഷ്കൃഷ്ടമായ ശ്രദ്ധയുമാണ് അവയോടു പ്രദർശിതമാവുന്നതു്. കാരണം, വിശുദ്ധ തൈലങ്ങളാൽ അവ ലേപനം ചെയ്യപ്പെട്ടിരിക്കുന്നു. ലൗകികകാര്യങ്ങൾക്കായി അവ ഉപയോഗിക്കുവാൻ പാടില്ല. കാരണം, ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളോട് അവയ്ക്കുള്ള സന്തതസമ്പർക്കം അവയെ പരിപൂജ്യവസ്തുക്കളാക്കിത്തീർക്കുന്നു.

എന്നാൽ, ഒരു വൈദികന്റെ ശരീരമോ? പരിശുദ്ധിയുടെ ഇരിപ്പിടമാണതു്; ദൈവ ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിതമാണതു്; അപ്പസ്തോല പിൻഗാമിയുടെ കൈ വയ്പിനാലും വി: തൈലങ്ങളുടെ ലേപനത്താലും സമ്പൂജ്യമാണതു്; ബ്രഹ്മചര്യവ്രതത്താൽ ജഡികാനന്ദങ്ങൾക്കതീതവും മാനുഷികസ്നേഹത്തിനു് അവിഷയവുമാണതു്. സ്വതവേ ബലഹീനമെങ്കിലും സുശക്തങ്ങളായ ദൈവിക കരങ്ങളാൽ സംരക്ഷിതമാണതു്.

അതിനെ ബഹുമാനരഹിതമായി സ്പർശിക്കുന്നവർക്കെതിരായി നിത്യശാപങ്ങളെ ദൈവം ഉച്ചരിച്ചിട്ടുണ്ടു്: "ദൈവത്തിന്റെ അഭിഷിക്തനെ സ്പർശിക്കരുതു്. എന്തെന്നാൽ, എന്റെ സ്വന്തമായിരിക്കുന്നതിന്നായി മററുള്ളവരിൽനിന്നു് അവനെ ഞാൻ മാററിയിരിക്കുന്നു."

വി: പൗലോസ് പറയുന്നു. "പാപികളിൽനിന്നു് അകററപ്പെടുകയും, സ്വർഗ്ഗത്തേക്കാൾ ഉയർത്തപ്പെടുകയും ചെയ്തിരിക്കുന്ന നീ പരിശുദ്ധനും നിഷ്കളങ്കനും നിർമ്മലനുമായ നിത്യ പുരോഹിതനാകുന്നു."

ദൈവമേ!

മണ്ണിൽനിന്നു മനഞ്ഞെടുക്കപ്പെട്ട മനുഷ്യശരീരമോ, കേവലം ധൂളിയും ചാമ്പലുമായി പരിണമിക്കേണ്ട മനുഷ്യശരീരമോ ഇത്രമാത്രം ഉയർത്തപ്പെട്ടിരിക്കുന്നത്? നാഥാ, അങ്ങു മനുഷ്യനെ ഇത്രമാത്രം ഉയർത്തുവാൻ അവൻ എന്താകുന്നു?

## പാവനകരങ്ങൾ

വൈദികാഭിഷേക കർമ്മങ്ങളിലെ ഹൃദയസ്പൃക്കമായ ഭാഗങ്ങളിലൊന്നാണ് വൈദിക പദകാംക്ഷി മുട്ടുകുത്തി നിന്നു കൊണ്ടു് തൻെറ കരങ്ങൾ ലേപനത്തിനായി നീട്ടിക്കൊടുക്കുന്നത്. തുറന്നിരിക്കുന്ന ആ കരതലങ്ങളിൽ വൈദികശ്രേഷ്ഠൻ വിശുദ്ധ തൈലംകൊണ്ടു കുരിശു വരച്ചു പ്രാർത്ഥിക്കുന്നു: "ഓ ദൈവമേ, ഞങ്ങളുടെ നാഥനായ ഈശോയുടെ നാമത്തിൽ, ഈ കരങ്ങൾ ആശീർവ്വദിക്കുന്നവ ആശീർവ്വദിക്കപ്പെടുന്നതിനും, പ്രതിഷ്ഠിക്കുന്നവ പ്രതിഷ്ഠിക്കപ്പെടുന്നതിനുമായി, ഇവയെ അനുഗ്രഹിക്കുകയും നിർമ്മലമാക്കുകയും ചെയ്യേണമേ, ആമ്മേൻ!"

വിശുദ്ധ തൈലങ്ങളാൽ ആസിക്തവും (കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരത്തെ സൂചിപ്പിക്കുന്നതിനായി) നിർമ്മലതയുടെ പ്രതിഛായയായ ശുഭ്രവസ്ത്രത്താൽ ബന്ധിതവുമായ കരങ്ങളുമായി ആ നവവൈദികൻ, ആശ്ചര്യസ്തബ്ധനായി കൃതജ്ഞതാഭരിതനായി മുട്ടുകുത്തിനിൽക്കുന്നു. നിത്യപിതാവു സപ്രേമം തന്നെ നോക്കുന്നതും, ദിവ്യജനനി തൻെറ സൗഭാഗ്യത്തിൽ ആനന്ദബാഷ്പം പൊഴിക്കുന്നതും, വാനദൂതഗണം തൻെറ സ്ഥാനൗന്നത്യത്തിൽ ആശ്ചര്യസ്തബ്ധരായി നിന്നുപോകുന്നതുമെല്ലാം അയാളുടെ മാനസിക ദൃഷ്ടികൾക്കു വിഷയീഭവിക്കുന്നു. "വിശുദ്ധവും, പരിപാവനവും, ദൈവത്തിനു പ്രതിഷ്ഠിതവുമായ കരങ്ങൾ" അയാളുടെ ശ്രവണപുടങ്ങളിൽ ഈ വാക്യശകലം മാറ്റൊലി

കൊള്ളുന്നു. പരിതസ്ഥിതികൾക്ക് അയാൾ ജാഗരൂകനാകുന്നു. "ബലഹീനങ്ങളായ ഈ കരമോ, ദൈവമേ, ദൈവത്തിനു പ്രതിഷ്ഠിതം. എന്റെ ഉപകർത്താവിനെ ഉപദ്രവിക്കാൻ പലപ്പോഴും ഉപയോഗിക്കപ്പെട്ടിട്ടുള്ള ഈ കരമോ, നാഥാ, "പരിപാവനവും വിശുദ്ധവും" അയാൾ ആത്മഗതം ചെയ്യുന്നു. . . . അതേ, അവ ഇന്നുമുതൽ ദൈവത്തിനു പ്രതിഷ്ഠിതമാണ്. തന്മൂലം, വിശുദ്ധവും പരിപാവനവുമാണ്. . . ."

ആ "പരിപാവനകര" തല്പജങ്ങളിൽ ഇന്നുമുതൽ ദിവ്യനാഥന്റെ നിർമ്മലശരീരം സ്ഥിതി ചെയ്യും. തിരുവോസ്തിയെ സംവഹിക്കുന്നതിനും, അയ്യസ്സിന്റെ അപ്പത്തെ അനേകായിരം പേർക്കായി വിഭജിച്ചു കൊടുക്കുന്നതിനുമുള്ള മഹാഭാഗ്യം ഇന്നുമുതൽ അവയുടെ സ്വന്തമാണ്. നിഷ്കന്മഷരെ അനുഗ്രഹിക്കുന്നതിനും പാപികളെ പവിത്രീകരിക്കുന്നതിനും ആയി ആ "പാവനകരങ്ങൾ" ഇന്നുമുതൽ ഉയർത്തപ്പെടും. നവമായി ലോക വെളിച്ചം കണ്ട പിഞ്ചു കുഞ്ഞുങ്ങളെ ജ്ഞാനസ്നാനജലത്താൽ ദൈവസന്താനങ്ങളാക്കുന്നതും, അഭേദ്യമായ വൈവാഹിക ശൃംഖലയാൽ വധൂവരന്മാരെ സംയോജിപ്പിക്കുന്നതും, നിത്യതത്തിലേക്കുള്ള പ്രയാണമാരംഭിക്കുന്ന മനുഷ്യ ജീവിയെ, ദിവ്യതൈലങ്ങൾകൊണ്ടു പൂശി യാത്രയയ്ക്കുന്നതും ഇന്നുമുതൽ ഈ "വിശുദ്ധ കരങ്ങൾ" തന്നെ. മാനവരാശിക്കുവേണ്ടി കരുണ യാചിച്ചുകൊണ്ട്, അൾത്താരയ്ക്കു സമീപേവച്ച് അനുഗൃഹീത കരങ്ങൾ പല പ്രാവശ്യം ഈശ്വര സന്നിധിയിലേയ്ക്കുയർത്തപ്പെടും; അവയുടെ നിഗൂഢശക്തി പാപ ശൃംഖലയുടെ കനത്ത കണ്ണികളെ തല്ലിത്തകർക്കും; ആരേ വിഴുങ്ങേണ്ടുവെന്നറിയാതെ അലറിക്കൊണ്ടു ചുററിനടക്കുന്ന അന്ധകാര ഭൂതന്മാരെ നരകകുണ്ഡിലേക്കു തള്ളിയിടും. പാപച്ചെളിയിൽ ആണ്ടുമറിയുന്ന ലോകത്തിന്റെ മേൽ സന്ന്യായം ഉയർത്തപ്പെട്ടിരിക്കുന്ന ദൈവനീതിയുടെ പ്രതികാര ഖഡ്ഗത്തെ തടഞ്ഞു നിർത്തുകയും ചെയ്യും.

ഉപ്പ്, അനുഗ്രഹിക്കുന്നതിനും പാപവിമോചനം നൽകുന്നതിനും, ദിവ്യനാഥൻെറ തിരുശ്ശരീരത്തെ സംവഹിക്കുന്നതിനും ഭാഗിച്ചു കൊടുക്കുന്നതിനും കഴിവുള്ള കരം 'പാവനവും' 'വിശുദ്ധവു'മത്രേ; സംശയമില്ല.

## കരുണയുടെ കാലടികൾ

"സമാധാനം പ്രസംഗിക്കുകയും സുവാർത്തകളെ സംവഹിക്കുകയും ചെയ്യുന്നവൻെറ കാലടികൾ എത്ര മനോഹരങ്ങൾ." രോഗികളുടേയും മരണാസന്നരുടേയും സമീപത്തേക്കു തത്രപ്പെട്ടോടുവാൻ, പാപികൾക്ക് പ്രത്യാശയേയും സമാശ്വാസത്തേയും സംവഹിക്കുവാൻ ദൈവ പ്രേഷിതനായ വൈദികനെ സഹായിക്കുന്ന പാദങ്ങൾ എത്ര അനുഗൃഹീതങ്ങൾ.

അതിരാവിലേതന്നെ, ദിവ്യ ബലിയർപ്പിക്കുന്നതിനായി അൾത്താരയിലേക്ക്, അവിടെ നിന്ന് കാരുണ്യസങ്കേതമായ കുമ്പസാരക്കൂട്ടിലേക്ക് ആ വിശിഷ്ട പാദങ്ങൾ കുതികൊള്ളുന്നു. ചൂടും തണുപ്പും മഴയും മഞ്ഞും അവഗണിച്ചുകൊണ്ട് കല്ലും മുള്ളും ചവുട്ടിത്തള്ളി, കുന്നും മലയും നടന്നു കയറി, തോടും നദിയും തരണം ചെയ്ത്, പട്ടണത്തിലേ രാജപാതകളും, കുഗ്രാമങ്ങളിലേ ഊടുവഴികളും അവ പിന്നിലാക്കുന്നു, ദുഃഖിതരെ ആശ്വസിപ്പിക്കുവാൻ; മാർഗ്ഗഭ്രംശം വന്നവർക്കു നേർവഴി കാട്ടിക്കൊടുക്കുവാൻ; ആത്മാക്കളെ രക്ഷിക്കുവാൻ; നല്ലിടയനിൽ നിന്നു തെററിമാറിയ അജപോതത്തെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിന്, പിതൃഭവനത്തിൽ നിന്ന് ഒളിച്ചോടിയ ധൂർത്തപുത്രനെ തിരഞ്ഞുനടക്കുന്നതിന് തത്രപ്പെടുന്ന വൈദികൻെറ ഓരോ കാലടിയും നിത്യ നരകത്തീയിൽ നിന്നുള്ള ദൈവസന്താനമായ ഓരോ ആത്മാവിൻെറ വിമോചനത്തേയല്ലേ പ്രദ്യോതിപ്പിക്കുന്നത്.

പൊടിപടലത്താൽ ആവൃതമെങ്കിലും വൈദികപാദസ്പർശമേററ സ്ഥലങ്ങൾ ചുംബിക്കുവാൻ സീയന്നാ

യിലേ വി. കത്രീനായെ പ്രേരിപ്പിച്ചതു് ഈദൃശ ചിന്ത കളത്രേ!

## ശാന്തിസംദായകങ്ങളായ അധരപുടങ്ങൾ

വൈദികൻെറ അധരപുടങ്ങൾ – അനുഗൃഹീത ങ്ങൾതന്നെ അവ! വാനവദൂതഗണങ്ങളോടുകൂടി ദിവ സത്തിൽ പല പ്രാവശ്യം അവ ദൈവ കീർത്തനങ്ങളാ ലപിക്കുന്നു. അനുതാപ വിവശനായ പാപിയോട് "മക നേ, സമാധാനത്തിൽ പോവുക, നിൻെറ പാപങ്ങൾ നിന്നോടു ക്ഷമിച്ചിരിക്കുന്നു" എന്ന സമാശ്വാസപ്രദമായ വാക്യങ്ങൾ അവ മന്ത്രിക്കുന്നു. ഈ ലോകത്തോടു എ ന്നെന്നേക്കുമായി യാത്ര പറഞ്ഞിട്ടു് നിത്യ വിധിയാള ൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ പോകുന്ന ഭയചകി തയായ ആത്മാവിന് "ക്രിസ്തീയാത്മാവേ, നീ പുറപ്പെടുക; നമ്മുടെ നാഥനായ ഈശോമിശിഹാ സംതൃപ്തിയും കാരുണ്യവും തുളുമ്പുന്ന മന്ദഹാസത്തോടേ നിനക്കു സ്വാ ഗതമരുളട്ടേ" എന്ന ആശംസയോടുകൂടി പാപപ്പൊറുതി യും നിത്യ സമ്മാനവും വാഗ്ദാനം ചെയ്യുന്നു. ബാലാർക്ക കിരണങ്ങൾ ഭൂമുഖത്തു പതിയുമ്പോഴേക്കും സ്നേഹത്താ ലും ഭയത്താലും വിറയ്ക്കുന്നതെങ്കിലും വിശുദ്ധങ്ങളായ ആ അധരപുടങ്ങൾ ലോകാധിനാഥനെ നമ്മുടെ അൾ ത്താരകളിലേക്ക് അവരോഹണം ചെയ്യിക്കുകയായി. "ഇ തെൻെറ ശരീരമാകുന്നു." . . .അപ്പമല്ല ഇപ്പോൾ അ വിടെ കാണപ്പെടുന്നതു് – നിത്യ ദൈവത്തിൻെറ സ ജീവ ശരീരം!! ഒരൊററ ക്ഷണംകൂടി! ഇതെൻെറ ര ക്തമാകുന്നു. . . ദൈവപുത്രൻെറ അമൂല്യരക്തം – കാൽ വരിയിലേ ക്രൂശിതൻെറ ക്ഷതങ്ങളിൽനിന്നു പൊട്ടി പ്പുറപ്പെട്ട ജീവദായകമായ ആ നീരുറവ!!

അഖണ്ഡശക്തിയെ അനുസരിപ്പിക്കുന്ന ആജ്ഞാവച സ്സുകൾ പുറപ്പെടുവിക്കുന്ന അധരപുടങ്ങൾ, അനുദിനം ദൈവപുത്രൻെറ ദിവ്യരക്തത്താൽ ആസിക്തമായിത്തീ രുന്ന ആ അധരപുടങ്ങൾ – അവ അനുഗൃഹീതങ്ങളല്ലേ?

സംപൂജ്യനയനങ്ങൾ, നിർമ്മലശ്രവണപുടങ്ങൾ.

ലൗകിക വസ്തുക്കൾക്ക് നിത്യമായി അടയ്ക്കപ്പെട്ടിരിക്കുന്ന തിരുവോസ്തിയുടെ പ്രഭാപൂരത്തിനു സാക്ഷിനിൽക്കുന്ന, അനുദിനം അത്യുന്നതനെ അഭിവീക്ഷിക്കുന്ന വൈദിക നയനങ്ങൾ എത്ര സംപൂജ്യങ്ങളല്ല!

ആത്മസ്നേഹിതനെപ്പോലും അറിയിക്കുവാൻ ഒരുവൻ മടിക്കുന്ന ഹൃദയാഗാധരഹസ്യങ്ങൾ ശ്രവിക്കുന്ന മനുഷ്യഹൃദയത്തിന്റെ യാതനകളും സങ്കടങ്ങളും പാപങ്ങളും പ്രലോഭനങ്ങളുമെല്ലാം വിശ്വാസപൂർവ്വം നിക്ഷിപ്തമാകുന്ന വൈദികശ്രവണ പുടങ്ങൾ എത്ര അനുഗൃഹീതങ്ങളല്ല!

## മുദ്രിതമായ ആത്മാവ്

പാപങ്ങൾക്കുവേണ്ടി ബലിയും കാഴ്ചകളും സമർപ്പിക്കുവാൻ നിയുക്തനായിരിക്കുന്ന നിത്യപുരോഹിതനാണ് നീ എന്നത്രേ പൗരോഹിത്യ സ്വീകരണാവസരത്തിൽ ആ നവവൈദികൻ ശ്രവിക്കുന്നത്. തന്റെ മുമ്പിൽ നമ്രശിരസ്കനായി, ഭയചകിതനായി മുട്ടുകുത്തി നില്ക്കുന്ന വൈദികസ്ഥാനാർത്ഥിയുടെ തലയിൽ വൈദികാദ്ധ്യക്ഷൻ കരങ്ങൾ വച്ചു പ്രാർത്ഥിക്കുന്നു; ഉത്തരക്ഷണത്തിൽ പരിശുദ്ധാത്മാവിന്റെ നിശ്ശബ്ദമുദ്ര ആ ആത്മാവിൽ അപ്രമാർജ്ജ്യമായി അങ്കിതമാവുകയും ചെയ്യുന്നു!

യഹൂദപുരോഹിതന്മാർ "ദൈവത്തിന്റെ പരിശുദ്ധൻ" എന്ന ലേഖനത്തോടുകൂടിയ ഒരു വെള്ളിത്തകിടു തങ്ങളുടെ നെററിത്തടത്തിൽ പതിച്ചിരുന്നു. ക്രൈസ്തവ പുരോഹിതനാകട്ടേ, ഒരിക്കലും മാഞ്ഞുപോകാത്ത ഒരു മുദ്ര തന്റെ ആത്മാവിൽ സംവഹിക്കുന്നു. ദൈവത്തിന്റേയും സ്വർഗ്ഗവാസികളുടേയും മുമ്പിൽ അവൻ ഇന്നുമുതൽ ആദത്തിന്റെ ബലഹീനനായ ഒരു സന്തതിയല്ല, മറെറാരു ക്രിസ്തുവത്രേ – ദൈവപുത്രനായ മറെറാരു ക്രിസ്തു. അവന്റെ ആത്മാവിൽ ഇപ്രകാരം എഴുതപ്പെ

ട്ടിരിക്കുന്നു. "നീ നിത്യകാലത്തേയ്ക്കും ഒരു പുരോഹിതനാണ്" സർവ്വശക്തനായ ദൈവത്തിൻെറമേലും അധികാരമുള്ള അവിടുത്തെ നിത്യപുരോഹിതൻ!

ഉടലെടുത്ത ദൈവദൂതനെപ്പോലെ നിർമ്മലനായി ജീവിച്ചാലും ശരി, പാപച്ചെളിയിൽ കിടന്നുഴന്നാലും ശരി, അതീവദീപ്തിയോടെ സ്വർഗ്ഗത്തിൽ വിരാജിച്ചാലും ശരി, നരകത്തീയിൽ കിടന്നു ഞെരിപിരി കൊണ്ടാലും ശരി ദൈവത്തിൻെറ അമൂല്യ നിക്ഷേപമായി ആ ആത്മാവു പരിഗണിക്കപ്പെടും!

ഓ! മഹിമപ്രതാപത്തിൻെറ കർത്താവിനെ വിശുദ്ധ വചനങ്ങളാൽ കൂദാശ ചെയ്യുന്നതിനും അധരങ്ങളാൽ സ്തുതിക്കുന്നതിനും കൈകളിൽ വഹിക്കുന്നതിനും സ്വന്ത വായ്കൊണ്ടു ഉൾക്കൊള്ളുന്നതിനും മററുള്ളവക്കു പകുത്തു കൊടുക്കുന്നതിനും ആയി വൈദികക്കു നൽകപ്പെട്ടിട്ടുള്ള ഉദ്യോഗം എത്ര മഹത്തും ബഹുമാനയോഗ്യവും ആകുന്നു!

ഓ! ആ കരങ്ങൾ എത്ര ശുദ്ധിയുള്ളവയായിരിക്കണം! വായ് എത്ര വെടിപ്പുള്ളതും ശരീരം എത്ര നിർമ്മലവും ആയിരിക്കണം; വിശുദ്ധിയുടെ നാഥൻ കൂടെക്കൂടെ പ്രവേശിക്കുന്ന വൈദികൻെറ ഹൃദയം എത്ര നിഷ്ക്കളങ്കമായിരിക്കുകയും വേണം!

ക്രിസ്തുവിൻെറ കൂദാശയെ ഇത്ര കൂടെക്കൂടെ കൈകൊള്ളുന്ന വൈദികൻെറ വായിൽ നിന്നു ശുദ്ധമല്ലാത്ത യാതൊന്നും, സുകൃതവും ഉപകാരപ്രദവുമല്ലാത്ത യാതൊരു വാക്കും പുറപ്പെടേണ്ടതല്ല.

ക്രിസ്തുവിൻെറ തിരുശ്ശരീരത്തെ നോക്കാറുള്ള അയാളുടെ കണ്ണുകൾ നിഷ്ക്കപടതയും അടക്കവുമുള്ളവയായിരിക്കണം. ആകാശത്തിൻേറയും ഭൂമിയുടേയും സൃഷ്ടികർത്താവിനെ സ്പർശിക്കാറുള്ള അയാളുടെ കരങ്ങൾ വിശുദ്ധങ്ങളും സ്വർഗ്ഗാഭിമുഖം ഉയർത്തപ്പെട്ടവയും ആയിരിക്കണം.

പുരോഹിതന്മാരെ വിശേഷാൽ പരാമർശിച്ചുകൊ

ണ്ടാണ് "പ്രമാണ"ത്തിൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നത്:—

"നിങ്ങൾ വിശുദ്ധിയുള്ളവരായിരിക്കുവിൻ; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ വിശുദ്ധനാകുന്നു."

സർവ്വശക്തനായ ദൈവമേ, നിൻെറ ദിവ്യവരം ഞങ്ങളെ സഹായിക്കുമാറാകട്ടെ; എങ്കിൽ വൈദികരുടെ ഉദ്യോഗം ഏററിരിക്കുന്നവരായ ഞങ്ങൾ യോഗ്യതയോടും ഭക്തിയോടുംകൂടെ സകല വിശുദ്ധിയിലും നല്ല മനസ്സാക്ഷിയിലും നിനക്കു ശുശ്രൂഷ ചെയ്‌വാൻ പ്രാപ്തരാകും.

ഇത്രയും വലിയ ജീവിത വിശുദ്ധിയിൽ യഥായോഗ്യം വ്യാപരിക്കുവാൻ ഞങ്ങൾക്കു കഴിവില്ലെങ്കിൽ, ഞങ്ങൾ ചെയ്ത പാപങ്ങളെക്കുറിച്ചു മതിയാംവണ്ണം കരഞ്ഞ് എളിമയുടെ അരൂപിയിലും നല്ല മനസ്സിൻെറ പ്രതിജ്ഞയിലും മഹാ ശുഷ്കാന്തിയോടെ നിനക്കു ശുശ്രൂഷ ചെയ്‌വാനെങ്കിലും ഞങ്ങൾക്ക് ഇടയാക്കേണമേ.

(ക്രിസ്ത്വാനുകരണം)

# മൂന്നാം അദ്ധ്യായം

## സ്ഥാനൗന്നത്യം

രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് നടന്ന ഒരു മഹനീയ സംഭവത്തെക്കുറിച്ചു തെല്ലൊന്നു ചിന്തിക്കാം. അന്ധകാരം ഭൂതലത്തെ ആകമാനം ഗ്രസിച്ചിരിക്കുമ്പോൾ, ജീവജാലങ്ങളെല്ലാം ഗാഢ നിദ്രയിൽ ലയിച്ചിരിക്കുമ്പോൾ അതാ ആ ഗിരിശൃംഗത്തിൽ, ഒരു വ്യക്തിമാത്രം പ്രാർത്ഥനാനിരതനായി പ്രത്യക്ഷപ്പെടുന്നു. അദ്ദേഹത്തി

ന്റെ നയനങ്ങൾ നിലത്തു പതിഞ്ഞിരിക്കുന്നു. കൈകൾ ഉയർത്തപ്പെട്ടുമിരിക്കുന്നു. ആ നമ്രശിരസ്സും ഉക്ഷിപ്ത ബാഹുക്കളും ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പ്രാർത്ഥിക്കുകയാണ്; ഉവ്വ്, താൻ നിർവ്വഹിക്കാൻ പോകുന്ന അത്യുൽകൃഷ്ടമായ പ്രവൃത്തിക്ക് നിത്യപിതാവിന്റെ ആശിസ്സർത്ഥിക്കുകയാണ ക്രിസ്തുനാഥൻ ചെയ്യുന്നത്.

നേരം വെളുത്തപ്പോൾ അവൻ ശിഷ്യരെ തന്റെ പക്കലേക്കു വിളിച്ചിട്ട് പന്ത്രണ്ടു പേരേ തിരഞ്ഞെടുത്ത് അവർക്ക് അപ്പസ്തോലന്മാരെന്നു പേരിട്ടു — അസംസ്കൃതരും ദരിദ്രരുമായ മീൻപിടുത്തക്കാരാണ് അവരിൽ പലരും. തന്റെ നിത്യപുരോഹിതന്മാരും തന്റെ പ്രേമഭാജനമായ തിരുസ്സഭയുടെ ആദ്യ ശുശ്രൂഷകരുമായ ആ ചെറു സംഘത്തെ അവിടുന്നു വാത്സല്യാതിരേകത്തോടേ വീക്ഷിച്ചിട്ടുണ്ടാവണം. തങ്ങൾക്കു ലബ്ധമായിട്ടുള്ള ദിവ്യദൗത്യത്തെ സോത്സാഹം നിർവ്വഹിക്കുവാൻ സന്നദ്ധരായ, തങ്ങളുടെ ദിവ്യഗുരുവിന്റെ ലോകോത്തരങ്ങളായ പ്രബോധനങ്ങളെ ലോകം മുഴുവൻ പ്രസംഗിക്കുവാൻ ബദ്ധകങ്കണരായ, തങ്ങളുടെ സ്വർഗ്ഗീയ രാജന്റെ വിജയപതാക ദിഗന്തങ്ങളിൽ പാറിപ്പറപ്പിക്കുവാൻ ദൃഢവ്രതരായ ആ ചെറുസംഘത്തോട് ക്രിസ്തുനാഥൻ അരുൾ ചെയ്യുന്നു: ദൈവദൂതന്മാർക്കുപോലും അസൂയയെ ഉളവാക്കുന്ന മഹോന്നതാധികാരങ്ങളാണ് ഞാൻ നിങ്ങൾക്കു നൽകുന്നത് — അപ്പവും വീഞ്ഞും എന്റെ ശരീരരക്തങ്ങളായിപ്പകർത്തുവാൻ! പാപക്കറകളെ ആത്മാക്കളിൽനിന്നു കഴുകിക്കളയുവാൻ! ലോകത്തിനു അജ്ഞാതവും അജ്ഞേയവുമായ ഒരുന്നതസ്ഥാനമാണ്, ബഹുമാനമാണ് നിങ്ങൾക്കു ഞാൻ തരുന്നത് — അത്യുന്നതനായ എന്റെ സ്ഥാനംതന്നെ — നിത്യ പൗരോഹിത്യം.

ആ സാധുമനുഷ്യരുടെ ഹൃദയാന്തരാളത്തിൽ അപ്പോൾ ഇളകിമറിഞ്ഞുകൊണ്ടിരുന്ന ഭയസമ്മിശ്രമായ വിസ്മയവികാര വീചികളുടെ മാറ്റൊലി നമുക്കും കേൾക്കരുതോ? "ദൈവമേ, പാവങ്ങളായ ഞങ്ങളോ, അസംസ്കൃതരും,

വിദ്യാവിഹീനരും, ദരിദ്രരും, പാപികളുമായ ഈ മീൻപിടുത്തക്കാരോ, അത്യുന്നതനായ അങ്ങയുടെ നിത്യപുരോഹിതന്മാർ?.... ഇത്ര ഉന്നതമായ സ്ഥാനത്തിന് ഞങ്ങളേക്കാൾ യോഗ്യരല്ലയോ, അങ്ങയുടെ മുമ്പിൽ കാണപ്പെടുന്ന ഈ മഹാ ജനങ്ങളിൽ ഓരോരുത്തരും? ഞങ്ങളേക്കാൾ സംസ്കൃതചിത്തരല്ലയോ അവർ? വിദ്യാസമ്പന്നരല്ലയോ അവർ? സുകൃത സമ്പന്നന്മാരുമല്ലയോ അവർ....?"

അനന്ത ജ്ഞാനിയായ ക്രിസ്തുനാഥൻ, തൻെറ നവവൈദികരുടെ മനോവികാരങ്ങളേയും അന്തർഗതങ്ങളേയും നന്നായി ഗ്രഹിക്കുന്നു; അവരെ ആശ്വസിപ്പിക്കുവാനായി, പ്രോത്സാഹിപ്പിക്കുവാനായി, അവിടുന്നു വീണ്ടും അരുൾച്ചെയ്യുന്നു: "നിങ്ങൾ എന്നെയല്ല തിരഞ്ഞെടുത്തത്; ഞാൻ നിങ്ങളെയാണ്. നിങ്ങളുടെ പ്രാപ്തിയോ, ജ്ഞാനമോ, പ്രവൎത്തന സാമൎത്ഥ്യമോ, ഒന്നുമല്ല എനിക്കാവശ്യം. നിങ്ങൾ ബലഹീനരാണ്, ദരിദ്രരാണ്, മീൻപിടുത്തക്കാരാണ്. തന്മൂലമത്രേ നിങ്ങളെ ഞാൻ തിരഞ്ഞെടുത്തത്. ലോകത്തിലെ ഉദ്ധതന്മാരെ ലജ്ജിപ്പിക്കുവാൻ വിനീതരെ, ധനികരെ നാണിപ്പിക്കുവാൻ ദരിദ്രരെ, ബലവാന്മാരെ എളിമപ്പെടുത്തുവാൻ ദുർബലരെ ഞാൻ തിരഞ്ഞെടുക്കുന്നു.... ഇന്നുമുതൽ നിങ്ങളെ എൻെറ ദാസന്മാരെന്നല്ല, എൻെറ സ്നേഹിതന്മാരെന്നാണ് അഭിസംബോധന ചെയ്യുന്നത്.... മനുഷ്യ ജാതിയുടെ ഐഹിക ജീവിതത്തെ സംപൂതമാക്കാനുള്ള "ഭൂമിയിലെ ഉപ്പാകുന്നു" നിങ്ങൾ; നേൎവ്വഴി തെററി അന്ധകാരത്തിൽ അലഞ്ഞുതിരിയുന്ന ആത്മാക്കളെ എൻെറ പക്കലേക്കാനയിക്കാനുള്ള "ലോകത്തിൻെറ പ്രകാശ"മാകുന്നു നിങ്ങൾ.

അന്നത്തേ പ്രവൎത്തനരീതിയാണ് ഇന്നും തൻെറ പുരോഹിതന്മാരുടെ തിരഞ്ഞെടുപ്പിൽ ക്രിസ്തുനാഥൻ കൈക്കൊണ്ടിരിക്കുന്നത്. അസംസ്കൃതരും, ബലഹീനരും, ദരിദ്രരുമൊക്കെയാണ് അവിടുത്തെ ദിവ്യാഹ്വാന

ത്തെ കൂടുതൽ ശ്രവിക്കുന്നവർ. അവിടുത്തേക്ക് "ഇഷ്ടമുള്ള വരെ" അവിടുന്നു തിരഞ്ഞെടുക്കുന്നു; പൗരോഹിത്യ പദത്തിലേക്കുള്ള ദൈവാഹ്വാനം ശ്രവിച്ച പാവപ്പെട്ട ആത്മാവ്, ഭയചകിതമായേക്കാം, തൻെറ പാപക്രമ്പാരത്തെക്കുറിച്ച്, നന്ദിഹീനതയേക്കുറിച്ച്, പരാജയങ്ങളേയും ബലഹീനതയേയും കുറിച്ച്; എന്നാൽ ക്രിസ്തുനാഥൻെറ ആശ്വാസപ്രദമായ ആ വാക്യശകലം ആ ആത്മാവ് അനുസ്മരിക്കട്ടേ.

അത്യുന്നതനും നിത്യനും സത്യദൈവവുമായ ഞാനാണ് നിന്നെ തിരഞ്ഞെടുത്തിരിക്കുന്നത്. . . . ഏതൊരു കത്തോലിക്കാഭവനത്തിലും ഹൃദയംഗമമായ സ്വാഗതം ഒരു വൈദികനു സമ്പാദിച്ചു കൊടുക്കുന്നത്, എവിടെയും ബഹുമാന്യമായ സ്ഥാനം അദ്ദേഹത്തിനു വാങ്ങിക്കൊടുക്കുന്നത്, ഈ ചെറുവാക്യമാണ്. . . തൻെറ മഹോന്നതമായ സ്ഥാനത്തെ അവഗണിച്ചുകൊണ്ടു് അപഥസഞ്ചാരം ചെയ്യുന്ന പുരോഹിതനെ, വിശ്വാസികളുടെ നമ്രശിരസ്സുകളും കൂപ്പുകൈകളും, ക്രിസ്തുനാഥപ്രതിനിധിയാണു താനെന്ന് അനുസ്മരിപ്പിക്കുകതന്നെ ചെയ്യും!!

## ബലിസമർപ്പകൻ

ബലിസമർപ്പണത്താൽ താൻ ബഹുമാനിക്കപ്പെടുവാൻ ദൈവം എല്ലാക്കാലത്തും ആഗ്രഹിച്ചിരുന്നു. കായേനും ആബേലും തങ്ങളുടെ കടിഞ്ഞൂൽഫലങ്ങളെ ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് അവിടുത്തെ ആധിപത്യം ഏററു പറഞ്ഞു. ജലപ്രളയത്തിൽ നിന്നും വിമുക്തനായതിനാൽ സന്തുഷ്ടനായിത്തീർന്ന നോഹ്, ഒരു ബലിപീഠമുണ്ടാക്കി കൃതജ്ഞതാസൂചകമായി ബലിയർപ്പിച്ചു. അങ്ങനെ ബലിയുടെ സുഗന്ധപരിമളം തലമുറ തലമുറയായി, ക്രിസ്തുവിൻെറ ആഗമനംവരെ സർവ്വേശസന്നിധിയിലേക്കുള്ള് ഉയർന്നുകൊണ്ടിരുന്നു. ക്രിസ്തുവിനു ശേഷമാവട്ടേ "എല്ലാ സ്ഥലങ്ങളിലും ബലിയർപ്പിക്കപ്പെടുന്നു; എൻെറ നാമത്തിനു നിർമ്മലമായ കാഴ്ച സമർപ്പിക്കപ്പെടുകയും ചെ

ച്ചുന്നു" എന്നുള്ള മലാക്കിയുടെ പ്രവചനം അക്ഷരശഃ നിവൎത്തിക്കപ്പെടുന്നു.

ബലിയൎപ്പിക്കുക — ഒരു വൈദികൻെറ ഏററം ഉന്നതമായ കൎത്തവ്യം ഇതാണ്! "പാപവിമോചനത്തിന് — ബലികളും കാഴ്ചകളും സമൎപ്പിക്കുന്നതിനായി മനുഷ്യരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കപ്പെടുകയും അഭിഷേചിക്കപ്പെടുകയും ചെയ്തിരിക്കുന്ന" പുരോഹിതൻെറ ഏററം ഉന്നതമായ കൎത്തവ്യം!

ആരാധനയുടെ ആഘോഷപൂൎവ്വകവും പ്രകടവുമായ ഒരു കൎമ്മമാകുന്നു ബലി. വിശ്വാസികളുടെ നാമത്തിൽ അവരുടെ സുസ്ഥിതിയ്ക്കും പാപപ്പൊറുതിയ്ക്കുമായി സമൎപ്പിതമാകുന്ന ഈ ദിവ്യ കൎമ്മത്തിൻെറ അനുഷ്ഠാനത്തിനു പ്രത്യേകം തിരഞ്ഞെടുക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. അതേ പുരോഹിതനു മാത്രമേ ഇതിനധികാരമുള്ളു. തന്മൂലം, പൗരോഹിത്യമില്ലെങ്കിൽ ദിവ്യ ബലിയുമില്ല.

"ദൈവത്തിൻെറ അൾത്താരയിലേക്കു ഞാൻ പോകും. . ." അനുദിനം വൈദികൻ ആവൎത്തിക്കുന്നു — അവിടെ മഹോന്നതവും ദുൎഗ്രഹവുമായ ദിവ്യ രഹസ്യമനുഷ്ഠിക്കുവാൻ, സ്രഷ്ടാവിനും സൃഷ്ടിയ്ക്കും മദ്ധ്യസ്ഥനായി നിന്നുകൊണ്ടു് ദിവ്യബലി സമൎപ്പിക്കുവാൻ; അങ്ങനെ, ലോക സ്രഷ്ടാവിൻെറ സൎവ്വാധിപത്യം ഏററു പറയുവാൻ, അവിടുത്തെ മഹാദാനങ്ങൾക്കു നന്ദി പറയുവാൻ; മനുഷ്യജാതിയുടെ പാപാക്രമങ്ങൾക്കു പരിഹാരം ചെയ്തു് ദൈവകോപത്തെ ശാന്തമാക്കുവാൻ.

ഇസ്രായേൽ ജനങ്ങളുടെ ഇടയിൽ ഒരിക്കൽ ഒരു പ്രക്ഷോഭണമുണ്ടായി. തങ്ങളുടെ നേതാക്കന്മാൎക്കെതിരായി അവർ ബഹളം കൂട്ടി. മൂശയും അഹറോനും പ്രാണരക്ഷാൎത്ഥം വാഗ്ദാന പേടകത്തിൽ അഭയംതേടി. യഹോവാ ആ കൃതഘ്നരോടു കോപിച്ചു; അവിടുന്നു മൂശയോടരുൾച്ചെയ്തു. "ഈ ദുഷ്ടജനങ്ങളുടെ ഇടയിൽനിന്നു നീ അകന്നു പോവുക; അവരെ ഞാൻ നശിപ്പിക്കും."

ഭയങ്കരമായ ഒരു വസന്ത ഇസ്രായേൽ ജനതയുടെ ഇട

യിൽ പടർന്നു പിടിച്ചു; 140000 പേർ മൃതിയടഞ്ഞു കഴിഞ്ഞു. മോശയോ എന്നാൽ, നന്ദിഹീനരായ ആ മനുഷ്യരെ സ്നേഹിച്ചിരുന്നു. ഈ അത്യാപത്തിൽ, ദൈവത്തിൻെറ അഭിഷിക്തനായ പുരോഹിതശ്രേഷ്ഠൻെറ ശക്തിയെ മോശ അനുസ്മരിച്ചു. തന്മൂലം, പുരോഹിതനായ അഹറോനോടു മോശ പറഞ്ഞു, "ധൂപക്കററിയിൽ തീയുമിട്ടുകൊണ്ടു് ബലിപീഠത്തിലേക്കു പോകുക; ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക, എന്തുകൊണ്ടെന്നാൽ ദൈവകോപം അവരുടെമേൽ നിപതിച്ചു കഴിഞ്ഞു." അഹറോൻ മൃതിയടഞ്ഞിരുന്ന ജനതതിയുടെ ഇടയിലേക്ക് ഓടി; മൃതിയടഞ്ഞവരുടേയും ജീവിച്ചിരിക്കുന്നവരുടേയും മദ്ധ്യത്തിൽ നിന്നുകൊണ്ടു് അദ്ദേഹം അവർക്കുവേണ്ടി ദൈവകരുണ യാചിച്ചു; ഭയങ്കരമായ വസന്ത ഉടനടി ശമിക്കുകയും ചെയ്തു.

ഇന്നു്, അനുദിനം അനേകായിരം അഹറോന്മാർ "വിശുദ്ധവും നിർമ്മലവു"മായ കരങ്ങൾ വഴി പാപപരിഹാര ബലികളെ അർപ്പിക്കുകയും, നീതിയുക്തമായ ദൈവകോപത്തിൻെറ പ്രതികാര ഖഡ്ഗത്തിൽ നിന്നു മാനവരാശിയെ രക്ഷിക്കുകയും ചെയ്യുന്നു.

ഒരിക്കൽ ഒരു യാത്രക്കപ്പൽ, സമുദ്ര മദ്ധ്യത്തിൽവച്ച് കോളിൽപ്പെട്ടു. മലകൾ പോലെ പൊങ്ങിമറിഞ്ഞുകൊണ്ടിരുന്ന തിരമാലകളുടെ മദ്ധ്യേ ആ യാനപാത്രം തകിടം മറിഞ്ഞുകൊണ്ടിരുന്നു. യാത്രക്കാരെല്ലാം ഭയവിഹ്വലരായി ദൈവകാരുണ്യത്തെ യാചിച്ചു. പ്രചണ്ഡമാരുതന് യാതൊരു ശമനവുമുണ്ടായില്ല. ആ കപ്പലിലുണ്ടായിരുന്ന, രണ്ടു മാസം മാത്രം പ്രായമായ ഒരു ശിശുവിനെ, കപ്പിത്താൻ തൻെറ കരങ്ങളിലെടുത്തുകൊണ്ടു് പ്രാർത്ഥിച്ചു. "കരുണാവാരിധിയായ ദൈവമേ, പാപികളായ ഞങ്ങളെക്കുറിച്ചല്ലാ, ഈ നിർമ്മല ശിശുവിനെപ്രതി ഞങ്ങളെ രക്ഷിക്കുക" എന്നു്. വിസ്മയമേ! ഉത്തരക്ഷണത്തിൽ കടൽ ശാന്തമായി... അനുദിനം നമ്മുടെ അൾത്താരകളിൽ സമർപ്പിതമാകുന്ന ശിശുവാകട്ടേ,

നൈർമ്മല്യത്തിൻെറ മൂർത്തീഭാവമായ ദൈവ സുതൻ തന്നെയാണ്; നിത്യപിതാവു തൻെറ അരുമസുതനിൽ സംപ്രീതനാകാതിരിക്കുമോ?

## ക്രിസ്തുനാഥൻെറ പ്രതിനിധി

വിഖ്യാതനായ ഒരു ഐറിഷ് ന്യായാധിപൻ തൻെറ ചാപ്ളിനോട് അത്യധികം ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചിരുന്നു. ദിവ്യബലി അർപ്പിക്കുവാനായി തയാറാകുന്ന ആ വൈദികൻെറ കരങ്ങൾ കഴുകുന്നതും തിരുവസ്ത്രങ്ങൾ അണിയുവാൻ സഹായിക്കുന്നതും ദിവ്യബലിയിൽ ശുശ്രൂഷ ചെയ്യുന്നതുമെല്ലാം അദ്ദേഹം തന്നെയായിരുന്നു. ഏതാദൃശമായ പെരുമാററം കണ്ട് ആശ്ചര്യപ്പെട്ടിരുന്നവരോട് ആ ന്യായാധിപൻ പറയും: "ഞാൻ രാജാവിൻെറ പ്രതിനിധിയാണെന്നുള്ള ബോധം എനിക്കുള്ളതുകൊണ്ട്, ആ നിലയിൽ മററുള്ളവരാൽ ബഹുമാനിക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. . എന്നാൽ, ഈ വൈദികനാകട്ടേ ദൈവപുത്രൻെറ പ്രതിനിധിയാണ്. തന്മൂലം, അദ്ദേഹത്തോടു പ്രദർശിതമാകുന്ന എത്ര വലിയ ബഹുമാനവും അധികമായിപ്പോകയില്ല. . ."

ക്രിസ്തുനാഥൻെറ പ്രതിനിധി! എത്ര ഉന്നതമല്ല ആ മഹനീയസ്ഥാനം? മനുഷ്യജാതിക്കു സന്മനസ്സും സമാധാനവും പ്രദാനം ചെയ്യുവാനായി സ്വർഗ്ഗാധിനാഥനാൽ നിയുക്തനായ ദൈവപ്രതിനിധി! പാപശൃംഖലകളെ തല്ലിത്തകർത്ത് പൈശാചികമായ അടിമത്തത്തിൽ നിന്നു മാനവരാശിയെ സമുദ്ധരിക്കുവാൻ പ്രാപ്തനായ സംരക്ഷകൻ! തകർന്ന ഹൃദയത്തിൽ ആശ്വാസാമൃതം പകരുകയും, പാപപ്പൊറുതിക്കും സ്വർഗ്ഗീയ സൗഭാഗ്യത്തിനും ഉറപ്പു നൽകുകയും ചെയ്യുന്ന ആശ്വാസപ്രദൻ! മനുഷ്യനായ ദൈവത്തിൻെറ മഹോന്നതോദ്ദേശം തുടർന്നുകൊണ്ടു പോകുവാൻ ദൈവത്താൽ നിർദ്ദിഷ്ടനായ ദൈവപ്രതിനിധി! സ്വർഗ്ഗത്തിലും ഭൂമിയിലും സമസ്താധികാരങ്ങളും അവയുടെ പരിപൂർണ്ണതയിൽ സ്വീകരിച്ചിരി

 14175

ക്കുന്ന പരമാധികാരി! — അത്യുന്നതന്റെ നിത്യ പുരോഹിതൻ. .. അദ്ദേഹത്തിന്റെ സ്ഥാന മാഹാത്മ്യം!!

"പൗരോഹിത്യമിന്നെല്ലാകിൽ? എങ്കിൽ ദിവ്യബലിയില്ല; ദിവ്യകാരുണ്യവുമില്ല; ദൈവാലയവുമില്ല; മതവുമില്ല."

"സ്നേഹനാഥനെ സക്രാരിയിൽ സന്നിധി ചെയ്യിക്കുന്നതാരാണ്. വൈദികൻ. ഈ ലോകത്തിലേക്കുള്ള പ്രവേശനത്തിൽ നിന്റെ ആത്മാവിനെ സ്വീകരിച്ചു നിർമ്മലമാക്കിയതാരാണ്? വൈദികൻ. പാപച്ചെളിയിൽ ആണ്ടുപോയ അതിനെ വീണ്ടും വിശുദ്ധീകരിച്ചതാരാണ്? വൈദികൻ. സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥയാത്രയിൽ അതി ശക്തിയും സ്ഥൈര്യവും നൽകുവാൻ സ്വർഗ്ഗീയ ഭോജനത്താൽ അതിനെ തീററിപ്പോററുന്നത് ആരാണ്? വൈദികൻ. നിത്യവിധിയാളന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാനൊരുങ്ങുന്ന ആത്മാവിനെ ദിവ്യ രക്ഷകന്റെ അമൂല്യ രക്തത്താൽ അവസാനമായി കഴുകി വെടിപ്പാക്കുന്നത് ആരാണ്? വൈദികൻ. അന്ത്യയാത്രയാരംഭിക്കുന്ന മനുഷ്യാത്മാവിനു പ്രത്യാശയും ആശ്വാസവും പ്രദാനം ചെയ്യുന്നത് പാപപ്പൊറുതിയും നിത്യ സൗഭാഗ്യവും വാഗ്ദാനം ചെയ്യുന്നത് ആരാണ്? വീണ്ടും വൈദികൻ; അത്യുന്നതന്റെ നിത്യപുരോഹിതൻ. വൈദികന്റെ സാന്നിദ്ധ്യ സഹകരണമില്ലാതെ യാതൊരു സ്വർഗ്ഗീയാനുഗ്രഹവും നമുക്കു ലഭിക്കുന്നില്ലതന്നെ." (വി. ജോൺ വിയാന്നി)

## നാലാം അദ്ധ്യായം

••••••••••

### അധികാര പാരമ്യം

സ്ഥാനമാഹാത്മ്യത്തിനനുസൃതമായി അധികാര പാരമ്യത്തിലും പുരോഹിതൻ അനുഗ്രഹസമ്പന്നൻ തന്നെ.

### ദിവ്യബലി

"ആധുനികകാലത്ത് പുരോഹിതന്മാർ പലരുണ്ട്. തന്മൂലം ക്രിസ്തു ബലിയായി പല സ്ഥലങ്ങളിലും അർപ്പിക്കപ്പെടുന്നു. അങ്ങനെ ഈ അതിപരിചയം, സാധാരണത്വം ദിവ്യപൂജയുടെ വിസ്മയാവഹത്വത്തെ നാം വിസ്മരിക്കുവാൻ കാരണമായിത്തീരുന്നു. "ഇതെന്റെ ഓർമ്മക്കായി ചെയ്യുവിൻ" എന്ന ക്രിസ്തുനാഥാനുശാസനം ഇല്ലായിരുന്നെങ്കിൽ, ദിവ്യ ബലിയർപ്പിക്കുവാൻ സൃഷ്ടികളിലാരെങ്കിലും മുതിരുമായിരുന്നോ? പ്രത്യേകിച്ച് പൊടിയും ചാമ്പലുമായ, ആദാമിന്റെ സന്തതി?

പ്രഥമ ദിവ്യബലിയർപ്പിക്കുവാൻ വളരെയെല്ലാം തയാറാകേണ്ടിയിരുന്നു. പ്രതിശ്രുതനായ രക്ഷകനെ പ്രതീക്ഷിച്ചുകൊണ്ടും പ്രത്യാശിച്ചുകൊണ്ടും കടന്നു പോയ പല പല തലമുറകൾ – ബഹുലങ്ങളായ നിഗൂഢാർത്ഥങ്ങളുൾക്കൊള്ളുന്ന 'പെസഹാക്കുഞ്ഞാടിന്റെ നിഹനനം, കന്യകാ മാതാവിന്റെ അമലോത്ഭവം, ഗർഭധാരണം ദൈവ സുതന്റെ ദിവ്യ ജനനം, രഹസ്യ ജീവിതം, പരസ്യജീവിതം, പാടുപീഡകൾ കാൽവരിക്കുന്നിലേ കുരിശുമരമാകുന്ന അൾത്താര, ജീവരക്തം തുള്ളി തുള്ളിയായി ചിന്തിക്കൊണ്ടിരിക്കുന്ന ദിവ്യമായ ബലിവസ്തു – അങ്ങനെ പലതും. . .

എന്നാൽ, ഇന്നോ? അപ്പവും വീഞ്ഞും, അൾത്താരക്കല്ലും ഒരു വൈദികനും!. . . കൂദാശവചനങ്ങൾക്കുള്ള സമയമാകുന്നു . . . വൈദികന്റെ ശിരസ്സ് അല്പം താ

ഴുക. "ദുർബ്ബലച്ചുണ്ടുകളും വിറയ്ക്കുന്നതുമായ അധരങ്ങളിൽ നിന്നുതിരുന്ന ഒരു ചെറുവാക്യം." ഇതെന്റെ ശരീരമാകുന്നു. . . . . പ്രകാശ കിരണത്തേക്കാൾ വേഗത്തിൽ "സൈന്യങ്ങളുടെ അധിനാഥൻ" "ഉന്നതത്തിലുള്ള തന്റെ സിംഹാസനത്തിൽനിന്ന്" അവരോഹണം ചെയ്തു കഴിഞ്ഞു, അൾത്താരപ്പടവിയിലേക്ക്. അപ്പത്തിന്റെ സത്ത അപ്രത്യക്ഷമാകുന്നു. തൽസ്ഥാനത്ത് 'പുതിയ നിയമത്തിലെ മെൽക്കിസ്ദേക്കി'ന്റെ പാവനകരങ്ങളിൽ ലോകത്തിന്റെ സ്രഷ്ടാവും രക്ഷകനും വിധിയാളനുമായ ക്രിസ്തുനാഥൻ സ്ഥിതി ചെയ്യുന്നു. . . ഒരൊററ ക്ഷണംകൂടി, "ഇതെന്റെ രക്തമാകുന്നു." . . ദിവ്യ ചെമ്മരിയാട്ടിൻകുട്ടി മൗതികമായ രീതിയിൽ വധിക്കപ്പെട്ടു; മാണിക്യമായ ദിവ്യരക്തം ചിന്തപ്പെട്ടു; കാൽവരിയിലെ പരമയാഗം പൂർത്തിയായി.

"ദൈവമാതാവ് ഒരിക്കൽമാത്രമേ ദൈവസുതനെ ലോകത്തിനു പ്രദാനം ചെയ്തുള്ളു. ഒരു വൈദികനാവട്ടേ അനുദിനം . . . "തന്റെ ദിവ്യസുതനെ തിരുവോസ്തിയിൽ സന്നിധി ചെയ്യിക്കുവാൻ കന്യകാംബികയ്ക്കു സാധിക്കുകയില്ല; എന്നാൽ വിനീതനും പാവപ്പെട്ടവനുമായ ഒരു വൈദികനു കഴിയും. . . . " (വി. ജോൺ മരിയാ വിയാന്നി)

## പാപവിമോചനം

നിങ്ങൾ പോയി നിങ്ങളെത്തന്നെ വൈദികന്മാക്കു കാണിച്ചു കൊടുക്കുവിൻ. ജുഗുപ്സാവഹമായ ആത്മീയ കുഷ്ഠം ബാധിച്ച ദുർഭഗരോടു ക്രിസ്തുനാഥൻ അരുൾച്ചെയ്യുന്നു. "എന്റെ ശക്തിയും അധികാരവും ലബ്ധമായിട്ടുള്ള എന്റെ പ്രതിനിധികളാകുന്നു അവർ; നിങ്ങളുടെ പാപങ്ങൾ എത്രതന്നെ ഭയങ്കരങ്ങളായിക്കൊള്ളട്ടേ, ബഹുലങ്ങളായിക്കൊള്ളട്ടേ, അവരിലൊരുവൻ അവ ക്ഷമിക്കുന്നുവെങ്കിൽ ഞാനും ക്ഷമിക്കും; പാപവിമോചനത്തിനായുള്ള അവരുടെ അധികാരം നിയന്ത്രിതമല്ല; അകം

ദൃത്തിലുള്ള അവരുടെ വിധിത്തീർപ്പിന്ന് അപ്പീലുമില്ല. എന്തെന്നാൽ, അവർ "ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടും; ഭൂമിയിൽ അഴിയ്ക്കുന്നതെല്ലാം സ്വർഗ്ഗത്തിലും വിമോചിക്കപ്പെട്ടും."

പാപപങ്കിലമായ ജീവിത ഗ്രന്ഥത്തിന്റെ ഓരോ പുറവും വായിച്ചു കേൾപ്പിക്കുവാൻ പുരോഹിതന്റെ പാദസവിധത്തിൽ മുട്ടുകുത്തി നിൽക്കുന്ന പാപിക്കു പ്രത്യാശയും ധൈര്യവും പ്രദാനം ചെയ്യുന്നതു് ക്രിസ്തുനാഥന്റെ ഈ തിരുവചനങ്ങളാണു്. ലജ്ജാകരമായ കഠിന പാപങ്ങളാൽ തന്റെ ആത്മാവിനെ കളങ്കിതമാക്കിയ ആ ദുർഭഗൻ പിതൃസ്വത്തായ പ്രസാദവരത്തിന്റേയും സ്വർഗ്ഗീയ മഹിമയുള്ള അവകാശത്തിന്റേയും ഏററം നിസ്സാര ഭാഗംപോലും "പന്നിയുടെ ഭക്ഷണമായ" തവിടിനുവേണ്ടി വിററഴിച്ച ആ ധൂർത്തപുത്രൻ, അനുതാപത്താൽ വിവശമെങ്കിലും പ്രത്യാശയാൽ തുടിയ്ക്കുന്ന ഹൃദയത്തോടേ, തന്റെ കൃതഘ്നതയുടെ ക്രമ്പാരത്തെ ക്രിസ്തുനാഥപ്രതിനിധിയ്ക്കു കാണിച്ചു കൊടുക്കുന്നു. . : . . ആശ്വാസദായകമായ ഒരു വാക്യശകലം അവന്റെ ശ്രവണപുടങ്ങളിൽ മാറെറാലിക്കൊള്ളുന്നു. "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിന്റെ പാപങ്ങൾ ഞാൻ മോചിക്കുന്നു." ഫ്രാൻസിസ് അസീസിയുടെ അതുല്യമായ സംയമന ശക്തിയുടേയും അമോഘമായ സഹോദര സ്നേഹത്തിന്റേയും നിത്യസ്മാരകമായ സ്നേഹ ചുംബനം ലഭിച്ച കുഷ്ഠരോഗി ഉത്തരക്ഷണത്തിൽ രോഗവിമുക്തനായതുപോലെ, പാപവിമോചനം ലഭിച്ച ആത്മാവും നിർമ്മലയായിത്തീരുന്നു. . . . അന്ധകാരശക്തിയെ തള്ളിയകററിക്കൊണ്ടു പവിത്രാത്മാവു തന്റെ ലൗകിക ഗേഹത്തിലേക്കു പറന്നെത്തുന്നു. പാപംമൂലം നഷ്ടീഭവിച്ചിരുന്ന പ്രസാദവരവും സ്വർഗ്ഗീയ യോഗ്യതയും അവനു പുനർലബ്ധമാകുന്നു; അവനെതിരായി അപ്പോൾ വരെ ബന്ധിതമായിരുന്ന സ്വർഗ്ഗകവാടം ഇതാ അവനു

വേണ്ടി തുറക്കപ്പെട്ടിരിക്കുന്നു. മൃതനായ ആ ദൈവസ്നാനം ഇതാ പുനർജ്ജീവിച്ചു കഴിഞ്ഞു.

മൃതരായവരെ വിശുദ്ധാത്മാക്കൾ അത്ഭുത ശക്തിയാൽ പുനർജ്ജീവിപ്പിച്ചിട്ടുണ്ട്. എന്നാൽ, മരണത്തിനു വിധേയമായ ആ ആത്മാവിനു നിത്യജീവൻ പ്രദാനം ചെയ്യുമ്പോൾ വൈദികൻ പ്രവർത്തിക്കുന്ന അത്ഭുതത്തോട് അവ തുലനം ചെയ്യത്തക്കതോ?

പരിശുദ്ധ കന്യകയോടു നിങ്ങൾ കുമ്പസാരിക്കുക; അല്ലെങ്കിൽ പതിനായിരം ദൈവദൂതന്മാരോടു നിങ്ങൾ പാപങ്ങളെ ഏററു പറയുക; അവർ നിങ്ങൾക്കു പാപവിമോചനം നൽകുമോ? ഇല്ല; എന്നാൽ, പാവപ്പെട്ട ഒരു വൈദികനു് അതു സാധിക്കും. (വി. ജോൺ വിയാന്നി)

"പിതാവേ" തൻെറ സുദീർഘമായ ഭൂതകാല ജീവിതത്തിലെ പാപപങ്കിലമായ ഭാഗങ്ങൾ കുമ്പസാരത്താൽ നിർമ്മലമാക്കിയതിനു ശേഷം ഒരുന്നതോദ്യോഗസ്ഥൻ കുമ്പസാരക്കാരനോടു പറയുകയാണ്. "അങ്ങയുടെ പാദാന്തികേ എനിക്കു സംലബ്ധമായതുപോലെയുള്ള ആനന്ദവും ഹൃദയസമാധാനവും മറെറാരിടത്തു നിന്നും ലഭിക്കുകയില്ലെന്നു ലോകത്തെ അറിയിച്ചാലും; ലൌകിക സമ്പത്തും സ്ഥാനമാനങ്ങളും ധാരാളമായി എനിക്കുണ്ടായിരുന്നു; ജഡികാഭിലാഷങ്ങളുടെ പൂർത്തീകരണത്തിൽ ഞാൻ ഒട്ടുംതന്നെ വിമുഖനായിരുന്നില്ല. എന്നാൽ, പാപവിമോചന വേളയിൽ എനിക്കനുഭവവേദ്യമായ സംതൃപ്തിയോടും ആനന്ദത്തോടും ഇവയൊന്നും ഉപമിക്കാവുന്നതല്ല.

## സ്വർഗ്ഗത്തിൻെറ താക്കോൽ

"നിനക്കറിയാൻ പാടില്ലേ" പീലാത്തോസു ക്രിസ്തുനാഥനോടു ചോദിച്ചു, "നിന്നെ വിധിക്കാനോ സ്വതന്ത്രനാക്കാനോ എനിക്കധികാരമുണ്ടെന്നു്."

"ഉന്നതത്തിൽനിന്നു നൽകപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ, നിനക്ക് എൻെറ മേൽ യാതൊരധികാരവുമില്ലായിരുന്നേനേ" ക്രിസ്തുനാഥൻ പ്രശാന്തനായി ഉത്തരമരുളി.

പൌരോഹിത്യ സ്വീകരണാവസരത്തിൽ തനിക്കു ലബ്ധമായ ഉന്നതാധികാരങ്ങൾ, തൻെറ സൂക്ഷ്മത്തിനേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിൻെറ ആത്മീയോപയോഗത്തിനായി "ഉന്നതങ്ങളിൽ നിന്നു നൽകപ്പെട്ടിട്ടുള്ള"താണെന്ന് വൈദികനറിയാം. അദ്ദേഹത്തിൻെറ പക്കലേക്കാണ് വിശ്വാസികൾ തങ്ങളുടെ പിഞ്ചുപൈതങ്ങളെക്കൊണ്ടുവരുന്നതു്, ജ്ഞാനസ്നാനജലത്താൽ അവരെ ദൈവ പുത്രന്മാരാക്കുന്നതിന്. അദ്ദേഹത്തിനു മാത്രമേ സാധിക്കൂ, അവരുടെ ആത്മാക്കളിലേ പാപക്കറകളെ പ്രമാർജ്ജനം ചെയ്തു പ്രസാദവരമാകുന്ന കല്യാണ വസ്ത്രത്താൽ അവയെ അലങ്കരിക്കുവാൻ. ദിവ്യകാരുണ്യ വിരുന്നൊരുക്കുക, ആയുസ്സിൻെറ അപ്പത്തെ ഭാഗിച്ച്, ക്ഷുത്പിപാസാപീഡിതമായ മനുഷ്യാത്മാവിനു നൽകുക, വിവാഹ ബന്ധത്തെ ആശീർവ്വദിച്ചനുഗ്രഹിക്കുക, വിശുദ്ധ തൈല ലേപനത്താൽ ശാരീരിക രോഗം സുഖപ്പെടുത്തുക, അഥവാ സ്വർഗ്ഗയാത്രയ്ക്കൊരുങ്ങുന്ന ക്രിസ്ത്രീയാത്മാവിന്, ആശ്വാസവും പ്രത്യാശയും, ധൈര്യവും ശക്തിയും, പാപവിമോചനവും സ്വർഗ്ഗപ്രവേശാച്ചാരവും പ്രദാനം ചെയ്യുക തുടങ്ങിയവ അദ്ദേഹത്തിൻെറ ആനന്ദപ്രദങ്ങളായ കർത്തവ്യങ്ങളാണ്; 'സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ" അദ്ദേഹത്തിനു ലഭിച്ചിരിക്കുന്നു. അതു യഥേഷ്ടം അദ്ദേഹത്തിനു ഉപയോഗിക്കാം — സ്വർഗ്ഗ കവാടം ബന്ധിക്കുന്നതിനും തുറക്കുന്നതിനും!! അത്യുന്നതൻെറ പുരോഹിതനെപ്പററി ലോകം എത്ര കുറച്ചുമാത്രം ചിന്തിക്കുന്നു — ലോകത്തിന് അദ്ദേഹത്തോടുള്ള കടപ്പാടിനെപ്പററി മാനവരാശിയുടെ പാപാക്രമങ്ങൾ നിമിത്തം ഉജ്ജ്വലിതമായ ദൈവകോപത്തെ എത്ര പ്രാവശ്യം അദ്ദേഹം ശമിപ്പിച്ചിട്ടില്ലേ! ദൈവിക നീതി

യുടെ പ്രതികാര ഖഡ്ഗത്തിൽ നിന്ന് എത്ര പ്രാവശ്യം ലോകത്തെ അദ്ദേഹം രക്ഷിച്ചിട്ടില്ല! നരക വക്ത്രത്തിൽ നിന്ന് എത്രയാത്മാക്കളെ വി മുക്തമാക്കിയിട്ടില്ല! കഠിന വ്യഥയാൽ പൊട്ടിത്തകർന്ന എത്ര ഹൃദയങ്ങളിൽ സമാധാന പീയൂഷം അദ്ദേഹം ചിന്തിയിട്ടില്ല! ഈശ്വര കാരുണ്യം എത്രപേക്ക സമ്പാദിച്ചു കൊടുത്തിട്ടില്ല! നിന്ദനവും ഭർത്സവുമായിരിക്കും പലപ്പോഴും അദ്ദേഹത്തിനു കിട്ടുന്ന പ്രതിഫലം. അദ്ദേ ഹത്തിൻെറ നിസ്സാര ന്യൂനതകൾ പോലും പർവ്വതീകരിക്കപ്പെടുന്നു. എന്നാൽ, ഇതൊന്നും വകവെയ്ക്കാതെ, പ്രശാന്തതയോടേ അദ്ദേഹം, തൻെറ കർത്തവ്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു. ദൈവത്തിൻെറ ശക്തിയും സഹായവും സർവ്വദാ അദ്ദേഹത്തെ അനുധാവനം ചെയ്യുന്നു; അവിടുത്തേ അനുഗ്രഹങ്ങൾ അദ്ദേഹത്തെ പിഞ്ചെല്ലുകയും ചെയ്യുന്നു.

ആ വിനീത വ്യക്തിയോടു ലോകത്തിനുള്ള കടപ്പാട് ഇന്നല്ലെങ്കിൽ നാളെ വ്യക്തമാകും – അല്ലെങ്കിൽ, അവസാന വിധി ദിവസമെങ്കിലും!

## ആത്മാക്കളുടെ രക്ഷണം

"ആത്മാക്കളെ രക്ഷിക്കുക" – വലരും പലപ്പോഴും ഉച്ചരിക്കാറുണ്ട് ആ ചെറുവാക്യം. എന്നാൽ, അതുൾക്കൊണ്ടിരിക്കുന്ന മഹനീയാശയങ്ങളെപ്പററി ചിന്തിക്കുന്നവർ എത്ര വിരളം! മരണകരമായ അപകടത്തിൽ നിന്ന് ഒരുവനെ രക്ഷിക്കുക വീരോചിതമായ ഒരു മഹാ കൃത്യമായി പരിഗണിക്കപ്പെടാറുണ്ട് – അതു ന്യായ്യമാണ്. എന്നാൽ, ഒരിക്കലും അവസാനിക്കാത്ത നരകത്തീയിൽ നിന്ന് അമർത്ത്യമായ ഒരാത്മാവിനെ രക്ഷിക്കുക അത്ര വലിയ കാര്യമായി ലോക ദൃഷ്ടിയിൽ കരുതപ്പെടാറില്ല! ബുദ്ധിമാനെന്നഭിമാനിയ്ക്കുന്ന മനുഷ്യൻെറ ഭോഷത്തം!!

## തീ! തീ!!

ഐർലണ്ടിലെ ഒരു സത്രത്തിന് ഒരിക്കൽ അഗ്നിബാധയുണ്ടായി. പെട്ടന്നു നാലുപാടും തീ ആളിക്കത്തി. സംഭ്രാന്തചിത്തരായ നിവാസികളെല്ലാം പുറത്തു ചാടി. എല്ലാവരും രക്ഷപെട്ടു എന്നു കരുതി ആശ്വാസത്തോടു കൂടി, ഉയർന്നുപൊങ്ങുന്ന അഗ്നിജ്ജ്വാലകളേയും എരിഞ്ഞിറങ്ങുന്ന കെട്ടിടത്തേയും നോക്കിക്കൊണ്ട് ഒരു വലിയ ജനക്കൂട്ടം സത്രത്തിനു സമീപം നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ അതാ ജനക്കൂട്ടത്തിൽ നിന്ന് സംഭ്രാന്തജനകമായ ഒരു ദീനരോദനം! എല്ലാവരുടേയും നയനങ്ങൾ അങ്ങോട്ടു തിരിഞ്ഞു. ഉത്തരക്ഷണത്തിൽ, അഗ്നിമയമായിത്തീർന്നുകഴിഞ്ഞ രണ്ടാം നിലയിലേക്കും. അവിടെ, ഒരു ജനാലയ്ക്കു സമീപം പത്തു വയസ്സു മാത്രം പ്രായമുള്ള ഒരു പിഞ്ചു ബാലൻ അവർക്കു ദൃശ്യനാകുന്നു. ഭയചകിതനായ അവൻെറ മുഖം വെളുത്തു വിളറിയും, അധരങ്ങൾ കറുത്തു കരുവാളിച്ചും നയനങ്ങൾ തുറന്നു തുറിച്ചും കാണപ്പെട്ടു. ജനാലയുടെ ഇരുമ്പഴികളെ പിടിച്ചൊടിച്ച് അവിടെ നിന്നു രക്ഷപെടുന്നതിനായി അവൻെറ പിഞ്ചുകരങ്ങൾ അതീവയത്നം നടത്തുന്നു. ഇതികർത്തവ്യതാമൂഢരായി നിൽക്കുന്ന ആ ജനക്കൂട്ടത്തോട് അവൻ ദയനീയമായി സഹായമഭ്യർത്ഥിക്കുന്നു:... ഒരു ബീഭത്സ ദുർഭൂതം തൻെറ ഭയങ്കര ജിഹ്വയെ നീട്ടിക്കൊണ്ട് മുന്നോട്ടു പായുന്നതുപോലെ അഗ്നിജ്വാലകൾ അനുക്ഷണം അവനെ സമീപിച്ചുകൊണ്ടിരിക്കുന്നു; കുറച്ചു സമയംകൂടി മതി, ആ പിഞ്ചുബാലൻെറ ഇളംമെയ്യ് ആ അഗ്നികുണ്ഡത്തിൽ ഹോമിക്കപ്പെടുന്നതിന്.

ധൈര്യമനസ്കരായ ചില വീരപുരുഷന്മാർ മുന്നോട്ടാഞ്ഞു, എങ്ങനെയെങ്കിലും അവനെ രക്ഷിക്കുന്നതിനായി! എന്നാൽ, ഭീരുക്കളായ മററു ചിലരുടെ കരവലയങ്ങൾക്കുള്ളിൽ അവർ ബന്ധിതരായിക്കഴിഞ്ഞു. "കത്തിക്കാളുന്ന തീച്ചൂളയിലേയ്ക്ക് എടുത്തു ചാടുകയോ? ഭ്രാന്ത

ല്ലെങ്കിൽ സുസ്പഷ്ടമായ ഭോഷത്തമെങ്കിലുമല്ലേ അതു്? എന്നായിരുന്നു ആ ഭീരുക്കളുടെ വാദം. "അതാ കോവണി യ്ക്കു തീ പിടിച്ചുകഴിഞ്ഞു. മേൽക്കൂര നിലം പതിക്കുവാൻ ഇനി അധികം താമസമില്ല; പാപം!,ആ കുഞ്ഞിൻെറ യാതന ഇനി അധികം നീണ്ടുനിൽക്കുകയില്ല" ചിലർ സഹതാപപൂർവ്വം ആത്മഗതം ചെയ്തു.

ഒരു ക്ഷണം കൂടി, വായുവേഗത്തിൽ ആരോ മു ന്നോട്ടോടി, ആ തീച്ചൂളയിൽ മറഞ്ഞു കഴിഞ്ഞു. ഭയാനകമാ യ നിശ്ശബ്ദത എങ്ങും നടമാടി. "എന്താണു സംഭവിക്കു വാൻ പോകുന്നതു്!!" നിർന്നിമേഷരായി നിൽക്കുന്ന ജന തതിയുടെ ഉൽകണ്ഠാകുലമായ വിചാരഗതിയാണതു്. ആ സാഹസ കൃത്യത്തിനൊരുങ്ങിയവൻെറ മരണവിധി കാണികളിൽ പലരും എഴുതിക്കഴിഞ്ഞു. "എങ്കിലും വീ രോചിതമായ മരണമാണതു്." മററു ചിലർ സമാധാ നിച്ചു. രണ്ടു മിനിട്ടുകൾ കൂടി! ജനതതി ഒന്നാകെ ആ ർത്തു വിളിക്കുന്നു. ജനാലയ്ക്കു സമീപം, പ്രാണരക്ഷക്കുവേ ണ്ടി പണിപ്പെടുന്ന ആ പിഞ്ചുബാലകൻ ബലിഷ്ഠമായ കരവലയത്തിനുള്ളിൽ അമരുന്നു. . . ഉത്തരക്ഷണത്തിൽ അവൻ അപ്രത്യക്ഷനുമായി. ഒരു നിമിഷം കൂടി പിന്നെ യും ധീരോദാത്തനായ ആ വീരപുരുഷനും മരണവക്ത്ര ത്തിൽ നിന്നു വിമോചിതനായ ആ പിഞ്ചു ബാലനും, ഉൽകണ്ഠാകുലരായി നിന്നിരുന്ന ജനക്കൂട്ടത്തിൻെറ അ നുമോദനപ്രകടന കോലാഹലങ്ങൾക്കു മദ്ധ്യേ സത്ര ത്തിൽ നിന്നു പുറത്തു വന്നു. ആ ക്ഷണം തന്നെ, എരി ഞ്ഞു തീർന്ന മേൽക്കൂര ഒരു ഘോരാരവത്തോടുകൂടി നി ലം പതിച്ചു. . . അമാനുഷികമായ ഈ ധൈര്യപ്രകട നത്തിൽ ഈ വീര പുരുഷനെ അഭിനന്ദിക്കാത്തവർ ഉ ണ്ടായിരിക്കുകയില്ല.! അയാളുടെ വീരകൃത്യത്തെ വാനോ ളം പുകഴ്ത്തുവാൻ യാതൊരുവനും മടിക്കുകയുമില്ല. എ ന്നാൽ അയാൾ എന്താണു ചെയ്തതു്? ഒരു പിഞ്ചുബാ ലനെ മരണാപകടത്തിൽ നിന്നു രക്ഷിച്ചു; നാലഞ്ചു മി നിററു നേരത്തേക്കു് അവൻ അനുഭവിക്കേണ്ടിയിരുന്ന

മരണ യാതനയിൽ നിന്നവനെ വിമുക്തനാക്കി. "കണ്ണുനീരിൻെറ താഴ്വരയിലേ" അവൻെറ പ്രവാസം കുറച്ചു കൊല്ലങ്ങൾ കൂടി നീട്ടിക്കൊടുത്തു. എന്നാൽ ഒരാത്മാവിനെ ഒരുവൻ രക്ഷിക്കുന്നെങ്കിലോ? അവസാനമില്ലാത്ത പൈശാചിക പീഡനങ്ങളിൽ നിന്ന്, നിത്യമായ നരകത്തീയിൽനിന്ന്, ഒരാൾ വിമുക്തനാകുന്നു; അനന്തമായ, അനശ്വരമായ സ്വർഗ്ഗീയ സൗഭാഗ്യം അയാൾക്കു കരഗതമാകുന്നു. . . തുച്ഛമായ പീഡനങ്ങളിൽ നിന്ന് ഒരുവനെ രക്ഷിച്ചു ഹ്രസ്വമായ ആയുസ്സു നൽകുന്നതും, അവാച്യമായ നാരകീയ ദുരിതത്തിൽ നിന്ന് നിസ്തുലമായ ഒരാത്മാവിനെ രക്ഷിച്ചു നിത്യസൗഭാഗ്യത്തിലേക്കാനയിക്കുന്നതും തമ്മിൽ എന്തു സാമ്യമാണുള്ളതു്? ലോകം മുഴുവനും അതിലെ സമ്പാദ്യങ്ങളെല്ലാവും കൂട്ടിയാലും ഒരാത്മാവിൻെറ വിലയാവുകയില്ല; ഇങ്ങനെയുള്ള ഒരാത്മാവിനെ രക്ഷിക്കുന്നതിനേക്കാൾ അഭികാമ്യമായ മറെറന്തുണ്ട്?

ക്രിസ്തുനാഥൻ ഈ ലോകത്തിൽ അവതരിച്ചതും, ദുസ്സഹമായ പാടു പീഡകളെ അനുഭവിച്ചു ക്രൂശുമരണം സ്വീകരിച്ചതും ഈ ആത്മാക്കൾ ഓരോന്നിനും വേണ്ടിയാണ്. അവിടുത്തേ രക്ഷാകരമായ പ്രവൃത്തി തുടരുകയാണ് ആത്മാക്കളുടെ രക്ഷ നിർവ്വഹിക്കുന്നവർ ചെയ്യുന്നതു്.

"മനുഷ്യരക്ഷാർത്ഥം ക്രിസ്തുനാഥൻ പ്രവൃത്തിച്ചതും സഹിച്ചതുമെല്ലാം ഒരൊററ ആത്മാവിനു വേണ്ടിമാത്രം അവിടുന്നു ചെയ്യുമായിരുന്നു." ഒരാത്മാവിൻെറ വില ദൈവ സുതൻെറ അമൂല്യരക്തമാണ്; ദൈവസുതൻെറ ക്രൂശുമരണമാണ്; കാൽവരിയിലേ അതുല്യമായ പരമബലിയാണ് — അതേ അനശ്വരമായ ഒരാത്മാവിൻെറ വില മനുഷ്യ ബുദ്ധിയ്ക്കു ദുർഗ്രഹമാണ്. "ഒരാത്മാവിനെ ഒരിക്കൽ കാണ്മാൻ ഇടവന്നാൽ, അതിൻെറ അഭൗമികമായ സൗന്ദര്യത്തിൽ മതിമറന്ന് ആത്മരക്ഷക്കു വേണ്ടി മാത്രമേ നീ പ്രാർത്ഥിക്കുവാൻ മുതിരുകയുള്ളു."

"എൻെറ സഹായമില്ലായിരുന്നെങ്കിൽ നരകത്തീയിൽ കിടന്നു കഷ്ടപ്പെടേണ്ടിയിരുന്ന ഒരാത്മാവ് ഇപ്പോൾ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നുണ്ട്" എന്ന് മരണവേളയിൽ പറയുവാൻ സാധിക്കുന്നവൻ എത്ര സൗഭാഗ്യവാൻ! തൻെറ കാര്യവിചാരണയുടെ കണിശമായ കണക്കു കൊടുക്കുവാൻ നിത്യവിധിയാളൻെറ മുമ്പിൽ നിത്ത്തപ്പെടുവാൻ പോകുന്ന ആ സാധുമനുഷ്യന് ഈ ചിന്ത എത്ര ആശ്വാസപ്രദമായിരിക്കും!

ഒരു വൈദികൻ! അദ്ദേഹം എത്ര ആത്മാക്കളെ നരകക്കുണ്ടിൽ നിന്നു രക്ഷിക്കുന്നില്ല! ജ്ഞാനസ്നാന ജലത്താൽ അദ്ദേഹം ദൈവപുത്രനാക്കിത്തീർത്ത എത്ര പിഞ്ചുപൈതങ്ങൾ, ആത്മനൈർമ്മല്യത്തെ താറുമാറാക്കുന്നതിനു മുമ്പ് ദൈവദൂതഗണത്തിൽ എത്തിച്ചേരുന്നു.! അന്ത്യശ്വാസം വിടുന്ന അദ്ദേഹം പാപവിമോചനം ഒരുവന് നൽകുന്നു. ആ സാധുവിനെ പൈശാചിക ദംഷ്ട്രകളിലും നരക വക്രത്തിലുംനിന്ന്, അദ്ദേഹം വിമുക്തനാക്കുകയല്ലയോ ചെയ്യുന്നത്? അദ്ദേഹത്തിൻെറ ഈ രക്ഷാകൃത്യത്തിൻെറ ഭൂരിഭാഗവും ബാഹ്യദൃഷ്ടിക്കജ്ഞാതമായ വിധത്തിലാണ് സംഭവിക്കുന്നത്. അനുദിനം ദിവ്യസുതൻെറ തിരുശ്ശരീരരക്തങ്ങൾ നിത്യപിതാവിനു സമർപ്പിച്ചുകൊണ്ടും, സ്വർഗ്ഗവാസികളുടെ «പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ, എന്ന സ്തോത്രഗീതങ്ങളോടുകൂടി തിരുസ്സഭയുടെ നാമത്തിൽ കരുണ യാചിച്ചുകൊണ്ടും, എത്രയെത്ര ആത്മാക്കൾക്ക് യഥാർത്ഥമായ അനുതാപവും അന്ത്യംവരെയുള്ള നിലനിൽപ്പും അദ്ദേഹം സമ്പാദിച്ചുകൊടുക്കുന്നില്ല! 'പുറംപൂച്ചിൽ' മാത്രം മയങ്ങിപ്പോകുന്ന പ്രാപഞ്ചികന്മാർക്ക് ഇവയെല്ലാം അജ്ഞാതമാണ്. എന്നാൽ, ഒരിക്കൽ ഇവയെക്കുറിച്ച് അവർക്കു ബോധപ്പെടും — അവസാന വിധിദിവസം!

"അൻപതിനായിരം ആത്മാക്കളെയെങ്കിലും നരകത്തീയിൽ നിപതിക്കാതെ, രക്ഷിക്കുവാൻ ഒരു വൈ

ദികനു സാധിക്കും" എന്നാണ് ഒരു വൈദികശ്രേഷ്ഠൻ പ്രസ്താവിക്കുന്നത്.

### വേലക്കാർ ചുരുക്കം

വി. ഫ്രാൻസിസ് സേവ്യർ പലപ്പോഴും ഉദീരണം ചെയ്തിരുന്നു. "ദൈവമേ, ആത്മാക്കളെ തരിക, ആത്മാക്കളെ തരിക" എന്ന്. ഇന്നു ദിഗന്തങ്ങളിൽ പ്രതിദ്ധ്വനിക്കുന്ന അഭ്യർത്ഥന "വൈദികരെ തരിക, വൈദികരെ തരിക" എന്നാണ്. "വിളവധികം, വേലക്കാരോ ചുരുക്കം."

ഇന്നും, ക്രിസ്തുമതസ്ഥാപനത്തിനുശേഷം ഇരുപതു നൂറ്റാണ്ടുകൾ കടന്നുപോയിട്ടും, ലോകത്തിലുള്ള അക്രൈസ്തവരുടെ ആകത്തുക 1000,000,000 ആണ്. അവരെത്തോളോട്തോളു ചേർത്ത് ഒരു നിരയായി നിർത്തുക; 400000 മൈൽ നീളമുണ്ടായിരിക്കും ആ മനുഷ്യനിരയ്ക്കു! ഒരു ക്രൂശിതരൂപം സ്ഥാപിച്ച് അതിന്റെ മുമ്പിൽക്കൂടി അവരെ, ഓരോരുത്തരായി കടത്തി വിടുക, മിനിററിൽ അറുപതു പേർ വീതം (സെക്കൻറിൽ ഒരാൾ) ആ രക്ഷാകരമായ കുരിശുരൂപത്തിനു മുമ്പിൽക്കൂടി കടന്നുപോകുവാൻ 31½ നീണ്ട വർഷങ്ങൾ കാത്തു നിൽക്കണം, ആ നിരയിലെ അവസാനത്തേയാളിന് തന്റെ മുറയ്ക്കു വരുവാൻ!! എന്നാൽ അവരിലൊരുവൻപോലും, തങ്ങൾക്കു വേണ്ടി സ്വന്ത ജീവനെ ബലി കഴിച്ച ആ നിസ്വാർത്ഥ സ്നേഹിതനെ അറിയുകയില്ല; അവിടുത്തോട് കൃതജ്ഞതാസൂചകമായ ഒരു വാക്കുപോലും ഉച്ചരിക്കുകയുമില്ല.!!

നമ്മുടെ മാതൃരാജ്യമായ ഭാരതത്തിന്റെ സ്ഥിതിയോ? 100 ന് ഒരാൾമാത്രം യഥാർത്ഥത്തിൽ ക്രിസ്തുനാഥന്റെയനുഗാമി; 99 ശതമാനവും വഴിതെററി അലഞ്ഞു തിരിയുന്നു; അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും സ്ഥിതി ചെയ്യുന്നു; വിനാശത്തിന്റെ വിസ്തീർണ്ണമായ വഴിയിൽക്കൂടി വ്യാപരിക്കുന്നു.

1000,000,000 ആത്മാക്കൾ ഇന്നും ക്രിസ്തുവിനെ അറിയാത്തവരായി! അവർ ഓരോരുത്തരുടേയും രക്ഷയ്ക്കായിട്ടാണ് ക്രിസ്തുനാഥൻ തൻെറ അമൂല്യ രക്തം ചിന്തിയത് — അവസാനത്തുള്ളിവരെ! തൻെറ ജീവനെ ബലികഴിച്ചത് — കാൽവരിയിലെ ക്രൂശുമരത്തിൽ അവിടുത്തെ അനർഘമായ ദിവ്യരക്തം, അമാനുഷികമായ പാടുപീഡകൾ, ഉപയോഗശൂന്യമാവുകയോ ഫലരഹിതമാവുകയോ ഇത്രയധികം ആത്മാക്കളുടെ കാര്യത്തിൽ? അവരെല്ലാം നശിക്കട്ടെന്നോ? അനന്തമായ നരകത്തീയിൽ, പൈശാചിക പീഡനങ്ങൾ, നിത്യകാലത്തേക്കനുഭവിക്കട്ടെയെന്നോ?

"വൈദികനില്ലെങ്കിൽ ദൈവികദാനങ്ങളെല്ലാം തന്നെ നമുക്കുപയോഗശൂന്യമായിത്തീരും. അമൂല്യ നിക്ഷേപങ്ങൾ നിറഞ്ഞ ഒരു മഹാസൗധം നമ്മുടെ അധീനത്തിലുണ്ടെങ്കിലും, അതു തുറന്നുതരുവാനാളില്ലെങ്കിൽ അതുകൊണ്ടെന്തു പ്രയോജനം? സ്വർഗ്ഗീയ നിക്ഷേപങ്ങളെ ഉൾക്കൊള്ളുന്ന ഭണ്ഡാഗാരത്തിൻെറ താക്കോൽ വൈദികൻെറ കയ്യിലാണ്. ദൈവദാനങ്ങളുടെ കാര്യസ്ഥനും വിഭാജകനും വൈദികനാണ്. വൈദികൻെറ അഭാവത്തിൽ, ദിവ്യരക്ഷകൻെറ പാടുപീഡകളും ക്രൂശുമരണവും നമുക്കുപയോഗശൂന്യമായി ഭവിക്കും. ഒരു അക്രൈസ്തവനു് അവ എന്തുമാത്രം ഉപകരിക്കുന്നു? മാണിക്യമായ ആ ദിവ്യ രക്തം അവരുടെ ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിക്കുവാൻ അത്യുന്നതൻെറ പുരോഹിതൻ അവർക്കില്ല. ഉവ്വ്, ഒരു വൈദികൻ, തനിക്കുവേണ്ടിയല്ല, പ്രത്യുത അന്യർക്കുവേണ്ടിയാണ്, പൗരോഹിത്യം സ്വീകരിച്ചിരിക്കുന്നത്; തനിക്കു തന്നെ അദ്ദേഹം പാപവിമോചനം നൽകുന്നില്ല; കൂദാശകളൊന്നും അനുഷ്ഠിക്കുന്നുമില്ല. (വി. ജോൺ വിയാന്നി)

"വൈദികരെ തരിക; ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കാൻ വൈദികരെ തരിക" എന്നുള്ള സഹായാഭ്യർത്ഥന എവിടെയും മാറ്റൊലിക്കൊള്ളുന്നു. പ്രിയ വായ

നക്കാരാം, ഈ അഭ്യർത്ഥന ശ്രവിക്കുക. അവരെ സഹാ യിക്കാൻ നിനക്കു സാധിക്കുകയില്ലേ? "കണ്ടാലും, ഞാൻ വളരെ മീൻപിടുത്തക്കാരേ അയയ്ക്കും. അതിനു ശേഷം വേട്ടക്കാരേയും . . ." എന്തുകൊണ്ട് നിനക്കും ഒരു മീൻ പിടുത്തക്കാരൻ, അഥവാ വേട്ടക്കാരൻ ആയിക്കൂടാ?

## അഞ്ചാം അദ്ധ്യായം

### എനിയ്ക്കും ഒരു വൈദികനാകാമോ?

"അഹറോനേപ്പോലെ ദൈവത്താൽ വിളിക്കപ്പെ ടാത്തവരാരും ആ സ്ഥാനം എടുക്കുന്നില്ല." പൗരോഹി ത്യ സ്വീകരണത്തിനു സന്നദ്ധനാകുന്നവന് ദൈവവി ളി അവശ്യാവശ്യമാണ്. ഇതിൽ ഭിന്നാഭിപ്രായത്തിനു വകയില്ല.

എന്നാൽ എന്താണ് ഈ ദൈവ വിളി? പൗരോ ഹിത്യത്തിനുള്ള ദൈവ വിളിയുടെ ഒരാവശ്യ ഘടകമാ യി, ആ സ്ഥാനത്തേക്കുള്ള ഒരാന്തരികാകർഷണത്തെ ചി ല ഗ്രന്ഥകാരന്മാർ പരിഗണിച്ചിരുന്നു. പ്രത്യേകമായ ഈ ആന്തരികപ്രേരണ, പൗരോഹിത്യ സ്വീകരണത്തി നുള്ള തീവ്രമായ ഈ അഭിവാഞ്ഛ, അനുഭവപ്പെടാത്ത വർക്ക് ദൈവവിളിയില്ലെന്നു വിചാരിക്കേണ്ടിയിരി ക്കുന്നു എന്നാണവരുടെ അഭിപ്രായം. ദൈവവിളി ദൈവത്തിൻറെ ഒരു സ്വതന്ത്ര ദാനമായിരിക്കുന്ന സ്ഥി തിക്ക് പലരിൽനിന്നും ചിലർക്കുമാത്രം അവിടുന്ന് ഈ മഹാനുഗ്രഹം നൽകുന്ന സ്ഥിതിയ്ക്ക്, ഈ തിരഞ്ഞെടു പ്പിനെപ്പററി അവിടുന്നു തന്നെ നേരിട്ട് ആന്തരികമാ യിട്ടെങ്കിലും ആ ആത്മാവിനെ അസന്നിഗ്ദ്ധമായി അറി യിക്കേണ്ടിയിരിക്കുന്നു; ഇപ്രകാരമൊരാന്തരിക ബോധ മില്ലാതെ വൈദിക പദസ്വീകരണത്തിനൊരുങ്ങുന്ന

ത്ത് ഔദ്ധത്യമെന്നു മാത്രമല്ല സുസ്പഷ്ടമായ ഭോഷത്തം കൂടി ആയിരിക്കും; എന്നെല്ലാമാണ് മേൽപ്പറഞ്ഞ ഗ്രന്ഥകാരന്മാരുടെ അഭിപ്രായം.

എന്നാൽ, വിനാശകരമായ ഈ അഭിപ്രായം തിരുസ്സഭയുടേതിൽ നിന്നു വിഭിന്നമാണെന്നു സ്പഷ്ടമായിരിക്കുന്നു. 1909 – ൽ ജോസ്ഫ് ലാഹെൾററൺ എന്ന വേദശാസ്ത്ര പണ്ഡിതൻ ദൈവവിളിയെക്കുറിച്ചുള്ള തൻെറ ഗ്രന്ഥത്തിൽ, വൈദികവൃത്തിയ്ക്കുള്ള ആന്തരികാഗ്രഹം ദൈവ വിളിയുടെ അവശ്യ ഘടകമല്ലെന്നും, വൈദിക കർത്തവ്യങ്ങൾ വേണ്ടവിധം നിർവ്വഹിക്കുന്നതിനുള്ള പ്രാപ്തിയും ഉദ്ദേശ്യ ശുദ്ധിയുമാണ് യഥാർത്ഥ ദൈവവിളിയുടെ ലക്ഷണമെന്നുമുള്ള തിരുസ്സഭയുടെ പരമ്പരാഗതമായ അഭിപ്രായത്തെ സയുക്തികം സമർത്ഥിക്കുകയുണ്ടായി. ഇങ്ങനെ അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകൾ നാലാണ്. ജീവിത നൈർമ്മല്യം, ആവശ്യകമായ വിജ്ഞാനവും, പ്രാപ്തിയും, ഉദ്ദേശ്യശുദ്ധി, വൈദികാധികാരികളുടെ തിരഞ്ഞെടുപ്പ്.

പത്താം പീയൂസ് തിരുമേനിയാൽ നിയുക്തമായ ഒരു സംഘം കർദ്ദിനാളന്മാർ, ഫാ. ലാഹെൽററൻെറ പ്രസ്താവിതാഭിപ്രായത്തെ സസൂക്ഷ്മം പരിശോധിച്ച് പരിപൂർണ്ണമായി സ്വീകരിച്ചു. പരിശുദ്ധപിതാവ് ആ തീരുമാനത്തെ 1912 ജൂലൈ 27 – ാം തീയതി അംഗീകരിച്ചു തുല്യം ചാർത്തുകയും ചെയ്തു.

ആ തീരുമാനത്തിൽ നിന്ന് ഏതാനും സംഗതികൾ സ്പഷ്ടമാണ്:–

(1) പരിശുദ്ധാത്മാവിൻെറ ആന്തരിക പ്രേരണയോ, വൈദിക പദത്തോടുള്ള ആകർഷണമോ ദൈവവിളിയുടെ ആവശ്യഘടകമല്ല.

(2) ഉദ്ദേശ്യ ശുദ്ധി, പൗരോഹിത്യത്തിൻെറ ഉത്തരവാദിത്വമേറിയ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പ്രാപ്തി, ജീവിത നൈർമ്മല്യം, എന്നിവയാണ് വൈദിക പദകാംക്ഷികളിൽ അവശ്യം ഉണ്ടായിരിക്കേണ്ടത്.

(3) മേൽപ്പറഞ്ഞ യോഗ്യതകളുള്ളവക്ക്, വൈദികാഭിഷേകാവസരത്തിൽ മെത്രാൻ ദൈവ വിളി നൽകുന്നു.

വൈദിക പദപ്രാപ്തിക്കു ബാധകമായി സഭയാൽ നിർദ്ദിഷ്ടമായിരിക്കുന്ന ശാരീരിക വൈകല്യം സുബുദ്ധിയില്ലായ്മ മുതലായവയുടെ അഭാവം, സുലഭമായി സംലബ്ധമാകുന്ന പ്രസാദ വരത്തോടു സഹകരിച്ച് ദൈവത്തെ സേവിക്കുവാനുള്ള സന്മനസ്സ് ഇവയാണ് ദൈവവിളിയുടെ ലക്ഷണമായി ഫാ. ലാഹൈൽററൺ കരുതുന്നത്.

വൈദിക പദകാംക്ഷയ്ക്കു നിന്നെ പ്രേരിപ്പിക്കുന്ന ഉദ്ദേശ്യം നിർമ്മലമാണോ? അതിൻെറ കർത്തവ്യങ്ങളനുഷ്ഠിക്കുന്നതിനുള്ള ശക്തിയും പ്രാപ്തിയും നിനക്കുണ്ടോ? ക്ലേശരഹിതമായ, ബഹുമാന്യമായ സുഖകരമായ ഒരു ജീവിതത്തിനുള്ള ആഗ്രഹമാണോ, വൈദിക പദപ്രാപ്തിക്കായി നിനക്കു പ്രേരണ നൽകുന്നത്? അങ്ങനെയെങ്കിൽ നിനക്കുദ്ദേശ്യ ശുദ്ധിയില്ല. അതോ അനുദിനമെന്നവണ്ണം നിത്യനാശത്തിനു വിധേയരാകുന്ന നിരവധി ആത്മാക്കളെ രക്ഷിവാൻ കഴിവുപോലെ പ്രയത്നിക്കുകയും അങ്ങനെ ക്രിസ്തുവിൻെറ സാമ്രാജ്യത്തെ വിസ്തീർണ്ണമാക്കുവാൻ ഒരു വൈദികനായി സേവനമനുഷ്ഠിക്കുകയും' ചെയ്യുവാനുള്ള ആശയാണോ വൈദികനാകുവാൻ നിന്നെ പ്രേരിപ്പിക്കുന്നത്. എങ്കിൽ, സംശയ രഹിതനായും സമാധാനചിത്തനായും അത്യുന്നതൻെറ അൾത്താരയിലേക്കു നീ പ്രവേശിക്കുക. കാരണം, അവിടുത്തെ കരുണാകടാക്ഷങ്ങൾ നിൻെറ മേൽ പതിഞ്ഞിട്ടുണ്ട്; അസംഖ്യങ്ങളായ അനുഗ്രഹാശിസ്സുകൾ നിന്നെ അനുധാവനം ചെയ്യുന്നുണ്ട്; സുശക്തങ്ങളായ സഹായഹസ്തങ്ങൾ സദാ നിന്നെ സംരക്ഷിക്കുന്നുമുണ്ട്.

# ആറാം അദ്ധ്യായം

## പിശാചിൻെറ കെണികൾ

ആത്മാക്കളെ നശിപ്പിക്കുവാനുള്ള പൈശാചിക പ്രയത്നങ്ങളെ ഏതുപ്രകാരം ഒരു വൈദികന് വിഫലമാക്കുവാൻ സാധിക്കുമെന്ന് ഗ്രഹിച്ചുകൊണ്ട്, നാരകീയ സാമ്രാജ്യത്തെ അധ:പതിപ്പിക്കുവാൻ ഒരു വൈദികന് എന്തുമാത്രം സാദ്ധ്യതകളുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട്, മനുഷ്യാത്മാക്കളുടെ ക്രൂര ശത്രുവായ സാത്താൻ ദൈവവിളിയാകുന്ന വിശിഷ്ട വിത്ത് മനുഷ്യ ഹൃദയത്തിൽ മുളയ്ക്കാതിരിക്കുവാൻ, അഥവാ, മുളച്ചതിനെ ഇളംപ്രായത്തിൽതന്നെ ഞെരുക്കി നശിപ്പിച്ചു കളയുവാൻ ശ്രമിക്കുന്നെങ്കിൽ, അതിൽ വിസ്മയത്തിനവകാശമില്ലല്ലോ. ഈ ശ്വരാഹ്വാനം ശ്രവിക്കുന്ന യുവാവിനെ പല വിധങ്ങളായ സംശയങ്ങളാൽ ആ വഞ്ചകൻ അലട്ടിത്തുടങ്ങുന്നു:—

### വൈദികൻെറ ഉത്തരവാദിത്വങ്ങൾ

ഒരു വൈദികൻെറ തോളിൽ വയ്ക്കപ്പെട്ടിരിക്കുന്ന ഭാരമേറിയ ഉത്തരവാദിത്വങ്ങൾ, പിശാചൻ, ആ യുവാവിനു കാണിച്ചുകൊണ്ടു പറയുന്നു. "വൈദികാഭിഷേകം മൂലം നിനക്കു ലബ്ധമാകുന്ന സ്ഥാനം ഉന്നതമാണ്; അധികാരങ്ങൾ മഹനീയങ്ങളും. എന്നാൽ, കൂടുതൽ നൽകപ്പെട്ടിരിക്കുന്നവരിൽ നിന്നു കൂടുതൽ ആവശ്യപ്പെടുമെന്നും ഓർത്തുകൊള്ളുക. ഉയർന്ന സ്ഥാനത്തേക്ക് ആരൂഢനാകുന്നത് നല്ലതുതന്നെ. എന്നാൽ, അവിടെ നിന്നു നിലം പതിക്കുന്നതോ? . . ."

പരിശുദ്ധ സ്ഥലത്തിൻെറ സംരക്ഷകന്മാരിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്ന ഹൃദയനൈർമ്മല്യം, ജീവിതവിശുദ്ധി, സുകൃത മാതൃക തുടങ്ങിയവ പുരോഹിത സ്ഥാനാർത്ഥിയുടെ മനോദർപ്പണത്തിൽ പ്രതിബിംബിതങ്ങളാകുന്നു. ആത്മാക്കളെ രക്ഷിക്കുക ശ്രമസാദ്ധ്യമായ ഒരു കർത്തവ്യ

മല്ലേ? പൗരോഹിത്യ സ്വീകരണാവസരത്തിൽ ദൈവ വിളി ഓരോരുത്തനും നൽകപ്പെട്ടുന്നുണ്ടായിരിക്കാം. എങ്കിലും, അപ്പോൾ അതു സ്വീകരിക്കുന്നവരെല്ലാവരും നന്നായാണോ അതു സ്വീകരിക്കുന്നതു്. "യൂദാസു ജനിക്കാതിരുന്നെങ്കിൽ അതല്ലായിരുന്നോ അവനു നന്നു്. . . ." വഞ്ചകനായ പിശാചിന്റു് അനുയോജ്യമായ ഒരു തന്ത്രം തന്നെ ഇതു്, സംശയമില്ല. എന്നാൽ, ആ യുവാവിനെ ധൈര്യപ്പെട്ടുത്തുവാൻ പര്യാപ്തമായ ഒരു വാക്യശകലമുണ്ടു് – "നിങ്ങൾ എന്നെയല്ല, പ്രത്യുത, ഞാൻ നിങ്ങളെയാണു് തിരഞ്ഞെടുത്തതു്" എന്നുള്ള ക്രിസ്തുനാഥന്റെ തിരുവാമൊഴി, അനന്തനന്മയായ ദൈവത്തിന്റെ വിസ്മയാവഹമായ പരിപാലനയിൽ സുദൃഢമായി വിശ്വസിച്ചുകൊണ്ടു് അവിടുന്നു തന്റെ സേവനത്തിനായി തിരഞ്ഞെടുക്കുന്നവൎക്കു് ആവശ്യകമായ കൃപാവരങ്ങൾ സമൃദ്ധിയായി നൽകുമെന്നു ശരണപ്പെട്ടുകൊണ്ടു് ഈ പൈശാചിക തന്ത്രത്തെ അവൻ അഭിമുഖീകരിക്കട്ടേ. 'ദൈവം ആരെയെങ്കിലും ഒരുദ്യോഗത്തിനു നിയോഗിക്കുമ്പോൾ അതിന്റെ നിൎവ്വഹണത്തിനാവശ്യകമായ കഴിവും നൽകുമെന്നുള്ളതിനു സംശയമില്ല' എന്നാണു് ദൈവ ശാസ്ത്രജ്ഞന്മാരുടെ ഏകകണ്ഠമായ അഭിപ്രായം.

### അപകടങ്ങൾ

പിശാചിന്റെ മറെറാരു കൗശലം: ഒരു വൈദികനു് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രലോഭനങ്ങൾ ബഹുലങ്ങളാണു്; ഗുരുതരങ്ങളുമാണു്. ഏററം അപ്രതീക്ഷിതമായ സ്ഥാനത്തു നിന്നു്, അപ്രതീക്ഷിതമായ രീതിയിൽ പ്രലോഭനങ്ങൾ അദ്ദേഹത്തിനനുഭവപ്പെട്ടും. ആത്മീയവും ശാരീരികവുമായ അപകടങ്ങളുമായി ഏററുമുട്ടുന്നതിനു് അദ്ദേഹം സദാ സന്നദ്ധനായിരിക്കണം. പട്ടണത്തിലും വനാന്തരത്തിലും അപകടങ്ങൾ, കപടമിത്രങ്ങളിൽ നിന്നും സഹചാരികളിൽ നിന്നും അപകടങ്ങൾ അദ്ദേഹത്തിനനുഭവപ്പെട്ടും. എല്ലാററിനുമുപരിയാ

യി പിശാചിൻെറ — വൈദികനെ 'കോതമ്പു മണി പോലെ ഇടിച്ചു പൊടിക്കുവാൻ ആഗ്രഹിക്കുന്ന' പിശാചിൻെറ — ഭയങ്കരങ്ങളായ ആക്രമണങ്ങൾക്കും അദ്ദേഹം വിധേയനാണ്. ഈ വിധ ചിന്തകളാൽ വൈദിക പദകാംക്ഷിയായ യുവാവിനെ നിരുത്സാഹനാക്കുവാനാണു സാത്താൻെറ അടുത്ത ശ്രമം. ഇവയെല്ലാം വാസ്തവമാണ്. അപകടങ്ങൾ നിറഞ്ഞ സാഹചര്യങ്ങളിലാണ് ഒരു വൈദികൻ ജീവിക്കേണ്ടത്. പാപകലുഷിതമായ അന്തരീക്ഷത്തിൽ അദ്ദേഹം ചരിക്കണം; എന്നാൽ, ആ അന്തരീക്ഷത്തിൻെറ ദുഷിച്ച വായു അദ്ദേഹം ശ്വസിക്കരുത്. ലോകത്തിൽ അദ്ദേഹം വ്യാപരിക്കണം; എന്നാൽ, ലോകത്തിൻേറതല്ലായിരിക്കണം അദ്ദേഹം. ശത്രുക്കളും, മിത്രങ്ങളും അദ്ദേഹത്തെ ഉപദ്രവിച്ചേക്കും; എന്നാൽ, അവരോടെല്ലാം സൗമ്യമായി അദ്ദേഹം പെരുമാറണം.

വൈദിക പദകാംക്ഷിയായ യുവാവിനെ ഏതാദൃശങ്ങളായ മ്ളാന ചിന്തകൾ ചഞ്ചല ചിത്തനാക്കരുത്. അയാൾക്ക് ആശ്വാസപ്രദമായ, ധൈര്യ സംദായകമായ ഒരു യാഥാർത്ഥ്യമുണ്ട്. അയാളുടെ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ക്രിസ്തുനാഥൻ പ്രാർത്ഥിച്ചിട്ടുണ്ട് എന്നത്. തൻെറ നില സുരക്ഷിതവും അപകട രഹിതവുമാക്കുവാനുള്ള സുശക്തങ്ങളായ രക്ഷാ കവചങ്ങൾ വൈദികനു സുലഭങ്ങളാണ്. പൈശാചിക പ്രലോഭനങ്ങളോടു ധീരധീരം പോരാടി വിജയം കൈവരിക്കുവാനാവശ്യകമായ സ്ഥൈര്യവും ശക്തിയും പ്രദാനം ചെയ്യുന്ന അനവധി നീർച്ചാലുകളുണ്ട് ഒരു വൈദികന് — അനുദിന ദിവ്യ ബലി, കാനോനാ നമസ്കാരം, പരിശുദ്ധങ്ങളായ മററു ഔദ്യോഗിക കർത്തവ്യങ്ങൾ. തൻെറ ദിവ്യഗുരുവിൻെറ വാഗ്ദാനങ്ങളിൽ സുദൃഢമായി വിശ്വസിച്ചുകൊണ്ട് അയാൾക്കു സമാധാന ചിത്തനായി മുന്നോട്ടു പോകാം. "ഞാനാണു നിന്നെ തിരഞ്ഞെടുത്തിരിക്കുന്നത്."

## വിശുദ്ധിയോ?

തന്റെ ഈ കുതന്ത്രങ്ങളെല്ലാം വിഫലമായെന്നു കാണുമ്പോൾ, അന്ധകാരത്തിന്റെ അധിപതി ഒരു പ്രകാശ ദൂതനായി വേഷം മാറിക്കഴിഞ്ഞു. ഒരു ഗുണകാംക്ഷിയുടെ സൗഹാർദ്ദതയാണിപ്പോൾ ആ വഞ്ചകൻ അഭിനയിക്കുന്നത്. "മഹോന്നതവും, അതി പാവനവുമായ പൗരോഹിത്യം അഭിവാഞ്ഛിക്കുന്ന നീ നിന്റെ ഭൂതകാല ചരിത്രം വിസ്മരിക്കുന്നോ" അവൻ പുരോഹിത സ്ഥാനാർത്ഥിയുടെ ശ്രവണ പുടങ്ങളിൽ മന്ത്രിക്കുന്നു. "എത്രയെത്ര പ്രാവശ്യം നീ പ്രലോഭനങ്ങൾക്കു വിലപനീയമാം വിധം കീഴ്പ്പെട്ടിട്ടില്ല? എത്ര പ്രാവശ്യം പാപകുണ്ടിൽ മുങ്ങിത്താണിട്ടില്ല? അങ്ങനെയുള്ള നീയോ വൈദികനാകുവാൻ ആഗ്രഹിക്കുന്നത്? ഇന്നും നീ വിശുദ്ധനാണോ? സുസ്ഥിരമായ സ്വഭാവദാർഢ്യം ഇന്നും നിനക്കുണ്ടോ?" വേണമെങ്കിൽ, സാത്താൻ തന്റെ അഭിപ്രായത്തിനുപോൽബലകങ്ങളായി വേദപുസ്തകത്തിൽനിന്നു പല ഉദ്ധരണികളും എടുത്തുകാണിക്കും; "ഇങ്ങോട്ടടുത്തു വരരുത്. എന്തെന്നാൽ ഇതു വിശുദ്ധ സ്ഥലമാണ്" എന്നു പണ്ട് 'യഹോവാ' മൂശയോട് അരുൾച്ചെയ്ത വാക്യം ദൈവത്തിന്റെ അൾത്താരയെ സമീപിക്കുവാൻ തയ്യാറാകുന്ന വൈദിക സ്ഥാനാർത്ഥി വിസ്മരിക്കാമോ? "കരങ്ങളിലും ഹൃദയത്തിലും നിർമ്മലരാണെ"ന്നു തെളിയിക്കുന്നതുവരെ പരിശുദ്ധിയുടെ ദൈവത്തെ കൈകാര്യം ചെയ്യാൻ ആരെങ്കിലും മുതിരുമോ? . . .

ഉദാരമതികളായ പല യുവാക്കന്മാരേയും ഏതാദൃശങ്ങളായ ചിന്തകളാൽ ഉൽക്കണ്ഠാഭരിതന്മാരും സംശയാകുലന്മാരും ആക്കിത്തീർക്കുവാൻ "അസത്യത്തിന്റെ നാഥൻ" പരിശ്രമിക്കുന്നു. പലരും അവന്റെ ഈ കെണിയിൽ അകപ്പെട്ടു ചഞ്ചല ചിത്തരായി, തങ്ങളുടെ ദൈവവിളിയെ വെറും ദിവാസ്വപ്നമായി പരിഗണിച്ചുകളയുന്നു.

എന്നാൽ പിശാചിന്റെ ഈ വഞ്ചനയെ വേണ്ടവിധം ഗ്രഹിച്ചു് ധൈൎയ്യവും ശക്തിയും പ്രാപിക്കുവാൻ പ്രലോഭന വിധേയനായ യുവാവു ശ്രമിക്കണം. ഭൂതകാലത്തിലെ പാപകരമായ ജീവിതം യാതൊരുവന്റേയും പൌരോഹിത്യ സ്വീകരണത്തിനു വിഘാതമായി നില്ക്കുകയില്ല. ദിവ്യനാഥനെ ലജ്ജാകരമാംവിധം പലപ്രാവശ്യം പരിത്യജിച്ച പത്രോസും, പാപച്ചെളിയിൽ ആണ്ടുമറിഞ്ഞ അഗസ്റ്റീനോസും വൈദിക പദത്തിലേക്കുയൎത്തപ്പെട്ടില്ലേ? അതി നിൎമ്മലരായ ക്രോവേന്മാരോ, ദൈവസ്നേഹാഗ്നിയാൽ കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന സ്രാപ്പേന്മാരോ പോലും പൌരോഹിത്യം യഥാൎഹം സ്വീകരിക്കുവാൻ യോഗ്യരല്ല. എന്നാൽ, ബലഹീനരും പാപികളുമായ മനുഷ്യരാണു് ആ സ്ഥാനത്തേക്കു് നിയുക്തരായിട്ടുള്ളതു്. ഇന്നു നിന്റെ സ്ഥിതി എന്താണു്? തിരുസ്സഭ ഒരു വൈദിക സ്ഥാനാൎത്ഥിയിൽനിന്നു് പ്രതീക്ഷിക്കുന്ന യോഗ്യതകൾ നിനക്കുണ്ടോ? നിന്റെ ഭൂതകാലത്തെക്കുറിച്ചോ ബലഹീനതകളെക്കുറിച്ചോ നീ ഭയപ്പെടേണ്ടാ. സെമിനാരിജീവിതത്തിലെ നിഷ്കൃഷ്ടമായ ശിക്ഷണം, അവിടെ ലബ്ധമാകുന്ന ആത്മനിയന്ത്രണം നിന്റെ പാപത്തിലേക്കുള്ള പ്രവണതകളെ നിയന്ത്രിക്കും; പാപശൃംഖലയുടെ ക്രൂരബന്ധനത്തിൽനിന്നു് നിന്നെ പടിപടിയായി വിമുക്തനാക്കും; സുകൃതജീവിതത്തിലേക്കു മാൎഗ്ഗനിൎദ്ദേശവും പുരോഗമനത്തിനുള്ള പ്രചോദനവും നല്കും. വൈദികാഭിഷേകം, ഈ സംസ്കരണ കൃത്യത്തിനു മകുടം ചാൎത്തും. ദൈവാനുഗ്രഹം ധാരാളമായി നിന്നിലേക്കു വൎഷിക്കപ്പെടും. ദൈവത്തിന്റെ സുശക്തങ്ങളായ സഹായ ഹസ്തങ്ങളുടെ താങ്ങൽ സൎവ്വത്ര നിനക്കു അനുഭവപ്പെടും; ധൈൎയ്യപൂൎവ്വം മുമ്പോട്ടു പോവുക.

# ഏഴാം അദ്ധ്യായം

## "ഇതാ നിൻെറ അമ്മ"

പരിപൂൎണ്ണ വളർച്ച പ്രാപിച്ച മനുഷ്യനായി അദ്ദത്തെ സൃഷ്ടിച്ച സൎവ്വശക്തനു് താൻ തിരുവവതാരം ചെയ്യേണ്ടിവന്നപ്പോൾ ഒരു മാതാവിൻെറ സഹായം ആവശ്യകമായിരുന്നോ? ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നതു്, എന്നരുളിച്ചെയ്ത സ്നേഹസ്വരൂപൻ, ഒരു മാതാവിൻെറ പരിചരണങ്ങൾ സ്വീകരിച്ചതെന്തിനു്? കുരിശുമരത്തിൽവച്ച് ഈശ്വര ദൎശനത്തിൻെറ സന്തതാനന്ദംപോലും സ്വമനസാ പരിത്യജിച്ച ദിവ്യനാഥൻ അവിടെ സ്വമാതാവിൻെറ സാന്നിദ്ധ്യ സാന്ത്വനം അഗ്രഹിച്ചതെന്തിനു്?

ഇവയ്ക്കെല്ലാം ഒരു സമാധാനമേയുള്ളു: തനിക്ക് ഒരു മാതാവിൻെറ പരിചരണമോ സഹായമോ ഒന്നും ആവശ്യമില്ലായിരുന്നെങ്കിലും, തൻെറ പ്രതിനിധികളായ വൈദികന്മാൎക്ക്, ബലഹീനരെങ്കിലും അത്യുന്നതമായ പുരോഹിത പദത്തിലേക്കുയൎത്തപ്പെട്ടവൎക്ക്, ഇവയെല്ലാം ആവശ്യമുണ്ടെന്നു് അവിടുത്തേക്കറിയാമായിരുന്നു. പൗരോഹിത്യത്തിലെ ഉത്തരവാദിത്വമേറിയ കൎത്തവ്യങ്ങൾ വേണ്ടവിധം നിൎവ്വഹിക്കുന്നതിനു്, ഗുരുതരങ്ങളായ അപകടങ്ങളെ വിജയപൂൎവ്വം അഭിമുഖീകരിക്കുന്നതിനു്, ഭയങ്കരരായ ശത്രുക്കളോട് ധൈൎയ്യപൂൎവ്വം പടവെട്ടുന്നതിനു് ആവശ്യകമായ മനഃസ്ഥൈൎയ്യവും ആത്മശക്തിയും ദൃഢ ചിത്തതയും ദൈവാനുഗ്രഹവും സ്വ വൈദികന്മാൎക്ക് സമ്പാദിച്ചുകൊടുക്കുന്നതിനു് പുത്രവത്സലയായ ഒരു മാതാവ്, പ്രാപ്തിയും സന്മനസ്സുമുള്ള സുശക്തയായ ഒരു മാതാവ് ആവശ്യമുണ്ടെന്നു് അവിടുത്തേക്കറിയാമായിരുന്നു. തന്മൂലമാണ് തിരുവവതാരത്തിൽ ഒരു മാ

താവിൻെറ സാഹായ്യവും പരിചരണവും അവിടുത്തേ ക്കാവശ്യമായി വന്നതു്, ക്രൂശിൻചുവട്ടിൽ അവളുടെ സാന്നിദ്ധ്യം അവിടുന്നാഗ്രഹിച്ചതു്.

പൗരോഹിത്യം സ്വീകരിച്ചിട്ടു് ഇനിയും ഒരുദിവസം തികഞ്ഞിട്ടില്ലാത്ത യോഹന്നാനോടു് — എല്ലാവൈദികന്മാരുടേയും, പ്രത്യേകിച്ചു്, നവവൈദികന്മാരുടേയും പ്രതിനിധിയായ യോഹന്നാനോടു് — അവിടുന്നരുൾചെയ്യുന്നു: "ഇതാനിൻെറ അമ്മ." ആ ശ്രേഷ്ഠശിഷ്യൻ "അവളെ സ്വന്തം മാതാവിനെപ്പോലെ സ്വീകരിക്കുകയും" ചെയ്തു.

ഹാ! നാഥാ, അങ്ങേ സ്ഥാനപതികളായ വൈദികന്മാരുടെ ദുഃസ്ഥിതിയെക്കുറിച്ചു് അങ്ങെത്രമാത്രം ഉത്സുകനാണു്! പലവിധത്തിൽ ഒരു വൈദികൻ കന്യകാംബികയോടു കടപ്പെട്ടിട്ടുണ്ടു്. സർവ്വാനുഗ്രഹങ്ങളും അവൾ വഴിയാണു ലോകത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നതു്. ദൈവവിളിയും അതിനെ അനുധാവനം ചെയ്യുന്നതിനാവശ്യകമായ ധാർമ്മികശക്തിയും ഒരു വൈദികനു ലഭിച്ചുകൊടുക്കുന്നതു് ആ വത്സല മാതാവുതന്നെ. എന്തിനു്, പുരോഹിതൻ ആരുടെ, പ്രതിനിധിയാണോ ആ ആദ്യപുരോഹിതനെ മെൽക്കിസദെക്കിൻെറ ക്രമപ്രകാരമുള്ള നിത്യപുരോഹിതനെ, ലോകത്തിനു പ്രദാനം ചെയ്തതു് അവളാണു്; പൗരോഹിത്യത്തിൻെറ അവശ്യഘടകമായ ദിവ്യബലിയുടെ ബലിവസ്തു ഇന്നത്തേ പുരോഹിതനു നല്കിയതു് അവളാണു്.

ഒരു വൈദികൻെറ കർത്തവ്യങ്ങളിൽ പലതും അവൾതന്നെ അനുഷ്ഠിച്ചിട്ടുണ്ടെന്നു കാണാം. പുരോഹിതൻ ക്രിസ്തുവിൻെറ മൗതിക ശരീരത്തെ പരിപോഷിപ്പിക്കുന്നെങ്കിൽ അവൾ അവിടുത്തേ യഥാർത്ഥ ശരീരത്തെ തീററിപ്പോററി; ക്രിസ്തുവിൻെറ നിഗൂഢവാസത്തിലേ സ്നേഹിതനാണു വൈദികനെങ്കിൽ, അവിടുത്തേ രഹസ്യ ജീവിതത്തിലേ സന്തത സഹവാസിനിയായിരുന്നു അവൾ.

യോഹന്നാനെ അനുകരിച്ച് ആ വത്സലമാതാവി നെ സ്വന്തം അമ്മയെപ്പോലെ ഓരോ നവവൈദികനും സ്വീകരിക്കട്ടെ! അങ്ങനെയെങ്കിൽ അനുദിന ക്ലേശങ്ങ ളാകുന്ന ഭാരിച്ച കുരിശും പേറിക്കൊണ്ട് കാൽവരിയി ലേക്കു പ്രയാണംചെയ്യുമ്പോൾ, പ്രോത്സാഹനവും, ധൈ ര്യവും നല്കിക്കൊണ്ട് സ്നേഹംനിറഞ്ഞ ആ അമ്മ തന്നെ അനുധാവനംചെയ്യുന്നതായി അദ്ദേഹത്തിനു ബോധപ്പെ ടും. പരസ്നേഹരാഹിത്യമാകുന്ന കുരിശുമരത്തിൽ, ക്രൂശിക്കപ്പെട്ട ന്ന തന്നെ സമാശ്വസിപ്പിക്കുവാനായി, തൻെറ സമീപേ ആ നല്ലയമ്മ നില്ക്കുന്നതായി അദ്ദേഹം കാണും. ജഡി കാസക്തിയോടും ദുരാശകളോടുമുള്ള അനുസ്യൂത സമര ത്തിൽ ആ വത്സലമാതാവിൻെറ സ്നേഹ ഹസ്തങ്ങൾ ത ന്നെ സഹായിക്കുന്നതായി അയാൾക്ക് അനുഭവപ്പെടും.

അദ്ധ്വാനത്താൽ ക്ഷീണിക്കുമ്പോൾ, പ്രലോഭനങ്ങ ളാൽ പീഡിതനാകുമ്പോൾ, വൈദികൻ ആ വത്സലാം ബികയുടെ പാദസവിധത്തിൽ ഓടിയണയട്ടെ; കപട മിത്രങ്ങളുടെ വഞ്ചന, സ്വജനങ്ങളുടെ കൃതഘ്നത, ശത്രു ക്കളുടെ ദുഷ്ടത ഇവയ്ക്കെല്ലാം വിധേയരാകുന്ന വൈദി കന്മാർ ആശ്വാസംതേടി ആ നല്ലയമ്മയുടെ പക്കൽ അ ണയട്ടെ. അയാൾ ആശ്വസ്തനാകും; ആത്മീയ സമാധാ നം അയാൾക്ക് സംലബ്ധമാകും.

അത്യുന്നതൻെറ നിത്യപുരോഹിതാ, "പ്രക്ഷുബ്ധമായ ഈ ലോക സാഗരത്തിലേ തിരമാലകളിൽപ്പെട്ടു നിൻെറ യാനപാത്രം തകിടംമറിയുമ്പോൾ, കപ്പൽച്ഛേതം സംഭ വിക്കാതിരിക്കണമെങ്കിൽ, സമുദ്രതാരമായ മറിയത്തിൽനി ന്ന്–'നിൻെറഅമ്മ'യിൽനിന്ന് – ദൃഷ്ടികളെ നീ തിരി ച്ചുകളയരുത്. പ്രലോഭനങ്ങളാകുന്ന പ്രചണ്ഡമാരുതൻ ആഞ്ഞടിച്ച്, നിൻെറ യാനപാത്രത്തെ, ക്ലേശങ്ങളും പീ ഡകളുമാകുന്ന പാറക്കെട്ടുകളിന്മേൽ തല്ലിത്തകർക്കുമെന്നു നീ ഭയപ്പെടുമ്പോൾ നഭോമണ്ഡലത്തിൽ ഉജ്ജ്വല കാ ന്തിയോടേ പ്രകാശിക്കുന്ന ദിവ്യനക്ഷത്രത്തിലേക്കു – 'നി ൻെറ അമ്മ'യുടെ പക്കലേക്ക് – നിൻെറ നയനങ്ങളെ

തിരിക്കുക; മറിയം എന്ന മഹനീയനാമം മന്ത്രിക്കുകയും ചെയ്യുക. അത്യാശ, അഹങ്കാരം, ഭോഗേച്ഛ, വിദ്വേഷം തുടങ്ങിയവ, കാർമേഘങ്ങളെപ്പോലെ തടിച്ചുകൂടി നിന്റെ ഹൃദയസമാധാനത്തെ ഭഞ്ജിക്കുമ്പോൾ, അപവാദം, തെറ്റിദ്ധാരണ മുതലായവ നിന്നെ അസ്വസ്ഥനാക്കുമ്പോൾ ഈ നക്ഷത്രത്തെ വീക്ഷിക്കുക; മറിയനാമത്തെ ജപിക്കുക. ഭൂതകാലത്തിലെ നിന്റെ പാപകർമ്മങ്ങൾ ഭീകരമായ രാക്ഷസസ്വരൂപമെടുത്ത് നിന്റെ ഭാവനാദൃഷ്ടിയിൽ നൃത്തം വയ്ക്കുന്നതായി നിനക്കനുഭവപ്പെടുമ്പോൾ, അന്തഃകരണശാസനയാൽ നീ പരവശനാകുമ്പോൾ, നിത്യവിധിയുടെ കാർക്കശ്യത്തെപ്പറ്റിയുള്ള സ്മരണ നിരാശാഗർത്തത്തിന്റെ വക്കിൽ നിന്നെ കൊണ്ടുചെന്നു നിർത്തുമ്പോൾ ഈ വത്സല മാതാവിൽ അഭയം നേടുക. നിന്റെ അപകടങ്ങളിൽ, തീവ്രയാതനകളിൽ, ക്ലേശങ്ങളിൽ, നിന്റെ അമ്മയുടെ മധുരനാമം വിളിക്കുക; മരിയമെന്ന മോഹനനാമം സദാ നിന്റെ അധരത്തിലുണ്ടായിരിക്കട്ടെ — നിന്റെ ഹൃദയത്തിൽ അപ്രമാർജ്ജ്യമായി ആലേഖിതമാവട്ടെ! . . അവളെ അനുധാവനം ചെയ്താൽ നിനക്കു മാർഗ്ഗഭ്രംശം ഭവിക്കുകയില്ല; അവളെ ശരണം ഗമിച്ചാൽ നിനക്കു നിരാശയ്ക്കിടവരുകയില്ല; അവളെക്കുറിച്ചു ധ്യാനിച്ചാൽ നേർവഴിൽതന്നെ നീ വ്യാപരിക്കും . . . അവൾ നിന്നെ താങ്ങുന്നെങ്കിൽ, നീ വീഴുകയില്ല; അവൾ നിന്നെ പരിപാലിക്കുന്നെങ്കിൽ, നീ നശിക്കുകയില്ല; അവൾ നിന്നെ നയിക്കുന്നെങ്കിൽ, സുരക്ഷിതനായി ഉദ്ദിഷ്ട സ്ഥാനത്തു നീ എത്തിച്ചേരും . . . ."
(വി. ബെർണ്ണാർദ്)

# എട്ടാം അദ്ധ്യായം

## ദൈവത്തോട് സഹകരിക്കയില്ലയോ?

സ്വപ്രവൎത്തനങ്ങളുടെ പൂൎത്തീകരണത്തിനു സൃഷ്ടികളുടെ സഹായമോ സഹകരണമോ ദൈവത്തിന് ആവശ്യമില്ലെങ്കിലും, മിക്കപ്പോഴും അവരുടെ സഹകരണത്തോടുകൂടിയാണ് അവിടുന്നു പ്രവൎത്തിക്കുന്നത്. അങ്ങനെ തന്നോടു സഹകരിച്ചെന്നുള്ള ബഹുമാനവും, സ്വൎഗ്ഗീയ സൗഭാഗ്യയോഗ്യത സമ്പാദിക്കുന്നതിനുള്ള സന്ദൎഭവും അവൎക്കു നല്കണമെന്നുള്ളതാണ് അവിടുത്തെ ഉദ്ദേശ്യം.

തൻെറ നിത്യപുരോഹിതൻെറ രൂപവൽകരണത്തിലും ദൈവം മനുഷ്യസഹായ സഹകരണം പ്രതീക്ഷിക്കുന്നു. ചെറുപ്പംമുതൽക്കേ സ്വസന്താനങ്ങൾക്കു ശരിയായ ശിക്ഷണം നല്കി ദൈവവിളിയെന്ന മഹാദാനത്തിന് തങ്ങളെത്തന്നെ യോഗ്യരാക്കുവാൻ അവരെ സഹായിക്കുന്നതിന് മാതാപിതാക്കന്മാരുടേയും, അവരുടെ പഠനച്ചെലവിന് ആവശ്യകമായ ധനസഹായം ചെയ്തുകൊണ്ട് അവരുടെ പരിശ്രമം വിജയകരമാക്കുന്നതിന് സമ്പന്നന്മാരുടേയും, പ്രാൎത്ഥനയാലും മററും അവൎക്കാവശ്യകമായ കൃപാവരങ്ങൾ ലഭിച്ചുകൊടുക്കുന്നതിന് എല്ലാ വിശ്വാസികളുടേയും സഹായം ദൈവം പ്രതീക്ഷിക്കുന്നു.

ഇങ്ങനെ, തൻെറ 'സ്വന്തം ജനമായ' പുരോഹിതന്മാരുടെ രൂപവൽകരണത്തിൽ തന്നോടു സഹകരിക്കുന്ന ഉദാരമതികൾക്ക് ഔദാൎയ്യത്തിൽ അനതിശയിതനായ ദൈവം തക്ക പ്രതിഫലം നല്കുകയില്ലയോ?

## മാതാപിതാക്കന്മാർ

പല പുരോഹിതന്മാർക്കും തങ്ങളുടെ ബാല്യകാലത്തെക്കുറിച്ചു വികാരാവേശത്തോടേ മാത്രമേ ചിന്തിക്കുവാൻ കഴിയൂ. തങ്ങളുടെ വത്സല മാതാപിതാക്കന്മാരെക്കുറിച്ചു സ്മരിക്കുമ്പോൾ ആനന്ദബാഷ്പങ്ങൾ അവരുടെ നയനങ്ങളിൽനിന്നുതിരുന്നു; കൃതജ്ഞതാവികാരങ്ങൾ അവരുടെ ഹൃദയത്തിൽ ഓളംതല്ലുന്നു. അവരുടെ തീക്ഷ്ണമായ പ്രാൎത്ഥനയാണ്, അനുകരണാർഹമായ സുകൃതജീവിതമാണ്, സുനിഷ്കർഷമായ ശിക്ഷണമാണ്, തങ്ങളുടെ ദൈവവിളിക്കു നിദാനം എന്നു നന്ദിപൂർവ്വം സമ്മതിച്ചുപറയുവാൻ അവർ സന്നദ്ധരാണ്.

അവരുടെ കുടുംബങ്ങളിലേ അന്തരീക്ഷം ക്രൈസ്തവോചിതമായിരുന്നു; ദൈവത്തിനു ബഹുമാന്യമായ സ്ഥാനമാണ് അവിടെ നല്കപ്പെട്ടിരുന്നതു്. സ്നേഹം തുളുമ്പുന്ന അവിടുത്തെ ദിവ്യഹൃദയത്തിൻെറ സ്വരൂപം കമനീയമായി അലങ്കരിച്ച് ഒരു പ്രധാനഭാഗത്തു സ്ഥാപിക്കപ്പെട്ടിരുന്നു. അവരുടെ പിഞ്ചുനയനങ്ങൾക്കുമുമ്പിൽ ആ സ്നേഹഹൃദയം, മനുഷ്യരെ അത്രമാത്രം സ്നേഹിക്കുന്ന ആ ദിവ്യഹൃദയം, സദാ വിരാജിച്ചുകൊണ്ടിരുന്നു. ഈശോയുടെയും മറിയത്തിൻെറയും മഹനീയ നാമങ്ങളാണ് അവരുടെ നിർമ്മലാധരങ്ങൾ ആദ്യമായി ഉച്ചരിച്ചതും. അനുദിന ഭക്തികൃത്യങ്ങൾ, പിതാവിൻേറയോ മാതാവിൻേറയോ മടിയിലിരുന്നായിരിക്കും അവർ അനുഷ്ഠിച്ചിരുന്നതു്., അപ്പോൾ അവരുടെ കരങ്ങൾ ആ വത്സലഭാജനങ്ങളുടെ കൈകളിൽ അമർന്നിരിക്കും. ഉറങ്ങാൻ കിടക്കുമ്പോൾ 'മുത്തശ്ശിക്കഥ'കൾക്കുപകരം സ്നേഹനാഥൻേറയും അവിടുത്തെ ദിവ്യസ്നേഹിതരുടെയും ജീവിത കഥകളാണ് അവർ സാധാരണ ശ്രവിച്ചിട്ടുള്ളതു്. കൊല്ലങ്ങൾ ഏതാനും കടന്നുപോയി, അൾത്താരയിലേ ദിവ്യബലിക്ക് അദൃശ്യമായി ശുശ്രൂഷചെയ്യുന്ന വാനദൂതഗണങ്ങളുടെ ദൃശ്യനായ പ്രതിനിധിയെന്ന നില

യിൽ അവർ പൂജാശുശ്രൂഷികളായി നിലകൊള്ളുന്നു. ആ പരിപ്പാവനസ്ഥലത്തുവച്ചായിരിക്കാം, ആ മഹനീയമുഹൂർത്തത്തിലായിരിക്കാം, ദൈവശുശ്രൂഷയ്ക്കായുള്ള അലൗകികാഹ്വാനം അവർക്കു ലബ്ധമായതു്.

ഒടുവിൽ തങ്ങളുടെ ഹൃദയരഹസ്യം അവർ മാതാപിതാക്കന്മാരെ അറിയിക്കുന്നു. അവരുടെ ആഗ്രഹമനുസരിച്ചു പ്രവർത്തിക്കുവാൻ അനുവദിക്കുന്നതുമൂലം ഒരു വലിയ ത്യാഗമാണു് ആ മാതാപിതാക്കന്മാർക്ക് അനുഷ്ഠിക്കേണ്ടതു്. അവർ എതിർത്തില്ല; പ്രതിബന്ധങ്ങൾ അവരുടെ മുമ്പിൽ വലിച്ചുവച്ചുമില്ല; പ്രത്യുത, അവരെ പ്രോത്സാഹിപ്പിക്കുകമാത്രമേ ചെയ്തുള്ളൂ. ആ ക്രൈസ്തവമാതാപിതാക്കന്മാരുടെ ഉപദേശങ്ങളാലും സുകൃതജീവിതമാതൃകയാലും അവർ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. യൗവ്വനത്തിന്റെ അപകടങ്ങളെ ഒഴിഞ്ഞുമാറി, ദുഷിച്ച കൂട്ടുകെട്ടിൽനിന്നു് ഓടിയകന്നു്, അവർ മുന്നോട്ടുപോകുന്നു. അവസാനം, തങ്ങളുടെ അഭിഷിക്തകരങ്ങൾ, തങ്ങൾക്ക് അസ്തിത്വം നല്കിയ, അൾത്താരയിലേക്കാനയിച്ച, ആ സൗഭാഗ്യരായ മാതാപിതാക്കന്മാരുടെ നമ്രശിരസ്സുകളിൽ അവർ വയ്ക്കുന്നു., ക്രിസ്തുനാഥന്റെ നാമത്തിൽ അവരെ ആശീർവദിക്കുന്നു.

എന്നാൽ, നിർഭാഗ്യമേ, മററുചില മാതാപിതാക്കന്മാരുണ്ടു്, തങ്ങളുടെ സന്താനങ്ങളുടെ ദൈവവിളിക്കുമുമ്പിൽ വിലങ്ങടിച്ചു നില്ക്കുന്നവർ; അവരുടെ ദൃഷ്ടിയിൽ സന്താനങ്ങളുടെ ഈ ദൈവവിളി തങ്ങളുടെ കുടുംബത്തിനു ദുരദൃഷ്ടകാരണമാണു്, അപമാനദായകവുമാണു്. വിശുദ്ധ ഫ്റാൻസിസ് അസ്സിസിയുടെ പിതാവിനേപ്പോലെ ഇക്കാര്യത്തിൽ ചിലർ സ്വസന്താനങ്ങളോടു നിഷ്കരുണം പെരുമാറുന്നു. ഉടുതുണിപോലും ഉരിഞ്ഞു വാങ്ങിക്കൊണ്ടു തങ്ങളുടെ സന്താനങ്ങളുമായുള്ള ബന്ധത്തെ അവർ തല്ലിത്തകർക്കുന്നു. മററുചിലരാകട്ടേ, അത്രമാത്രം ക്രൂരത കാണിക്കുന്നില്ല. സ്നേഹസന്താപസമ്മിശ്രമായ ശാസനകളാലും, ഹൃദയഭേദകമായ യാച

നകളാലും സ്വസന്താനങ്ങളെ കൎത്തവ്യ നിൎവ്വഹണത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ അവർ ശ്രമിക്കുന്നു.

ഇനിയും മററുചിലർ, തങ്ങളുടെ സന്താനങ്ങളുടെ ദൈവവിളിക്കു നേരിട്ടു വിഘാതമായി നില്ക്കത്തക്കവണ്ണം ഔദ്ധത്യം പ്രദൎശിപ്പിക്കുന്നില്ല. എന്നാൽ അക്കാൎയ്യത്തിൽ യാതൊരു പ്രോത്സാഹനവും നല്കുകയില്ല; പോരാ, ലൗകിക തുറകളിൽ അവൎക്കു സമ്പാദിക്കാവുന്ന സ്ഥാന ബഹുമാനാദികളെക്കുറിച്ചു തങ്ങളുടെ സന്താനങ്ങളോട് അവർ പലപ്പോഴും പ്രസംഗിക്കും. "ഒരു ഭിഷഗ്വരൻ, അഥവാ, ഒരു അഭിഭാഷകൻ – അദ്ദേഹത്തിന് എന്തെല്ലാം ലോകസേവനം അനുഷ്ഠിക്കുവാൻ സാധിക്കും; എത്രവലിയ ബഹുമാനാദരങ്ങൾ സമ്പാദിക്കുവാൻ കഴിയും, അവർ പറയും: അല്ലെങ്കിൽ, സൈനികവൃത്തിയുടെ മാഹാത്മ്യം, രാജ്യസേവനത്തിൻെറ ഔൽകൃഷ്ട്യം – ഇവയെല്ലാം എത്ര ആകൎഷകങ്ങളല്ല, അഭികാമ്യങ്ങളല്ലാ"... വിശുദ്ധ വിൻസൻറ ഡി പോൾ പ്രസ്താവിക്കുന്ന യാഥാൎത്ഥ്യം ഇക്കൂട്ടർ വിസ്മരിച്ചുകളയുകയോ മറച്ചുവയ്ക്കുകയോ ചെയ്യുന്നു. ഒരു വൈദികനെ രൂപവൽകരിക്കുന്നതിൽ കൂടുതൽ ഉൽകൃഷ്ടമായ മറെറാരു കൃത്യം ഇല്ലതന്നെ. ക്രിസ്തുവിൻെറ പ്രതിനിധിയെന്ന നിലയിൽ ആത്മാക്കളുടെ രക്ഷക്കായി ശ്രമിക്കുകയെന്നതിനെക്കാൾ അഭിമാനകരമായി മറെറന്തുണ്ട്?"

ഇവ്വിധങ്ങളായ പ്രതികൂല സാഹചൎയ്യങ്ങളിൽ വളൎന്നുവരുന്ന യുവാക്കളിൽ, രാജാധിരാജൻെറ സേവനത്തിനു തീക്ഷ്ണമായ അഭിലാഷം കൂടികൊള്ളുന്നില്ലെങ്കിൽ, അത്യുന്നതമായ വൈദികപദത്തെക്കുറിച്ചുള്ള തീവ്രമായ അകാംക്ഷ അങ്കുരിക്കുന്നില്ലെങ്കിൽ എന്തിനാശ്ചൎയ്യപ്പെടണം?

മഹാനായ മെർമില്ലോഡ് (Mermillod) കൎദ്ദിനാൾ പ്രസ്താവിക്കുന്നു: "ക്രൈസ്തവമാതാക്കളേ, വൈദിക ഹൃദയങ്ങളെ സംജാതമാക്കത്തക്കവണ്ണം നിങ്ങളുടെ ഹൃദയങ്ങൾ ദൈവസ്നേഹാഗ്നിയാൽ ഉജ്ജ്വലിക്കുന്നില്ലയോ? പ്രാൎത്ഥിക്കുക, തീക്ഷ്ണമായി പ്രാർത്ഥിക്കുക, നി

ങ്ങളുടെ കുടുംബങ്ങൾ ഉത്തമന്മാരായ പുരോഹിതന്മാരെ ഉൽപാദിപ്പിക്കുന്നതിന്, ദൈവസേവനത്തിനായി അരുമസ്സന്താനങ്ങളെ സമപ്പിക്കാൻതക്ക മനഃകരുത്തു നിങ്ങൾക്കു ലഭിക്കുന്നതിന്."

സുകൃത സുഭഗമായ ജീവിതമാതൃകകൊണ്ടും, തീക്ഷ്ണമായ പ്രാർത്ഥനകൾകൊണ്ടും, സുനിഷ്കഷ്ടമായ നിയന്ത്രണംകൊണ്ടും ദൈവവിളിയെ പരിപോഷിപ്പിക്കുന്ന ഉത്തമരായ മാതാപിതാക്കന്മാരെ നല്കികൊണ്ടു് പലേ വൈദികസ്ഥാനാർത്ഥികളുടേയും നേരേ തനിക്കുള്ള പ്രത്യേക പരിപാലനയെ ദൈവം പ്രകടമാക്കുന്നു. മററുചിലർക്കാവട്ടെ ഉടുത്തുണിപോലും ഉരിഞ്ഞുകൊടുത്തു് മാതാപിതാക്കന്മാരുടെ അന്യായമായ പ്രതിബന്ധത്തെ പരാജയപ്പെടുത്തുന്നതിന് വി: അസ്സീസിയുടേതുപോലുള്ള മനഃസ്ഥൈര്യമോ നിരന്തരമായ പ്രാത്ഥനയാലും അതുല്യമായ ക്ഷമയാലും മാതാപിതാക്കന്മാരുടെ നിർബന്ധബുദ്ധിയെ ജയിച്ചടക്കുന്നതിന് വി: അലോഷ്യസുഗൊൺസാഗായുടേതുപോലുള്ള അചഞ്ചലമായ സ്വഭാവദാർഢ്യമോ നല്കികൊണ്ടു് തൻെറ വിസ്മയാവഹമായ പ്രത്യേക സ്നേഹത്തെ അവിടുന്നു കാണിച്ചുകൊടുക്കുന്നു.

തങ്ങളുടെ ഓമനസ്സന്താനത്തെ ഈശ്വര സേവനത്തിനായി സമപ്പിക്കുക, അവൻെറ സ്നേഹ പരിചരണങ്ങൾ പരിപൂണ്ണമായി പരിത്യജിക്കുക — ഇതു പല മാതാപിതാക്കന്മാക്കും ഹൃദയഭേദകമായി അനുഭവപ്പെട്ടേക്കാം. എന്നാൽ, തങ്ങളുടെ കുഞ്ഞുങ്ങളിൽ ഒരുവൻ അൾത്താരസ്സു സമീപം, ക്രിസ്തുനാഥൻെറ പ്രതിനിധിയായി അഥവാ മറെറാരു ക്രിസ്തുതന്നെയായി നിലകൊള്ളുന്നതു്, അത്യുന്നതനെ സ്വകരങ്ങളിൽ വഹിക്കുന്നതു കാണുന്നതിൽകൂടുതൽ സൗഭാഗ്യകരമായി അവക്കു മറെറന്താണുള്ളതു്?

തൻെറ അരുമസുതൻെറ നവപൂജാപ്പണദിവസത്തെപ്പററി ഒരു മാതാവെഴുതിയ കത്താണു് താഴെച്ചേ

ക്കുന്നതു്. ഒരു മാതൃ ഹൃദയത്തിനു മാത്രമേ ആ വരികൾ ഉൾക്കൊള്ളുന്ന വികാര പാരമ്യത്തിൻെറ തനി രൂപം ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു:

ഏററം പ്രിയ ചേച്ചീ *

ഏകദേശം 25 കൊല്ലങ്ങൾ കഴിഞ്ഞു, ദൈവം എനിക്ക് എൻെറ ഓമനക്കുട്ടനെ നല്കിയിട്ടു്. അന്നു ചേച്ചിവന്നു്, എൻെറ ഭാഗ്യത്തിൽ എന്നെ അനുമോദിച്ചതും കുഞ്ഞിൻെറ മുഖത്തു നിന്നിമേഷയായി കുറച്ചുസമയം നോക്കിനിന്നിട്ടു്, അവൻ മാതാപിതാക്കന്മാർക്ക് അനുഗ്രഹകാരണവും ഐശ്വര്യപാത്രവുമായിത്തിരുമെന്നു് ആശംസിച്ചതുമെല്ലാം ഇന്നെന്നതുപോലെ ഞാൻ ഓർക്കുന്നു.

ഹാ, എന്തൊരാനന്ദമാണു് അന്നു ഞാൻ അനുഭവിച്ചതു്!! എൻെറ ആയിരമായിരം മധുരസ്വപ്നങ്ങൾ മോഹനരൂപമെടുത്ത ചോരക്കുടത്തെ എൻെറ കൈകകളിൽ ഞാൻ എടുത്തപ്പോൾ, മാറോടുചേത്താശ്ലേഷിച്ചപ്പോൾ, അതിൻെറ നെറുകയിൽ നറും ചുംബനങ്ങളപ്പിച്ചപ്പോൾ എനിക്കനുഭവവേദ്യമായ ആനന്ദം ഒരമ്മയ്ക്കല്ലാതെ മററാക്കാണുണ്ടാവുക? ഒരു മാതാവിനേ, അതിനെക്കുറിച്ചുഹിക്കുവാൻപോലും കഴിയൂ. സ്രഷ്ടാവിനെ സ്തുതിക്കുവാൻ പ്രാപ്തമായ ഒരു സൃഷ്ടിയെ ഭൂമുഖത്തേയ്ക്കവതരിപ്പിക്കുക – ഇതല്ലേ ഒരു മാതാവു ചെയ്യുന്നതു്? സൃഷ്ടിനാഥൻ എത്ര ശ്രേഷ്ഠമായ ഒരു വരമാണു നാരീഗണത്തിനു നല്കിയിരിക്കുന്നതെന്നു് എല്ലാസ്ത്രീകളും ഗ്രഹിച്ചിരുന്നെങ്കിൽ!

പക്ഷേ, പ്രിയ ചേച്ചീ, ഇപ്പോൾ ഞാൻ ഓർക്കുന്നു, എത്രമാത്രം സ്വാത്ഥതയോടേയാണു് എൻെറ ഓമനയെ ഞാൻ ലാളിച്ചതെന്നു്. 'അമ്മാ, അമ്മാ' വിളിച്ചുകൊണ്ടു് സദാ എൻെറ പിന്നാലെ ഓടിനടക്കുന്നതിനായി, വാദ്ധക്യത്തിൽ എന്നെ സംരക്ഷിക്കുന്നതിനും പരിചരിക്കുന്ന

* വേ. മദ്ധ്യസ്ഥനിൽനിന്നു്

തിനുമായി, ആയുരന്തം വണങ്ങുന്നതിനും ബഹുമാനിക്കുന്നതിനുമായി എനിക്ക് ഒരു കുഞ്ഞുണ്ടായല്ലോ എന്നു മാത്രമേ ഞാൻ കരുതിയുള്ളുവെന്നു ലജ്ജാപൂർവ്വം സമ്മതിച്ചുകൊള്ളട്ടെ. ആ നവ്യജീവിയുടെ ചലനം, ആ അഭികാമ്യസൃഷ്ടിയുടെ സ്പർശനം സദാ ഞാൻ അനുഭവിച്ചുകൊണ്ടിരുന്നു. എൻെറ മടിയിലിരുന്ന് അവൻ കൊഞ്ചിക്കുഴയുമ്പോൾ, ആ പിഞ്ചു കൈകൾ എൻെറ കഴുത്തിനു ചുററുമിട്ട് എന്നെ കെട്ടിപ്പിടിക്കുമ്പോൾ, മൃദുലമായ ആ ഓമനമുഖം എൻേറതിനോടടുപ്പിച്ച് 'ചക്കരയുമ്മ'കൾ കൊണ്ട് എന്നെ അഭിഷേകം ചെയ്യുമ്പോൾ എന്നിൽ അലതല്ലിയിരുന്ന ആനന്ദവികാരങ്ങൾ, പ്രിയ ചേച്ചി, ഊഹിച്ചുകൊള്ളുക... ചേച്ചിയും ഒരു മാതാവാണല്ലോ.

വർഷങ്ങൾ കടന്നുപോയി. എൻെറ ഓമന വളൎന്നുകൊണ്ടിരുന്നു. അവൻെറ ബുദ്ധിപ്രകർഷത്തിൽ, സൗന്ദൎയ്യത്തികവിൽ ഞാൻ അഭിമാനംകൊണ്ടിരുന്നു. എന്നാൽ, നിർഭാഗ്യമേ, എൻെറ പ്രസന്നസുന്ദരമായ ഹൃദയാന്തരീക്ഷത്തിൽ ദുശ്ശങ്കയുടെ കരിനിഴലുകൾ വീശുവാൻ തുടങ്ങി. അഭിശപ്തമായ സ്വാൎത്ഥത പ്രശാന്തമായ എൻെറ ഹൃദയസരസ്സിൽ അസൂയയുടെ കോളിളക്കങ്ങൾ ഉതിൎത്തുവിട്ടു. ഒരു ചിന്ത എന്നെ സദാ അലട്ടുവാൻ തുടങ്ങി: 'എൻെറ ഓമന ഒരിക്കൽ മററൊരു സ്ത്രീയുടെ സ്വന്തമാകും, ഞാൻ ക്രമേണ തിരസ്കൃതയാകും' എന്ന ചിന്ത. എൻെറ ശരീരാംശംകൊണ്ടു ജന്മമെടുത്ത, എൻെറ ജീവരക്തത്താൽ പരിപുഷ്ടിപ്രാപിച്ച ആ കുഞ്ഞ് എന്നെ പുറംതള്ളിയിട്ട് മററൊരുവളെ തൻെറ ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയോ? കൃതഘ്നതയുടെ പാരമ്യം!! അതേപ്പററി സ്മരിക്കുവാൻപോലും എനിക്കു കഴിഞ്ഞില്ല....

മമ്മാ മാർഗരററ് തൻെറ പ്രിയ പുത്രനായ ജോണിയോടു പറഞ്ഞ സുപ്രസിദ്ധങ്ങളായ വാക്കുകൾ ആയിടെയാണു ഞാൻ കേട്ടത്: "പ്രിയ ജോണീ, നിൻെറ സഹായം ഭാവിയിൽ എനിക്ക് ആവശ്യകമായേക്കുമെന്നുള്ളതിനാൽ വൈദികനാകാനുള്ള നിൻെറ ആഗ്രഹത്തെ

തടയണമെന്നു ബ. വികാരിയച്ചൻ എന്നോടുപദേശിച്ചു; ആ ഉപദേശം ഞാൻ സ്വീകരിക്കുന്നില്ല. നിൻെറയും മററുള്ളവരുടേയും ആത്മരക്ഷയെ മാത്രം ലാക്കാക്കി നിന്നെത്തന്നെ നീ ദൈവത്തിനു സമർപ്പിക്കുക. ഞാൻ ദരിദ്രയായി ജനിച്ചു; ദരിദ്രയായി ഇത്രനാളും ജീവിച്ചു. ദരിദ്രയായിത്തന്നെ മരിക്കുന്നതാണ് എനിക്കിഷ്ടം. എൻെറ കുഞ്ഞു ജോണി ഉത്തമനായ ഒരു വൈദികനായി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. അഹങ്കാരമോ പ്രാപഞ്ചികൈശ്വര്യമോ അല്ല എൻെറ ഈ ആഗ്രഹത്തിനു നിദാനം. എന്നെ നീ മറന്നേക്കൂ . . . ."

പ്രിയ ചേച്ചി, എത്ര വീരോചിതമായ നിസ്സ്വാർത്ഥത! എത്ര പ്രശംസാർഹമായ ആത്മസ്ഥൈര്യം!! എത്ര ഹൃദയംഗമമായ ദൈവസ്നേഹം! മമ്മാ മാർഗററിനെ അനുകരിക്കണമെന്നു ഞാൻ നിശ്ചയിച്ചു. എൻെറ ഓമനയെ ഞാൻ സ്നേഹനാഥനു ബലിയർപ്പിച്ചു, ആ ബലി സസന്തോഷം സ്വീകരിക്കുകയും ചെയ്തു . . . . ഇന്ന് എൻെറ ഓമന ഒരു വൈദികൻ,— ഞാൻ ഒരു വൈദികൻെറ അമ്മയും!! ഞാൻ മതിവരുവോളം ചുംബിച്ചിട്ടുള്ള ആ പിഞ്ചുകരങ്ങൾ ഇന്നിതാ ജീവദായകമായ അപ്പത്തെ സംവഹിക്കുവാനയി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു — വിശുദ്ധ തൈലത്താൽ അഭിഷിക്തങ്ങളായിരിക്കുന്നു. ഞാൻ മൂലം പ്രഥമ പ്രകാശം ലഭിച്ച ആ ബുദ്ധി ഇന്നിതാ ദൈവസേവനത്തിനായി സമർപ്പിതമായിരിക്കുന്നു. എനിക്കൊഴിച്ചു മററാരു സ്ത്രീയ്ക്കും പ്രവേശനം ലഭിച്ചിട്ടില്ലാത്ത, മററാക്കും അസ്പൃഷ്ടമായിരിക്കുന്ന — ആ നിർമ്മലഹൃദയം "കന്യകാ മണാളനു്" പരിപൂർണ്ണമായി പ്രതിഷ്ഠിതമായിരിക്കുന്നു . . . അപഥസഞ്ചാരംചെയ്യുന്ന ഒരു പാപി എൻെറ ഓമനയുടെ പക്കലേക്ക് ആനീതനാകുമ്പോൾ ആ നിർഭാഗ്യൻെറ ആശ്വാസത്തിനായി എന്തുപറയണമെന്ന്, എന്തുചെയ്യണമെന്ന് അദ്ദേഹത്തിനറിയാം . . . . ചുററിനടന്നു നന്മചെയ്യുന്ന ക്രിസ്തുനാഥൻെറ പ്രതിനിധിയാണദ്ദേഹം . . . . പുരോഹിതന്മാരുടെ പുരോഹിതനാ

യ ക്രിസ്തുനാഥനെ ഉദരത്തിൽ വഹിക്കുവാൻ ഭാഗ്യമു ണ്ടായ ദൈവജനനിയുടെ ആനന്ദത്തിൻെറ ഏകദേശ രൂപം എനിക്കിപ്പോൾ ഗ്രഹിക്കുവാൻ കഴിയും. എൻെറ ജീവാമൃതത്താൽ പരിപുഷ്ടമായ എൻെറ ഓമന, എൻെറ പരിലാളനയിൽവളൎന്നവന്ന എൻെറ കുട്ടൻ ഇന്ന് സുവി ശേഷ പ്രേഷിതനായി, പാപവിമോചകനായി, മറൊ രു ക്രിസ്തുവായി ചമഞ്ഞിരിക്കുന്നു. എൻെറ ബലഹീന മായ ശരീരം ഇത്ര സുശക്തമായിത്തീരുമെന്ന് പ്രിയ ചേച്ചീ, ആരുകരുതി? ദൈവത്തിൻെറ അനന്ത കാരു ണ്യമെന്നല്ലാതെ എന്തുപറയട്ടെ!

X X X

അതാ, ആ ബലിപീഠത്തിലേക്കു നോക്കൂ. അവിടെ, തിരുവസ്ത്രങ്ങളാൽ വിഭൂഷിതനായി, മന്ത്രോച്ചാരണതൽ പരനായി, നമ്രശിരസ്കനായി, അഭൗമികമായ ദിവ്യതേജ സ്സു നാലുപാടും പ്രസരിപ്പിച്ചുകൊണ്ട്, പരമാനന്ദനിർല്ലി നനായി നിലകൊള്ളുന്ന ആ ഗംഭീരപുരുഷൻ ആരാണ്? ദൈവമേ, അതെൻെറ ഓമനയോ? അതേ, അതു് എ ൻെറ ഓമനതന്നെ.... അനന്തകാരുണികനായ ദൈ വമേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഈ വൈദികൻ എൻേറതായിരുന്നു. ഞാൻ അദ്ദേഹത്തെ രൂപവൽകരി ച്ചു; വളൎത്തിക്കൊണ്ടുവന്നു. എന്നാൽ, ഇന്ന് അദ്ദേഹം എൻേറതല്ല; അങ്ങയുടേതു്; പരിപൂൎണ്ണമായി അങ്ങയു ടേതു്.... തിന്മയുടെ നിഴൽപ്പോലുമേശാതെ അദ്ദേഹ ത്തെ കാത്തുകൊള്ളേണമേ..., ലോകത്തിലാണ് അദ്ദേ ഹം ജീവിക്കേണ്ടതു്; എന്നാൽ ലോകത്തിൻേറതായിരിക്ക രുതു്.... പ്രാപഞ്ചിക പ്രലോഭനങ്ങളിൽനിന്ന്, വശീ കരണങ്ങളിൽനിന്ന് അദ്ദേഹത്തെ സംരക്ഷിച്ചുകൊള്ളേ ണമേ... നാഥാ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു — അ ദ്ദേഹത്തേയും. ഉവ്വ്, നാഥാ, ഞാൻ അദ്ദേഹത്തെ വണ ങ്ങുന്നു; എന്തെന്നാൽ അങ്ങയുടെ നിത്യ പുരോഹിതനാ ണദ്ദേഹം....

ദിവ്യകാരുണ്യ സ്വീകരണത്തിൻെറ സമയമായി. ശുശ്രൂഷി 'ഞാൻപിഴയാളി' ചൊല്ലി. അഴികാലിനെ സമീപിച്ച ഞാൻ കുമ്പിട്ടു. കാർമ്മികൻ – നവവൈദികൻ – എൻെറ നേരേ തിരിഞ്ഞു്, വലതുകൈ ഉയർത്തി, പാപമോചന വചസ്സുകൾ ഉച്ചരിച്ചു. അദ്ദേഹം എന്നെ സമീപിച്ചു നിത്യജീവൻെറ അപ്പം എനിക്കു നല്കുവാൻ. നശ്വരമായ അപ്പത്തെ ഞാൻ അദ്ദേഹത്തിനു വേണ്ടുവോളം കൊടുത്തിട്ടുണ്ടു് – പകരം അനശ്വരമായ അപ്പം ഇദംപ്രഥമമായി ആ പാവനകരങ്ങൾകൊണ്ടു് എനിക്കു നല്കുവാൻ പോകുന്നു. ഒരു ദീർഘനിശ്വാസം – അദ്ദേഹത്തിൽനിന്നോ അതു് ഉതിന്നതു്? അതോ, എന്നിൽനിന്നോ? സുപ്രഭങ്ങളായ ആ നീലലോചനങ്ങളിൽനിന്നു് ആനന്ദബാഷ്പകണങ്ങൾ അടന്നു വീഴുന്നുണ്ടായിരുന്നു. അദ്ദേഹം എന്നെ സമീപിച്ചു. എന്തൊരു സന്ദർശനം? ... എൻെറ ദൈവവും ... അവിടുത്തെ വൈദികനും ... ഞാനും ....

ഞാൻ പ്രാർത്ഥിച്ചോ? ... ഞാനൊന്നും ഓർക്കുന്നില്ല. പ്രതിമപോലെ കുറേനേരം ഞാൻ അവിടെ നിന്നിരിക്കണം ... എൻെറ ദൈവം ... എൻെറ ... പുത്രൻ ... അഭൗമികമായ ആനന്ദം എൻെറ ഹൃദയത്തിൽ അലതല്ലുന്നു; സ്വർഗ്ഗീയമായ സംതൃപ്തിയാൽ ഞാൻ പുളകംകൊള്ളുന്നു. എൻെറ ഓമന ജനിച്ച അവസരത്തിൽ ഞാൻ അനുഭവിച്ച ആനന്ദം എത്ര ക്ഷണഭംഗുരമായിരുന്നില്ല, നിസ്സാരമായിരുന്നില്ല, ഇപ്പോഴത്തേതിനോടു തുലനം ചെയ്യുമ്പോൾ!! ഇതിൽക്കൂടുതൽ ആനന്ദം ഈലോകത്തിൽ എനിക്കുണ്ടാകുമോ? .. സനാതനമായ സ്വർഗ്ഗീയ സൗഭാഗ്യത്തിൻെറ നേരിയ ഒരു നാന്ദിയാണു് ഞാൻ അനുഭവിക്കുന്നതു് ....

പ്രിയപ്പെട്ട ചേച്ചി, എൻെറ കണ്ണുകൾനിറയുന്നു; ഹൃദയം ത്രസിക്കുന്നു; കൈകൾ വിറയ്ക്കുന്നു ... ഇനിയൊന്നും എഴുതാൻ എനിക്കു ശക്തിയില്ല ... വന്ദനം ....

എന്നു്, ചേച്ചിയുടെ കുഞ്ഞനുജത്തി.

## ഔദാര്യം

അന്നത്തേതുപോലെതന്നെയാണ് ഇന്നും സംഭവിക്കുന്നത്; 'എന്നെ അനുഗമിക്കുക' എന്ന ആ നിമന്ത്രണം ശ്രവിക്കുന്നതു മിക്കപ്പോഴും ദരിദ്രരാണ്. സമ്പന്നന്മാർ ചുരുക്കമായേ ആ ദിവ്യാഹ്വാനം ശ്രവിക്കുന്നുള്ളു. അവരിലും ചുരുക്കം ചിലരേ ആ ക്ഷണത്തെ സ്വീകരിക്കുന്നുള്ളു. മററുപലരും സുവിശേഷത്തിലെ ധനികനായ യുവാവിനെപ്പോലെ "സങ്കടത്തോടുകൂടി"യെങ്കിലും മുഖം തിരിച്ചു നടന്നുകളയുന്നു തങ്ങളുടെ സമ്പാദ്യത്തെക്കുറിച്ച്!!

പൗരോഹിത്യം പ്രാപിക്കുന്നതിനു പലകൊല്ലത്തെ പരിശീലനം ആവശ്യകമാണ്; അതിനു പണച്ചെലവും ധാരാളമുണ്ട്. തന്മൂലം ദിവ്യാഹ്വാനത്തെ പിഞ്ചെല്ലുവാൻ മുന്നോട്ടുവരുന്ന പലരുടേയും മുമ്പിൽ വിലങ്ങടിച്ചുനില്ക്കുന്നു, ഒരു വലിയ പ്രതിബന്ധം – ദാരിദ്ര്യം. ഇത്തരുണത്തിൽ തന്റെ അഭീഷ്ടം അവരിൽ നിവർത്തിക്കപ്പെടുന്നതിനു ദൈവം, സമ്പന്നന്മാരുടെ സഹകരണം പ്രതീക്ഷിക്കുന്നു; ആ യുവാക്കന്മാർക്ക് ആവകശ്യകമായ ധനസഹായം ലഭിക്കുവാൻ. അങ്ങനെ ധനികന്മാർ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ; അനീതിയുടെ 'മാമോനാ'കൊണ്ടു സ്നേഹിതന്മാരെ സമ്പാദിക്കുവാൻ.

തങ്ങളുടെ സന്താനങ്ങളിൽ ഒരാളെ ഈശ്വരസേവനത്തിനായി സമർപ്പിക്കണമെന്നുള്ള അതീവാഗ്രഹം ഏതെങ്കിലും കാരണത്താൽ സഫലീകൃതമാക്കുവാൻ സാധിക്കാത്ത മാതാപിതാക്കന്മാർ നിരാശരാകേണ്ട അവശ്യമില്ല. അവർ ദൈവവിളിയുള്ള ഒരു യുവാവിനു ധനം സഹായം ചെയ്യട്ടെ, അയാളെ മിശിഹായിൽ തങ്ങളുടെ ദത്തുപുത്രനായി സ്വീകരിക്കട്ടെ; അയാൾ പുരോഹിതനായിക്കഴിഞ്ഞാൽ എന്നെന്നും അവരുടെ സ്വന്തമകനായിത്തന്നെയിരിക്കും, തന്റെ ഉപകർത്താക്കളെ അയാൾ വിസ്മരിക്കുമോ; അൾത്താരയിലേക്കു ത

ന്നെ നയിച്ചുകൊണ്ടിരുന്ന ആ ഉദാരമതികളെ അയാൾ മറക്കുമോ. ഇല്ല, ഒരിക്കലുമില്ല. തിളച്ചുപൊങ്ങുന്ന കൃതജ്ഞതാവികാരങ്ങളോടുകൂടി എന്നെന്നും അവരെ അയാൾ സ്മരിക്കും — വിശിഷ്യ, ദിവ്യബലിയൎപ്പിക്കുവാൻ അണയുമ്പോൾ! തങ്ങളുടെ ഔദാൎയ്യത്തിന്ന് ഇതിൽ കൂടുതൽ എന്തു പ്രത്യുപകാരമാണ്, തങ്ങളുടെ സഹായത്തിന്ന് ഇതിനേക്കാൾ ശ്രേഷ്ഠമായ എന്തൊരു പ്രതിഫലമാണ് അവർക്കു പ്രതീക്ഷിക്കുവാനുള്ളത്?

ഔദാൎയ്യത്തിൽ, തന്നെ അതിലംഘിക്കുവാൻ ആരേയും അനുവദിക്കാത്ത നല്ല ദൈവം, തൻെറ നാമത്തിൽ നല്കുന്ന ഒരു പാത്രം പച്ചവെള്ളത്തിനുപോലും പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്ന ആ നല്ലദൈവം തന്നെക്കുറിച്ച് ചെയ്യപ്പെടുന്ന ഈ പ്രത്യുപകാരത്തിനു പ്രതിനന്ദി പ്രദൎശിപ്പിക്കാതിരിക്കുമോ.

ഈവക കാൎയ്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയായിരിക്കാം നമ്മുടെ നാട്ടിൽ ഈ സൽകൃത്യത്തിനു തീരെ പ്രചാരമില്ലാത്തത്. പാശ്ചാത്യ രാജ്യങ്ങളിൽനിന്നു മിഷ്യൻ പ്രദേശങ്ങളിലേ പാവപ്പെട്ട വൈദികവിദ്യാൎത്ഥികളുടെ പഠനച്ചെലവിലേക്ക് എന്തുമാത്രം പണമാണ് അയച്ചുകൊടുക്കപ്പെടുന്നത്. എനിക്കറിയാം ഒരു ഐറിഷ് വനിതയെ; 250 — ഓളം വൈദിക വിദ്യാൎത്ഥികളുടെ പഠനച്ചെലവാണ് ആ മഹതിവഹിക്കുന്നത്. മറെറാരുവൾ, തൻെറ ഭീമമായ സമ്പാദ്യം മുഴുവൻ ഇക്കാൎയ്യത്തിനായി വിനിയോഗിച്ചു. ആ വൈദിക വിദ്യാൎത്ഥികൾ ഉന്നതമായ പുരോഹിതപദത്തിൽ എത്തിച്ചേരുകയില്ലായിരുന്നേനേ അവരുടെ ഉദാരമായ ഈ സഹായമില്ലായിരുന്നെങ്കിൽ. ഔദാൎയ്യത്തിൽ അനതിശയിതനായ ദൈവം ഈ ലോകത്തിൽവച്ചുതന്നെ അവൎക്കു പ്രതിഫലവും നല്കി. അവരിലൊരാൾ എഴുതുന്നു: "ചൈനായിൽ സുവിശേഷജോലി നിൎവഹിക്കുന്ന എൻെറ ആത്മീയ പുത്രന്മാരിലൊരുവൻ തൻെറ പ്രേഷിതവൃത്തിയുടെ അദ്യവത്സരംതന്നെ 1500 കുട്ടികൾക്കു മാമ്മോദീ

സം നല്കി. അവരിൽ പലരും ശൈശവത്തിൽതന്നെ മൃതിയടയുകയാൽ നേരിട്ടു സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അനന്തമായ നരകത്തീയിൽനിന്നു വിമുക്തരായ ഈ കുഞ്ഞുങ്ങൾ അദ്ദേഹത്തിൻെറ ഒരു കൊല്ലത്തെ പ്രേഷിതവേലയുടെ ഒരു ഭാഗം മാത്രമാണ് ..."

യൂറോപ്പിലേയും അമേരിക്കയിലേയും കോടീശ്വരന്മാരാണ് ഇപ്രകാരം ഔദാര്യം പ്രദർശിപ്പിക്കുന്നത്. ഇപ്രകാരമുള്ളവർ ഇവിടങ്ങളിലില്ലല്ലോ എന്നു വിചാരിച്ചു ചിലർ ആശ്വസിച്ചേക്കാം. എന്നാൽ, അതു കേവലം അടിസ്ഥാനരഹിതമാണ്. സമ്പന്നന്മാരും അങ്ങനെ ചെയ്യുന്നുണ്ടായിരിക്കാം. പക്ഷേ, ഈ ഉദാരമതികളിൽ ഭൂരിഭാഗവും നെററിയിലെ വിയർപ്പുകൊണ്ടു അനുദിനഭോജനം സമ്പാദിക്കുന്നവരാണ്, തൻെറ മുഴുവൻ സമ്പാദ്യമായ രണ്ടു ചില്ലിക്കാശു ശ്രീഭണ്ഡാരത്തിൽ സമർപ്പിച്ചു രക്ഷാനാഥൻെറ പ്രശംസയെ അർഹിച്ച വിധവയെപ്പോലുള്ളവരാണ്. തങ്ങളുടെ സമ്പാദ്യം മുഴുവനുമായിരിക്കും ഒരു വൈദിക വിദ്യാർത്ഥിയുടെ ചെലവിലേക്കായി അവർ ദാനം ചെയ്യുന്നത്. സ്പെയിൻ ദേശീയയായ ഒരു ദരിദ്രവൃദ്ധ ഒരു സെമിനാരി അധികൃതന്മാക്കയച്ച ഒരു ഭാഗമാണു താഴെ ചേക്കുന്നത്:– "... എൻെറ ഇന്നുവരെയുള്ള സമ്പാദ്യം രണ്ടു വിദ്യാർത്ഥികളുടെ പഠനച്ചെലവിനു് തികയും. അതു ഞാൻ അയയ്ക്കുന്നു. ഞാൻ ഒരു തുന്നൽപ്പണിക്കാരിയാണ്. വാർദ്ധക്യമായെങ്കിലും, നിത്യവൃത്തിക്കുള്ള ജോലിചെയ്തു ജീവിക്കാൻ ഞാൻ ഒരു വൃദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നു. ആ വിദ്യാർത്ഥികൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ." തൻെറ ജീവിതകാലം മുഴുവൻ പ്രയത്നിച്ചു ശേഖരിച്ച സമ്പാദ്യം – അനുദിനാവശ്യങ്ങൾ പോലും ചുരുക്കിയുണ്ടാക്കിയ സമ്പാദ്യം – വാർദ്ധക്യത്തിൽ ജീവിക്കുവാൻ ന്യായ്യമായി വിനിയോഗിക്കാവുന്ന സമ്പാദ്യം – ആണു് ആ മഹതി രണ്ടു വൈദികവിദ്യാർത്ഥികൾക്കായി ദാനംചെയ്തിരിക്കുന്നതു്! ഇത്രനിസ്സ്വാർത്ഥമായ ഔദാര്യത്തിൻെറ മുമ്പിൽ തലകുനിക്കാത്തവ

രാരുണ്ട്? നമ്മുടെ നാട്ടിലെ സമ്പന്നന്മാരുടെ ഉദാരമനസ്കതയ്ക്കൊരു വെല്ലുവിളിയല്ലേ അവളുടെ ദൃഷ്ടാന്തം?

### ഒരു മഹനീയ മാതൃക

1923-ൽ അമേരിക്കയിൽ ക്ലെഡ് പട്ടണത്തിൽ മിസ്സസ്സ് ഹാവ്ലിക്ക എന്ന വനിത മരണാസന്നയായി കിടക്കുകയായിരുന്നു. അവൾ തന്റെ പതിമൂന്നു കുട്ടികളേയും കിടക്കയ്ക്കു ചുറ്റും വിളിച്ചുനിറുത്തിക്കൊണ്ടു പറഞ്ഞു. "പ്രിയമക്കളേ, ഇതാ, ഞാൻ അനേകം കൊല്ലത്തെ ശ്രമത്തിന്റെ ഫലമായി ഒന്നും രണ്ടും കാശു സൂക്ഷിച്ചു കുറേ പണം കരുതിവച്ചിട്ടുണ്ട്. അതു് ഒരു വൈദിക വിദ്യാഭ്യാസച്ചെലവിലേക്കായി വിനിയോഗിക്കണമെന്നാണ് എന്റെ ആഗ്രഹം. അതിനായി ഈ തുക നിങ്ങളെ ഞാൻ ഏല്പിക്കുന്നു." വൃദ്ധയുടെ മരണത്തിനുശേഷം ആ പണം റോമ്മായിലെ ജർമ്മോ-ഹംഗേറിയൻ കേളേജിൽ ഏല്പിക്കപ്പെട്ടു.

ഏതാനും കൊല്ലങ്ങൾക്കുശേഷം മിസ്സസ് ഹാവ്ലിക്കിന്റെ ഒരു മകൾക്കു പ്രസ്തുത കേളേജു വൈസ് റെക്ടർ റോക്ക് എസ്സ്. ജെ. യുടെ ഒരെഴുത്തുകിട്ടി. അതു് ഏതാണ്ടിപ്രകാരമായിരുന്നു. "നിങ്ങളുടെ അമ്മയുടെ ദാനംകൊണ്ട് ലൂയി സ്റ്റെപ്പിനാക്ക് എന്ന പേരിൽ മുമ്പു സൈനികോദ്യോഗസ്ഥനായിരുന്ന ഒരാളെ പഠിപ്പിച്ചു പട്ടം കൊടുത്തിരിക്കുന്നു എന്നു സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു. തന്റെ പതിനൊന്നു മക്കളിൽ ഏഴാമത്തേവനായിരുന്ന ലൂയിക്ക് വൈദികപദത്തിലേക്കുള്ള ദൈവവിളി ലഭിക്കുവാനായി അദ്ദേഹത്തിന്റെ പ്രിയമാതാവ് മുപ്പതുകൊല്ലത്തേക്കു തുടർച്ചയായി ആഴ്ചയിൽ മൂന്നു ദിവസം ഉപവസിച്ചിരുന്നു. നിങ്ങൾ ചെയ്ത ഉപകാരത്തിനായി ഫാ. സ്റ്റെപ്പിനാക്ക് നന്ദി പറയുന്നു. അദ്ദേഹത്തിന്റെ ദൈവവിളി തികച്ചും അസാധാരണമത്രേ. അദ്ദേഹം ഒരൊന്നാന്തരം വൈദികനായിരിക്കുമെന്നും നമുക്കു ന്യായമായി പ്രതീക്ഷിക്കാം. അതു നിങ്ങൾക്കും അഭിമാനകരമായിരിക്കുമല്ലോ."

അഖിലലോകസംപൂജ്യനായ സ്റ്റെപ്പിനാക് മെത്രാപ്പോലീത്തായുടെ – യുഗോസ്ലാവിയായിൽ ടീറോയാൽ മർദ്ദിതനായി ജയിൽവാസമനുഭവിക്കുന്ന ആ വീരപുരുഷൻെറ – ദൈവവിളിയുടെ വൃത്താന്തമാണിത്. അദ്ദേഹത്തിൻെറ മാതാവിനെപ്പോലുള്ള കുറേ മാതാക്കൾ നമ്മുടെ നാട്ടിലും ഉണ്ടായിരുന്നെങ്കിൽ! ഒരു പുത്രനോ, അതിനു സാധിച്ചില്ലെങ്കിൽ, ഒരു ദത്തുപുത്രനെങ്കിലുമോ വൈദികനായിക്കാണുന്നതിന് ഉത്തമ കത്തോലിക്കാ മാതാക്കൾ എത്രയധികം ആഗ്രഹിക്കുന്നെന്നു നോക്കുക!!

(സത്യദീപം)

## പ്രാർത്ഥന

ആളുകൊണ്ടും അർത്ഥംകൊണ്ടും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കാത്തവർ നിരാശരാകേണ്ടാ. അവരുടെ കഴിവിനനുസൃതമായ മറ്റൊരു മാർഗ്ഗമുണ്ട്. 'വിളവിൻെറ നാഥനോടു പ്രാർത്ഥിക്കുക, തൻെറ വിളവിലേക്കു ധാരാളം വേലക്കാരെ അയക്കുവാൻ.' ആർക്കും എപ്പോഴും ചെയ്യാവുന്ന ഒന്നല്ലേ ഇതു്? ഏററം പ്രധാനപ്പെട്ടതും ഇതുതന്നെയാണ്. പ്രാർത്ഥിക്കുക, ദിവ്യാഹ്വാനം ധാരാളമായി, അവിടുത്തെ ദാസന്മാർക്ക് നല്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക. ദൈവത്തിൻെറ ഒരു സ്വതന്ത്ര ദാനമാണല്ലോ അതു്. പൗരോഹിത്യത്തിൻെറ ഉത്തരവാദിത്വമേറിയ കർത്തവ്യാനുഷ്ഠാനത്തിനു ധീരോചിതമായ ത്യാഗസന്നദ്ധത അവശ്യകമാണ്; തന്മൂലം, അതിലേക്കുള്ള ദൈവവിളിയെ അനുസരിക്കുന്നതിന് ഉദാരമനസ്കർക്കേ കഴിയൂ – പ്രത്യേകമായ കൃപാവരം ഇക്കാര്യത്തിൽ അവർക്കാവശ്യകമാണ്. അല്ലെങ്കിൽ, ക്രിസ്തുനാഥൻെറ ദിവ്യാഹ്വാനം ശ്രവിച്ചിട്ടും 'തൻെറ സമ്പാദ്യത്തെക്കുറിച്ചു' ഭീരുത്വം പ്രകടിപ്പിച്ച പൊയ്ക്കളഞ്ഞ യുവാവിനെ അവരും അനുകരിച്ചേക്കാം. അതിനാൽ, ദൈവവിളി ശ്രവിക്കുന്ന യുവാക്കന്മാർക്ക് അവശ്യകമായ ഉദാരമനസ്കത ലഭിക്കുവാൻ പ്രാർത്ഥിക്കുക, തീക്ഷ്ണത

യോടേ പ്രാർത്ഥിക്കുക. ധൈര്യമേറിയ ക്ലേശപൂർണ്ണമായ ഒന്നാണ് വൈദികവിദ്യാർത്ഥികളുടെ പരിശീലനഘട്ടം. 'വിജ്ഞാനവും വിശുദ്ധിയും, സമ്പാദിക്കുന്നതിനുള്ള പരിശ്രമത്തിൽ തുടരെ അനുഭവപ്പെടുന്ന പരാജയങ്ങളാൽ മനം മടുക്കാതെ മുമ്പോട്ടുപോകണമെങ്കിൽ, പൈശാചിക തന്ത്രങ്ങളിലും ലൗകിക വശീകരണങ്ങളിലും അകപ്പെടാതെ നിശ്ചിത സ്ഥാനത്തെത്തണമെങ്കിൽ ഈശ്വരഹസ്തത്തിൻെറ വിശേഷാവലംബം അവൎക്ക ലഭിക്കേണ്ടിയിരിക്കുന്നു; വിരോചിതമായ മനഃസ്ഥൈര്യം അവൎക്കുണ്ടാകേണ്ടിയിരിക്കുന്നു. അതിനുവേണ്ടി പ്രാൎത്ഥിക്കുക, എന്നെന്നും പ്രാൎത്ഥിക്കുക. എല്ലാററിനുമുപരിയായി 'ഭൂമിയുടെ ഉപ്പായ' വൈദികരുടെ 'ഉറ' കെട്ടുപോവാതിരിക്കുവാൻ, ലോകത്തിൻെറ വെളിച്ചമായ അവരുടെ പ്രകാശം ക്ഷയിച്ചുപോകാതിരിക്കുവാൻ പ്രാർത്ഥിക്കുക, എപ്പോഴും പ്രാൎത്ഥിക്കുക. *

# ഒൻപതാം അദ്ധ്യായം

## ഉപസംഹാരം

### പൂൎത്തിയായി

ഇന്നും നാളെയും!

എൻെറ ജീവിതത്തിലേ ഏററം സൗഭാഗ്യപ്രദമായ സുദിനങ്ങൾ! ചിരപ്രതീക്ഷിതങ്ങളായ അനുഗ്രഹീതദിനങ്ങൾ! എൻെറ പ്രത്യാശകളെല്ലാം മോഹനാകാരമെടുക്കുന്ന, സുന്ദരസ്വപ്നങ്ങൾ യഥാൎത്ഥ രൂപം കൈക്കൊള്ളുന്ന മഹനീയ ദിവസങ്ങൾ! അവയുടെ പൊൽപ്പുലരിക്കുവേണ്ടി എൻെറ ഹൃദയം സദാ ഉഴറുകയായിരുന്നു. — അവയുടെ മോഹനോദയത്തിനായി എൻെറ ആത്മാവു പിടയുകയായിരുന്നു. വിദൂരസ്ഥിതങ്ങളായിരുന്ന ആ സുപ്രഭാതങ്ങളെ

പ്പററി ചിന്തിച്ചു ചിന്തിച്ച് എത്രയെത്ര തവണ ഞാൻ പുള കിതഗാത്രനായിട്ടില്ല! അവയെക്കുറിച്ച് ധ്യാനിച്ചു ധ്യാനിച്ച് എത്ര ദിനരാത്രങ്ങൾ ഞാൻ കടത്തി വിട്ടിട്ടില്ല!! ഒടുവിൽ ഇതാ, അവ വന്നണഞ്ഞു കഴിഞ്ഞു; ഇന്നും നാളെയും!

ഇന്ന്!

ഇന്നാണ് ഞാൻ അത്യുന്നതൻെറ നിത്യപുരോഹിതനായി അഭിഷിക്തനായത്. . . !! വിശ്വാസികൾ ദൈവാലയത്തിൽ തിങ്ങിക്കൂടിയിരുന്നു — എൻെറ സംബന്ധികളിൽ പലരും. ഞാൻ സ്നേഹിതരുമൊത്ത് ദൈവാലയമദ്ധ്യത്തിൽ കമഴ്ന്നുകിടന്നു - ജഡികാഭിലാഷങ്ങളെയെല്ലാം സ്വമനസ്സാ പരിത്യജിക്കുന്നെന്ന്, എന്നെത്തന്നെ പൂർണ്ണമായി വെറുക്കുന്നെന്ന്, പരസ്യമായി പ്രഖ്യാപനം ചെയ്യുവാൻ. . . . അവിടെ അങ്ങനെ കിടന്നുകൊണ്ട്, സ്വർഗ്ഗത്തിലേ സൗഭാഗ്യവാന്മാരായ എല്ലാ നിവാസികളേയും ഞാൻ ക്ഷണിച്ചു, എൻെറ ഈ വ്രത വാഗ്ദാനത്തിനു സാക്ഷി നിൽക്കുവാൻ; എനിക്കു ലഭിക്കുവാൻ പോകുന്ന മഹനീയസ്ഥാനത്തിൽ എന്നോടുകൂടി ആനന്ദിക്കുവാൻ, അതിൻെറ ദാതാവായ നല്ല ദൈവത്തിനു കൃതജ്ഞതാസ്തോത്രം ആലപിക്കുവാൻ, എനിക്കാവശ്യകമായ പ്രത്യേക കൃപാവരങ്ങൾ ലഭിച്ചു തരുവാൻ. . .

നിർണ്ണായകമായ ആ മുഹൂർത്തം സമാഗതമായി!! എൻെറ പേരു് ആരോ വിളിച്ചു. ഞാൻ എഴുന്നേററു മുമ്പോട്ടു നീങ്ങി. കത്തിയെരിഞ്ഞുകൊണ്ടിരുന്ന മെഴുകുതിരികളുടെ നേരിയവെളിച്ചത്താൽ പ്രകാശിതമായിരിക്കുന്ന അൽത്താരയ്ക്കു സമീപം, വിശുദ്ധ വസ്ത്ര വിഭൂഷിതനായി, അധികാര ചിഹ്നങ്ങളോടുകൂടി രാജകീയ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന വൈദിക ശ്രേഷ്ഠൻെറ പാദസവിധത്തിൽ ഞാൻ ചെന്നു മുട്ടുകുത്തി. അദ്ദേഹം എഴുന്നേററു നിന്നു. ജനാവലി നിർന്നിമേഷരായി നിലകൊണ്ടു. തൻെറ ഇരുകരങ്ങളും എൻെറ തലയിൽ വച്ചുകൊണ്ട് മെത്രാൻ പ്രാർത്ഥിച്ചു, പരിശുദ്ധാത്മാവിൻെറ ആഗമനത്തിനായി. ഞാൻ കണ്ണുകളടച്ച് മുട്ടിന്മേൽ ത

ന്നെ നിന്നു. സ്വർഗ്ഗകവാടം തുറക്കപ്പെടുന്നതുപോലെ എനിക്കു തോന്നി. പരിശുദ്ധാത്മാവു പറന്നിറങ്ങി, എന്നിൽ ആവസിച്ചു. തന്റെ. നിഗൂഢമുദ്ര – പൗരോഹിത്യമുദ്ര – അപ്രമാർജ്ജ്യമായി എന്നിൽ അവിടുന്നു പതിച്ചു. ദിവ്യനാഥൻ സുസ്മേരവദനനായി എന്നോടരുൾ ചെയ്തു. "നിന്നെ ഞാനാണു തിരഞ്ഞെടുത്തത് മെൽക്കിസദെക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനായിരിക്കുവാൻ." നിത്യപിതാവ് സ്നേഹപുരസ്സരം എന്നെ കടാക്ഷിച്ചുകൊണ്ടു തിരുവാമൊഴിഞ്ഞു, "നീ എന്റെ പ്രിയപുത്രൻ; നിന്നെ ഇന്നു ഞാൻ ജനിപ്പിച്ചു." സ്വർഗ്ഗീയജനനി എന്നെ നോക്കി ആനന്ദബാഷ്പം പൊഴിക്കുന്നുണ്ടായിരുന്നു. സ്വർഗ്ഗവാസികൾ എന്റെ മഹാഭാഗ്യത്തിൽ ആശ്ചര്യസ്തബ്ധരായി അവിടെ നിൽക്കുന്നുണ്ടായിരുന്നു. . . . ഞാൻ – പാപിയായ ഞാൻ – അത്യുന്നതന്റെ നിത്യ പുരോഹിതൻ!!

ആരുടേയോ നിർദ്ദേശപ്രകാരം എന്റെ കരങ്ങൾ ഞാൻ നിവർത്തിപ്പിടിച്ചു. വൈദികശ്രേഷ്ഠൻ വിശുദ്ധ തൈലത്താൽ അവയെ പൂശി. ശുഭ്രവസ്ത്രത്താൽ അവ ബന്ധിതങ്ങളുമായി. . . ദൈവ ശുശ്രൂഷയ്ക്കായി അവ പ്രതിഷ്ഠിതങ്ങളായിക്കഴിഞ്ഞു. ഇന്നുമുതൽ പാവനങ്ങളും വിശുദ്ധങ്ങളുമാണ് അവ. ഇന്നുമുതൽ വിശ്വകടാഹത്തിന്റെ നിയന്താവ് അവയിൽ സന്നിധി ചെയ്യും. പാപശൃംഖലകളെ അവ തല്ലിത്തകർക്കും; ആത്മാക്കളെ പവിത്രീകരിക്കും; വൈവാഹിക ബന്ധത്തെ ആശീർവ്വദിക്കും – എന്റെ ബലഹീനങ്ങളായ കരങ്ങൾ!!

## നാളെ!

നാളെ "ഞാൻ അത്യുന്നതന്റെ അൾത്താരയിലേക്കു പ്രവേശിക്കും – എന്റെ യൗവനത്തെ ആനന്ദിപ്പിച്ച ആ ദൈവത്തിന്റെ അൾത്താരയിലേക്ക്." അവിടെ എന്റെ ബന്ധുമിത്രാദികളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു ഞാൻ നവപൂജയർപ്പിക്കും. . .നാളെ, എന്റെ ബലഹീനങ്ങളായ അധരങ്ങൾ ലോകസ്രഷ്ടാവിനെ, അത്യുന്നതങ്ങളിൽ നിന്ന്

അൾത്താരയിലേക്ക് അവരോഹണം ചെയ്യിക്കും. . .അവിടുന്ന് എൻ്റെ ആജ്ഞയെ അനുസരിക്കും.! വിറകൊള്ളുന്നതെങ്കിലും വിശുദ്ധ തൈലത്താൽ ഇപ്പോഴും നനഞ്ഞിരിക്കുന്ന ആ കരങ്ങളിൽ നാളെ അവിടുന്ന് സ്ഥിതി ചെയ്യും.! സ്വർഗ്ഗീയകാന്തിപൂരം നാലുപാടും വിതറുന്ന സ്വർഗ്ഗാധിനാഥൻ്റെ പ്രഭാപ്രസരിതമായ സുന്ദരവദനം നാളെ എൻ്റെ ദുർബലങ്ങളായ നയനങ്ങൾക്കു വിഷയീഭവിക്കും. . . . ബാല്യത്തിലെ എൻ്റെ പ്രത്യാശകൾ നാളെ സഫലീകൃതമാകും. — 'അങ്ങയെ കരങ്ങളിലെടുക്കുവാനും, ആ ഓമനമുഖത്ത് ചുംബനങ്ങളർപ്പിക്കുവാനുമുള്ള ആഗ്രഹം.' . . . ഒടുവിൽ, ഞാൻ അവിടുത്തെ ഉൾക്കൊള്ളും. ഞങ്ങൾ തമ്മിൽ യോജിക്കും; അവിഭാജ്യമായി ഏകീഭവിക്കും. ഒരു തുള്ളി വെള്ളം സമുദ്രത്തിലെന്നതുപോലെ ഞാൻ അങ്ങിൽ ലയിക്കും. ഞങ്ങൾ ജീവിക്കും — അഥവാ, ഈശോമാത്രം ജീവിക്കും; ഞാൻ എന്നെന്നേക്കുമായി അപ്രത്യക്ഷനാകും. . . നാളെ . . . .നാളെ!

# അനുബന്ധം

## വൈദികന്മാർക്കുവേണ്ടി

വൈദികരുടെ സ്ഥാനൗന്നത്യത്തെപ്പററി, അധികാരപാരമ്യത്തെപ്പററി, അവരുടെ മഹനീയങ്ങളായ കർത്തവ്യങ്ങളെപ്പററി ചെറുപ്പത്തിലേതന്നെ വി. ചെറുപുഷ്പം പഠിച്ചിട്ടുണ്ടായിരുന്നു. ഇവയിൽ നിന്നെല്ലാം അവൾ ന്യായമായി അനുമാനിച്ചു വൈദികന്മാരെല്ലാം അമാനുഷികരായിരിക്കുമെന്ന്; ഉടലെടുത്ത വാനദൂതന്മാരായിരിക്കുമെന്ന്; സുകൃത ജീവിതത്തിൻെറ ഉത്തമ മാതൃകകളായിരിക്കുമെന്ന്. എന്നാൽ, അവൾക്കധികം കാത്തിരിക്കേണ്ടിവന്നില്ല; വൈദികന്മാരെപ്പററിയുള്ള തൻെറ ധാരണ അത്ര വാസ്തവമല്ലെന്നു ഗ്രഹിക്കുവാൻ; സ്ഥാനൗന്നത്യത്തിൽ അവർ ദൈവദൂതന്മാരേക്കാൾ ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിലും, അധികാര പാരമ്യത്തിൽ ദൈവമാതാവിനെ ഉല്ലംഘിക്കുന്നുണ്ടെങ്കിലും, അത്യുന്നതൻെറ സർവ്വശക്തത അവരിൽ കുടികൊള്ളുന്നുണ്ടെങ്കിലും അവർ കേവലം മനുഷ്യരാണെന്ന്, ബലഹീനരായ മനുഷ്യരാണെന്ന്, ആദത്തിൻെറ സന്തതികളാണെന്ന് അവൾ ഗ്രഹിച്ചു. സങ്കടത്തോടുകൂടിയാണെങ്കിലും ഈ സ്ഥിതിയിൽ ജീവിക്കുന്നതിനും കർത്തവ്യങ്ങളനുഷ്ഠിക്കുന്നതിനും വൈദികന്മാർക്കാവശ്യകമായ ദൈവാനുഗ്രഹം, പ്രത്യേക കൃപാവരം എത്രമാത്രമെന്ന് അവൾക്ക് മനസ്സിലായി. അവരെ സഹായിക്കേണ്ടതു തൻെറ ചുമതലയാണെന്ന് അവൾക്കു ബോധപ്പെട്ടു. തന്മൂലം നമുക്കു വൈദികന്മാർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്യാം എന്നുള്ള സമരാഹ്വാനത്തോടുകൂടി അവൾ ഉന്നതമായ ആശ്രമഭിത്തികൾക്കുള്ളിൽ മറഞ്ഞു; പ്രാർത്ഥനയിലും തപോ/നുഷ്ഠാനത്തിലും അനുസ്യൂതമായ രക്തസാക്ഷിത്വത്തിലും ദിവസങ്ങൾ കടത്തിവിട്ടു; ഒടുവിൽ സ്വജീവനെത്തന്നെ സ്നേഹബലിയായി അർപ്പിച്ചു.

വൈദികന്മാരുടെ വിശുദ്ധീകരണം അവൾ എത്ര തീവ്രമായി ആഗ്രഹിച്ചിരുന്നുവെന്നുള്ളതു് അവളുടെ ചില എഴുത്തുകൾ സ്പഷ്ടമാക്കുന്നുണ്ട്. സ്വസഹോദരിയായ സെലിന്നു് അവൾ എഴുതി. "പ്രിയ സെലിൻ ഓമനേ, നമുക്കു വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്യാം. . . ."

ഈ വിശുദ്ധയെ അനുകരിച്ചു് വൈദികരുടെ വിശുദ്ധീകരണത്തിനായി ആത്മാർപ്പണം ചെയ്തിട്ടുള്ള വീരാത്മാക്കൾ കുറച്ചൊന്നുമല്ല. തന്റെ ഉത്തരവാദിത്വമേറിയ കർത്തവ്യങ്ങളെക്കുറിച്ചു്, ഉന്നതമായ സ്ഥാന പദവിയെക്കുറിച്ചു് ഭയചകിതനാകുന്ന വൈദികനു് ഈ സ്മരണ എത്ര വിശ്വാസപ്രദമാണ്!

വൈദികന്മാർ നന്നാകുവാനെന്ന നാട്യത്തിൽ വൈദിക വിദ്വേഷം വാരിവിതയ്ക്കുന്നവർ, പാവപ്പെട്ട വൈദികന്മാർക്കായി, തങ്ങളുടെ "മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവു"മായ വൈദിക സഹോദരന്മാർക്കുവേണ്ടി ഒരിക്കലെങ്കിലും പ്രാർത്ഥിച്ചിട്ടുണ്ടോ?! ഒരു തുള്ളി കണ്ണുനീരെങ്കിലും ചിന്തിയിട്ടുണ്ടോ? നിസ്സാരമായ ഒരു പരിത്യാഗമെങ്കിലും അനുഷ്ഠിച്ചിട്ടുണ്ടോയെന്നു് മനഃപരിശോധന ചെയ്തു നോക്കട്ടെ! വൈദികന്മാർ നന്നാകണമെന്നു് ഹൃദയംഗമമായി അവർ ആഗ്രഹിക്കുന്നെങ്കിൽ — മിക്കപ്പോഴും ആ സദുദ്ദേശ്യത്തോടുകൂടിയല്ല അവർ വൈദികന്മാരെ കുററം പറയുന്നതു് — ഏതൽകാര്യ സിദ്ധിക്കായി അനുദിനം പ്രാർത്ഥിക്കട്ടെ; ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്യട്ടെ.

വൈദികന്മാരുടെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കുവാൻ ആണ്ടുവട്ടത്തിൽ ചില ദിവസങ്ങൾ തിരുസ്സഭ തന്നെ നിശ്ചയിച്ചിട്ടുണ്ട്. 'ചതുഷ്കാലം' എന്നറിയപ്പെടുന്ന ആ ദിവസങ്ങളിൽ വൈദിക വിശുദ്ധീകരണത്തിനായി വിശ്വാസികൾ പ്രാർത്ഥിക്കണമെന്നു തിരുസ്സഭ ആരംഭകാലംമുതൽതന്നെ അവരോടു് ഉപദേശിച്ചിരുന്നു. x x x

"നമ്മുടെ ദൈവവിളി എത്ര മഹനീയം" വി. ചെറുപുഷ്പം ആശ്ചര്യോദ്ഘോഷം ചെയ്യുന്നു. "വൈദിക

നമാക്കു വേണ്ടി പ്രാത്ഥിക്കുക — അപ്പസ്തോലന്മാരുടെ അപ്പസ്തോലന്മാരായിത്തീരുക. ലോകത്തെ ചീച്ചിലിൽ നിന്നു രക്ഷിക്കുവാനുള്ള ഉപ്പിൻെറ ഉറ കെടാതെ സൂക്ഷിക്കുക —അന്ധകാര നിബിഡമായ ഈ ലോകത്തെ പ്രകാശിപ്പിക്കേണ്ട "വെളിച്ചം" മങ്ങിപ്പോകാതെ സൂക്ഷിക്കുക — ഇതത്രേ നമ്മുടെ കത്തവ്യം." x x x

"വൈദികന്മാൎക്കു വേണ്ടിയുള്ള പ്രാത്ഥനകളും പരിത്യാഗങ്ങളുംപോലെ സ്വർഗ്ഗത്തിൽ പിതാവായ ദൈവവും ഭൂമിയിൽ നാമും ഇത്രയാഗ്രഹിക്കുന്ന മറെറാന്നില്ല. സുകൃതികളായ വൈദികന്മാരെ ലഭിക്കുന്നതിനായി നമുക്കു ദൈവത്തോടു പ്രാത്ഥിക്കാം. ഈ മഹാനുഗ്രഹം നമുക്കുണ്ടെങ്കിൽ, മററുള്ളതെല്ലാം നമുക്കുണ്ട്. ഇതില്ലെങ്കിൽ മററുള്ളതെല്ലാം ഉപയോഗശൂന്യമാണ്." (പതിനൊന്നാം പീയൂസ്)

"സുകൃതവാനായ ഒരു വൈദികൻ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു മഹനീയ ദാനമാണെങ്കിൽ, വൈദികവിശുദ്ധീകരണത്തിനായുള്ള വിശ്വാസികളുടെ പരിശ്രമം — പ്രാത്ഥനയും പരിത്യാഗവും മൂലമുള്ള പരിശ്രമം — സ്വൎഗ്ഗത്തിലേക്കു ഭൂമിയിൽനിന്നു നൽകാവുന്ന ഏററം ഉൽകൃഷ്ടമായ സമ്മാനമാണ്." (Dr. Nicholas Bares)

ഏതാദൃശ ചിന്തകളാലാണ് "വൈദികന്മാൎക്കുവേണ്ടിയുള്ള ശനിയാഴ്ച"യെന്ന ഭക്ത്യനുഷ്ഠാനം 1934 — ൽ സമാരബ്ധമായതു്. ഈ പ്രേഷിത പരിശ്രമത്തെപ്പററി പരിശുദ്ധ പിതാവു പതിനൊന്നാംപീയൂസു തിരുമേനി കല്പിച്ചരുളിച്ചെയ്യുന്നു. "ഈ മഹനീയ ജോലിയെ നാം ഹൃദയംഗമമായി അഭിനന്ദിക്കുകയും ആശീൎവ്വദിക്കുകയും ചെയ്യുന്നു. ഇതു നമ്മെ അത്യധികം ആനന്ദിപ്പിക്കുന്നു; ഹൃദയംഗമമായി നാം ഇതിനെ പ്രശംസിക്കുകയും ആശീൎവ്വദിക്കുകയും ചെയ്യുന്നു..."

വൈദികന്മാൎക്കുവേണ്ടി ഒരു ശനിയാഴ്ചയോ എന്താണിതിൻെറ അത്ഥം? എല്ലാ ആദ്യശനിയാഴ്ചകളും വൈദിക വിശുദ്ധീകരണത്തിനായി സമൎപ്പിക്കാമെന്ന് ഒ

രു നിശ്ചയമെടുക്കണം. ആ ദിവസത്തേ ഭക്തികൃത്യങ്ങളെല്ലാം – ദിവ്യകാരുണ്യസ്വീകരണം, കുർബാന കാണൽ, തുടങ്ങിയവ – മററ് ദിനകൃത്യങ്ങളും, ദുഃഖദുരിതങ്ങളുമെല്ലാം – പരിശുദ്ധ കന്യകയുടെ വിമലഹൃദയംവഴി, അന്നേ ദിവസം ലോകമാസകലം അപ്പിക്കപ്പെടുന്ന ദിവ്യ ബലികളോടൊന്നിച്ച നിത്യപിതാവിനു സമപ്പിക്കുക, വൈദിക വിശുദ്ധീകരണത്തിനായി. ഏതെങ്കിലും കാരണത്താൽ ദിവ്യകാരുണ്യ സ്വീകരണവും മററും അന്നു സാധിച്ചില്ലെങ്കിൽ പിറേറ ഞായറാഴ്ച അവ ചെയ്യുക.

പരിശുദ്ധപിതാവ് ഈ പ്രേഷിതവൃത്തിയിൽ എന്തുമാത്രം സംപ്രീതനായി എന്നു നാം കണ്ടുകഴിഞ്ഞു. എല്ലാമെത്രാന്മാരും വൈദികന്മാരും ഹൃദയംഗമമായി അഭിലഷിക്കുന്ന ഒന്നാണ് ഇത്. അവരെല്ലാം – ഓരോരുത്തരും – വിശ്വാസികളോടിക്കാര്യം അഭ്യർത്ഥിക്കുന്നു. വൈദിക വിശുദ്ധീകരണത്തിനായുള്ള ഈ ശ്രമം ദൈവ രക്ഷകൻേറയും അവിടുത്തേ ദിവ്യമാതാവിൻേറയും സ്വന്ത കാര്യമാണെന്നും നാം അനുസ്മരിക്കണം.

വൈദികന്മാരും വിശ്വാസികളും തമ്മിലുള്ള ബന്ധത്തെ ഈ ഭക്താഭ്യാസം ദൃഢതരമാക്കുന്നു. വൈദികൻേറ രക്ഷാകരങ്ങളായ കൃത്യങ്ങളിൽ സജീവമായി ഭാഗഭാക്കുകളാകുവാൻ അൽമായക്കും സൗകര്യം ലഭിക്കുന്നു.

പ്രേഷിതവൃത്തിയിൽ സജീവമായി സഹകരിക്കുവാൻപ്രതികൂലസാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം സാധിക്കാത്ത രോഗികൾക്കും മററും ശ്രേഷ്ഠമായ ഒരു പ്രേഷിതരംഗം ലബ്ധമാകുന്നു. തങ്ങളുടെ ദുസ്സഹമായ ഏകാന്തതയും രോഗവശാലുള്ള ദുരിതങ്ങളും ഉൽകൃഷ്ടമായ ഒരു ഉദ്ദേശ്യത്തിനായി സമപ്പിച്ച് അവയെ വിശുദ്ധീകരിക്കുവാൻ അവക്കു സൗകര്യം ലഭിക്കുന്നു.

പൗരോഹിത്യത്തിനുള്ള ദൈവവിളി വദ്ധമാനവും സുസ്ഥിരവുമാകുവാൻ ഈ അനുഷ്ഠാനം ഇടയാക്കുന്നു. വൈദികന്മാരുടെ വിശുദ്ധീകരണത്തിനായി പ്രാത്ഥിക്കുകയും പരിത്യാഗങ്ങളനുഷ്ഠിക്കുകയും ചെയ്യുന്ന മാതാക്ക

ളുടെ ഹൃദയങ്ങളിൽനിന്നു സ്വാഭാവികമായി ഉയൻപൊങ്ങുന്ന ഒരു പ്രാർത്ഥനയുണ്ട്: "ഹാ! ഒരു വൈദികൻെറ മാതാവാകുവാനുള്ള ഭാഗ്യം എനിക്കു കൈവന്നിരുന്നെങ്കിൽ!" ഈ മന:സ്ഥിതിയുടെ അഭിലഷണീയമായ അനന്തര ഫലമെന്താണെന്നു പ്രത്യേകം പറയേണ്ട കാൎയ്യമില്ലല്ലോ. തങ്ങളുടെ സന്താനങ്ങൾക്കു ദൈവവിളി ലഭിക്കുന്നതിനായി, ആ മാതാക്കൾ പ്രാൎത്ഥിക്കും; വൈദികവൃത്തിയോടുള്ള അഭിനിവേശം അവരിൽ അങ്കുരിപ്പിക്കുന്നതിനായി, സുകൃതികളായി അവരെ വളൎത്തിക്കൊണ്ടു വരുന്നതിനായി അവർ പരിശ്രമിക്കും.

"പ്രേഷിതന്മാക്കുവേണ്ടിയുള്ള ഈ പ്രേഷിതവൃത്തി"യിൽ ഭാഗഭാക്കാകുവാൻ സൗകൎയ്യം ലഭിക്കുന്നതു് ഒരു വലിയ ബഹുമതിതന്നെയല്ലയോ? ദിവ്യരക്ഷകനു് ഇതിനേക്കാൾ പ്രീതിജനകമായ മറെറന്തു കൃത്യമുണ്ടു്? തൻെറ പ്രതിനിധികൾക്കുവേണ്ടി ചെയ്യുന്ന ഈ ഉപകാരത്തിനു് അവിടുന്നു് ഔദാൎയ്യത്തോടേതന്നെ പ്രതിഫലം നല്കും.

ഈശോയുടെ പ്രത്യേക സ്നേഹിതരായ കുഞ്ഞുങ്ങൾ ഈ പ്രേഷിതവൃത്തിയിൽ ഊൎജ്ജസ്വലതയോടേ പങ്കെടുക്കട്ടെ! അനുദിനം വൎദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഭക്തിതീക്ഷ്ണതയോടേ ഈ ഉദ്ദേശ്യസിദ്ധിക്കായി അവർ പ്രയത്നിക്കട്ടെ! നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ പ്രാൎത്ഥനയ്ക്കു പ്രത്യേകമായ ശക്തിവിശേഷമുണ്ടെന്നുള്ള കാൎയ്യം അവരെ ഇക്കാൎയ്യത്തിൽ പ്രത്യേകം പ്രോത്സാഹിപ്പിക്കട്ടെ!

N. B. മാസാദ്യശനിയാഴ്ച പട്ടക്കാൎക്കും മററു വൈദികശുശ്രൂഷകൎക്കും വേണ്ടി കുർബാന കാണുകയും കമ്പസാരിച്ചു വി. കുർബാന ഉൾക്കൊള്ളുകയും അന്നത്തെ മററു പ്രാൎത്ഥനകളും സൽപ്രവൃത്തികളും കാഴ്ചവസ്തുകയും പരിശുദ്ധപിതാവിൻെറ നിയോഗപ്രകാരം പ്രാൎത്ഥിക്കുകയും ചെയ്താൽ പൂൎണ്ണദണ്ഡവിമോചനം പ്രാപിക്കാം. (Racc. 612)

## പട്ടക്കാക്കവേണ്ടിയുള്ള അപേക്ഷ

നിത്യപുരോഹിതനായ, ഈശോയേ നിൻെറ ദാസന്മാരായ പട്ടക്കാൎക്ക യാതൊരു ആപത്തും വരാതെ നിൻെറ ഹൃദയത്തിൽ അവൎക്കഭയം നല്കേണമേ. നിൻെറ പരിശുദ്ധമായ ശരീരത്തെ ദിവസം തോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങളെ മലിനമാകാതെ കാക്കേണമേ. നിൻെറ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിൎമ്മലമായി കാത്തുകൊള്ളേണമേ. ശ്രേഷ്ഠമായ നിൻെറ പൗരോഹിത്യത്തിൻെറ മഹനീയമുദ്ര പതിഞ്ഞിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽനിന്ന് നീ അകററുകയും ശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമേ. നിൻെറ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽനിന്നു സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും, പരത്തിൽ അവൎക്ക നിത്യസൗഭാഗ്യത്തിൻെറ മകുടവും ആയിത്തീരട്ടെ, ആമ്മേൻ.

൨൦൦ ദി. ദ. വി.

"ലോകരക്ഷകനായ ഈശോയേ, നിൻെറ പുരോഹിതരേയും വൈദിക ശുശ്രൂഷകരേയും ശുദ്ധീകരിക്കണമേ.

(൩൦൦ ദി. ദ. വി. Raccolta 611

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M200 *Acc. No.* 14175

This book should be returned on or before date last stamped below.

M200 14175

[illegible]ണലി

നിത്യപുരോഹിതൻ.

KOTTAYAM PUBLIC LIBRARY

Call No. M200  Acc. No. 14175

uthor: മണലി

e: തിരുപ്പുരോഹിതൻ.